**എഡിറ്റോറിയൽ**

# സുപ്രധാന സത്യം



**ദൈ**വത്തെ സംബന്ധിച്ച് ബൈബിളിൽ നിന്നു താങ്കൾ പഠിച്ച ഏറ്റവും പ്രധാനസത്യം എന്താണ്?

ഈ ചോദ്യത്തിനു നിങ്ങളുടെ മറുപടി എന്തായിരിക്കും?

ചോദ്യം എന്നോടാണെങ്കിൽ എനിക്കു മറുപടിയായി ഉദ്ധരിക്കാനുള്ളതു മറിയയുടെ പാട്ടിലെ രണ്ടുവരികളാണ്.

"അവിടുന്നു ശക്തന്മാരെ സിംഹാസനത്തിൽ നിന്നു
മറിച്ചിട്ടു; എളിയവരെ ഉയർത്തി.
വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ചു; സമ്പന്നരെ
വെറും കൈയോടെ പറഞ്ഞയച്ചു."

ഉവ്വ്, ദൈവത്തിന് ഒരു പക്ഷപാതിത്വം ഉണ്ട്- അവിടുന്ന് എളിയവരുടെ, ദുർബലരുടെ, ഭാഗത്താണ്. അവിടുന്ന് മാനുഷിക ശക്തിക്ക്, മനുഷ്യന്റെ സ്വാഭാവിക ബലത്തിന് എതിരാണ്.

ഈ സത്യം നമുക്കൊരു വെളിപ്പാടായി ലഭിക്കുമെങ്കിൽ അതു നമ്മുടെ കാഴ്ചപ്പാടിനെ നവീകരിക്കും. നമ്മുടെ ജീവിതത്തെ തന്നെ വ്യത്യാസപ്പെടുത്തും.

പുതിയ നിയമത്തിൽ രണ്ട് അപ്പോസ്തലന്മാർ രണ്ടു ലേഖനങ്ങളിൽ ഒരേപോലെ പറഞ്ഞിരിക്കുന്ന ഒരു വചനം ഇങ്ങനെ: "ദൈവം നിഗളികളോട് എതിർത്തുനില്ക്കയും താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു" (യാക്കോബ് 4:6; 1 പത്രോസ് 5:5). നോക്കുക: ദൈവം വ്യക്തമായും താഴ്മയുള്ളവരോടൊപ്പമാണ്; മാനുഷികമായ കരുത്തിന്റേയും പ്രശംസയുടേയും നിഗളത്തിന്റെയും എതിർചേരിയിലാണ്. ഇതു വ്യക്തമാക്കുന്ന പല സംഭവങ്ങൾ ബൈബിളിൽ നിന്നു വിവരിക്കാനുണ്ടെങ്കിലും ദാനിയേൽ പ്രവചനത്തിലെ നെബൂക്കദ്നേസറിന്റെ അനുഭവം നല്ല ഒരു ഉദാഹരണമാണ്. നെബൂക്കദ്നേസർ രാജാവ് ബാബേലിലെ രാജമന്ദിരത്തിൽ ഉലാവിക്കൊണ്ട് "ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിനായിട്ടു...പണിത മഹതിയാം ബാബേൽ അല്ലയോ" എന്നു പറഞ്ഞപ്പോൾ തന്നെ ദൈവം അവനെ ന്യായംവിധിച്ചു മനുഷ്യരുടെ ഇടയിൽനിന്നു മാറ്റിക്കളഞ്ഞതും അവൻ സുബോധം നഷ്ടപ്പെട്ട് കാളയെപ്പോലെ പുല്ലുതിന്നു നടന്നതും നടുക്കത്തോടെയല്ലാതെ നമുക്കു വായിക്കാനാവില്ല. (ദാനിയേൽ നാലാം അധ്യായം) അതിനുശേഷം നെബൂക്കദ്നേസർ ദൈവമുൻപാകെ സ്വയം താഴ്ത്തിയപ്പോൾ ദൈവം അവനു രാജത്വം തിരിച്ചു നൽകി. അതേ, 'ദൈവം നിഗളികളോട് എതിർത്തുനില്ക്കുന്നു. താഴ്മയുള്ളവർക്കു കൃപ നൽകുന്നു.'

പഴയനിയമത്തിൽ തന്നെ യാക്കോബിന്റേയും മോശെയുടേയും അനുഭവങ്ങൾ നോക്കുക: അനുഗ്രഹങ്ങൾ തട്ടിയെടുക്കാൻ ഉപായങ്ങളുമായി നീങ്ങിയ യാക്കോബിന്റെ സ്വന്തബലം തകർത്തശേഷം മാത്രമേ അവനെ ദൈവം 'യിസ്രായേൽ' എന്ന പുതിയ വിളിപ്പേരു നൽകി അനുഗ്രഹിക്കുന്നുള്ളു. 'മിസ്രയീമ്യരുടെ സകലജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും ശക്തനായിത്തീർന്ന' മോശെയെ നാല്പതു വർഷം നുറക്കത്തിലൂടെ നടത്തി സ്വയബലത്തിന്റെ നെല്ലിപ്പലകയിലെത്തിച്ചിട്ടാണ് ദൈവം അവനെ ഉപയോഗിക്കുന്നത്.

പുതിയ നിയമ അപ്പോസ്തലനായ പൗലൊസിന്റെ അനുഭവവും വ്യത്യസ്തമല്ല. ആത്മീയശുശ്രൂഷയിലെ നേട്ടങ്ങൾ തന്നെ അദ്ദേഹത്തിന് ഒരു സ്വയബലമായിത്തീരാനുള്ള സാധ്യതയുണ്ടായിരുന്നു. അതു പൗലൊസിനെ വലിയൊരു അപകടത്തിന്റെ വക്കിലെത്തിച്ചു. ബലവാനായിത്തീർന്ന് ദൈവത്തിന്റെ എതിർ ചേരിയിൽ ആയിപ്പോകാനുള്ള സാധ്യത പൗലൊസിനുണ്ടെന്നു കണ്ട് ദൈവം അവനെ ദുർബലനാക്കാൻ ജഡത്തിൽ അവനൊരു ശൂലം അനുവദിക്കുന്നു. പൗലൊസ് ഒടുവിൽ അതംഗീകരിച്ച് ദൈവത്തിനു പൂർണമായി കീഴ്പ്പെടുന്നു. ഫലം അവന് ദൈവകൃപ ധാരാളമായി ലഭിക്കുന്നു. കൃപ അവനെ സംബന്ധിച്ചിടത്തോളം ദൈവികശക്തിയായിരുന്നു. തന്റെ സ്വാഭാവികമായ ബലഹീനതയിലാണു ദൈവത്തിന്റെ ശക്തി തികഞ്ഞു വരുന്നതെന്ന് അങ്ങനെ പൗലൊസ് മനസ്സിലാക്കി. "ഞാൻ ബലഹീനനായിരിക്കുമ്പോഴാണു ശക്തനായിരിക്കുന്നതെന്ന്" പൗലൊസ് കണ്ടെത്തി.

മാനുഷികശക്തിയിൽ നിന്നു പ്രതികരിക്കാതെ നിസ്സഹായതയുടെ ഒരു ആൾരൂപം പോലെയല്ലേ യേശുവും ക്രൂശിലേക്കു നടന്നു പോയത്? ഹേരോദാവിന്റെ മുൻപാകെ വിസ്തരിക്കപ്പെട്ടപ്പോൾ സ്വന്തനിലപാട് സമർത്ഥമായി ന്യായീകരിക്കാൻ യേശുവിനു കഴിയുമായിരുന്നു. പക്ഷേ അവിടുന്ന് ഒന്നും മിണ്ടാതെ തീർത്തും ബലഹീനനെപ്പോലെ നിന്നത് ഓർക്കുക. പീലാത്തോസിന്റെ അടുത്തു നിന്ന് ഹേറോരോദാവിന്റെ അടുക്കലേക്ക്. അവിടെ അപമാനത്തിനു വിധേയനായ ശേഷം വീണ്ടും പീലാത്തോസിന്റെ അരമനയിലേക്ക്. വലിയവരുടേയും ശക്തരുടേയും ഈ അധികാരത്തിന്റെ കളിക്കിടയിൽ ഒന്നും മിണ്ടാതെ ഒന്നും പ്രവർത്തിക്കാതെ ചതുരംഗക്കളത്തിലെ ഒരു കരു പോലെ മറ്റുള്ളവർക്കു തട്ടിക്കളിക്കാനായി യേശു സ്വയം വിട്ടുകൊടുത്തത് എന്തിനാണ്? ദൈവം അശക്തരുടെ പക്ഷത്താണെന്ന ബോധ്യമുള്ളതുകൊണ്ടാണ് അവിടുന്ന് അങ്ങനെ ചെയ്തത്. (യേശുവിന്റെ നിസ്സഹായമായ ഈ നില്പ്, നിരീശ്വരവാദിയും 'കരുത്തുകാട്ടി അതിജീവിക്കണം' എന്ന ആശയത്തിന്റെ പ്രണേതാവുമായ ഫ്രെഡറിക് നീഷേയെ കുറച്ചൊന്നുമല്ല ചൊടിപ്പിച്ചത്. യേശുവിന്റെ ഈ നിലപാടിനെ മടയത്തരമെന്നു വിവരിക്കുകയും യേശുവിനെ 'വിഡ്ഢി' എന്നു വിളിക്കുവാനുള്ള ധിക്കാരം കാണിക്കുകയും ചെയ്തു നീഷേ. അയാളുടെ മരണശേഷം നീഷേയുടെ സഹോദരി ലേഖനത്തിൽ നിന്ന് ആ വാക്ക് എഡിറ്റ് ചെയ്തു മാറ്റുകയാണുണ്ടായത്.!)

ഒറ്റപ്പെടുത്തപ്പെടുന്നവരോട്, 'കറുത്ത ആടാ'യി മാറ്റിനിർത്തപ്പെടുന്നവരോട് ദൈവത്തിനുള്ള പക്ഷപാതിത്വം യേശുവിന്റെ പ്രവർത്തനങ്ങളിലുടനീളം കാണാം. സുവിശേഷങ്ങളിലെ അത്തരം രംഗങ്ങൾ നമുക്കു സുപരിചിതമാണ്. എന്നാൽ ത്രിത്വത്തിൽ രണ്ടാമനായ കർത്താവ് ആദ്യം ബൈബിളിൽ പ്രത്യക്ഷപ്പെടുന്നതുതന്നെ അത്തരം ഒരു സാഹചര്യത്തിലാണെന്നു നാം മനസ്സിലാക്കിയിട്ടുണ്ടോ? ഉല്പത്തി 16-ാം അധ്യായത്തിലാണത്.അവിടെ സാറായിയുടെ ഈജിപ്റ്റുകാരിയായ ദാസി യജമാനത്തിയാൽ പരിത്യക്തയായി മരുഭൂമിയിലേക്ക് ഓടിപ്പോകുമ്പോൾ അവളെ എതിരേറ്റ് ആശ്വസിപ്പിക്കുന്ന ദൂതൻ യേശുകർത്താവാണ്. (മലാഖി 3:1 ലെ ദൂതനെന്ന പ്രയോഗത്തോട് ചേർത്തും ദൂതൻ എന്നവാക്കിനു മുമ്പിൽ ഇംഗ്ലീഷിൽ ഉപയോഗിച്ചിരിക്കുന്ന The എന്ന ഡഫനിറ്റ് ആർക്കിളിന്റെ പ്രാധാന്യം വിവരിച്ചും ഉല്പത്തി 16:7-ൽ കാണുന്ന ദൂതൻ യേശുക്രിസ്തു തന്നെയാണെന്നു വേദപണ്ഡിതന്മാർ സമർത്ഥിക്കുന്നു. മാത്രമല്ല അത് യേശുവിന്റെ ആദ്യപ്രത്യക്ഷതയാണെന്നും അവർ വിവരിക്കുന്നു). അങ്ങനെയെങ്കിൽ ഇത് എത്രയോ അത്ഭുതകരമായ സത്യമാണ്! പീഡിപ്പിക്കപ്പെടുന്ന, നിസ്സഹായായ അന്യജാതിക്കാരിയായ ഒരു ദാസിയുടെ കണ്ണുനീരുകണ്ട് അവളെ ആശ്വസിപ്പിക്കാനും അനുഗ്രഹിക്കാനുമായി ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാൻതന്നെ സ്വർഗ്ഗത്തിൽ നിന്ന്

(ശേഷം പേജ് 42 ൽ)

സന്ദേശം

# ഞാൻ പഠിച്ച ചില സുപ്രധാന സത്യങ്ങൾ

സാക്പുന്നൻ

**വീ**ണ്ടും ജനിച്ച ഒരു ക്രിസ്ത്യാനിയായി ജീവിച്ച കഴിഞ്ഞ നാല്പതു വർഷങ്ങൾ കൊണ്ട് ഞാൻ ചില സത്യങ്ങൾ പഠിക്കയും അതെന്റെ ജീവിതത്തെ ഉത്സാഹിപ്പിക്കയും ജീവിതത്തിന് അർത്ഥവും ദിശാബോധവും നൽകുകയുമുണ്ടായിട്ടുണ്ട്. അതു നിങ്ങൾക്കും പ്രയോജനകരമാകാമെന്നതുകൊണ്ട് ഇവിടെ പങ്കുവയ്ക്കുന്നു. **ദൈവം യേശുവിനെ സ്നേഹിച്ചതു പോലെ നമ്മെയും സ്നേഹിക്കുന്നു.** ''നീ എന്നെ സ്നേഹിക്കുന്നതു പോലെ അവരെയും സ്നേഹിക്കുന്നു"(യോഹ.17:23) ഞാൻ ബൈബിളിൽ കണ്ടെത്തിയ ഏറ്റവും മഹത്തായ സത്യം ഇതുതന്നെയാണ്. മനസ്സിടിഞ്ഞ് നിരാശനും അരിഷ്ടനുമായ ഒരു വിശ്വാസി എന്ന നിലയിൽ നിന്നും ഇതെന്നെ ദൈവത്തിന്റെ കരങ്ങളിൽ സുരക്ഷിതനായ, എപ്പോഴും കർത്താവിൽ സന്തോഷമുള്ള, ഒരുവനാക്കിമാറ്റി.

ദൈവം നമ്മെ സ്നേഹിക്കുന്നു എന്നു



**നാം ദൈവത്തിനുവേണ്ടി ചെയ്യുന്ന ഏതൊരു ജോലിയും ഉന്മേഷത്തോടെയും സന്തോഷത്തോടെയും സ്വതന്ത്രമായും സ്വമേധയായും അല്ല ചെയ്യുന്നതെങ്കിൽ അതൊരു നിർജ്ജീവപ്രവൃത്തി മാത്രമായിരിക്കുമെന്ന് ഓർമ്മിച്ചിരിക്കുക.**

പറയുന്ന നിരവധിവാക്യങ്ങൾ ബൈബിളിലുണ്ട്. എന്നാൽ അതിന്റെ വ്യാപ്തി വെളിപ്പെടുത്തുന്ന ഒരേ ഒരു വാക്യം ഇതുമാത്രമാണ്. 'യേശുവിനെ സ്നേഹിക്കുന്നത്രയും തന്നെ'.

തന്റെ ഏതുമക്കളെയും സ്വർഗ്ഗീയപിതാവ് മുഖപക്ഷം കൂടാതെ തന്നെ സ്നേഹിക്കുന്നതു കൊണ്ട് ആദ്യജാതനായ യേശുവിനുവേണ്ടി ചെയ്തതുപോലെ തന്റെ എല്ലാമക്കൾക്കും വേണ്ടി ചെയ്യുവാനും അവിടുത്തേക്കു മനസ്സാണ്. യേശുവിനെ സഹായിച്ചതുപോലെ അവിടുന്നു നമ്മെയും സഹായിക്കും. യേശുവിനെ കരുതിയതുപോലെ അവിടുന്നു നമ്മെയും സഹായിക്കും. യേശുവിന്റെ ജീവിതത്തിനു വ്യക്തമായ രൂപരേഖയുണ്ടാക്കിയതുപോലെ നമ്മുടെയും ജീവിതത്തിനു രൂപരേഖയുണ്ടാക്കിയിരിക്കുന്നു -നമ്മുടെ ദൈനംദിനജീവിതത്തിന്റെ ഏറ്റവും ചെറിയ വിശദാംശങ്ങളോടും കൂടെത്തന്നെ. ദൈവത്തെ ഞെട്ടിക്കുന്ന ഒരു ആകസ്മികതയും നമ്മുടെ ജീവിതത്തിൽ സംഭവിക്കില്ല. അന്തിമമായി സംഭവിക്കേണ്ടുന്ന ഓരോന്നും വരെ അവിടുന്നു രൂപപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു നാം അരക്ഷിതബോധമുള്ളവരായിരിക്കേണ്ടതില്ല. യേശുവിനെ ഭൂമിയിലേക്കയച്ചതുപോലെ വ്യക്തമായ പദ്ധതിയും രൂപരേഖയും തയ്യാറാക്കിത്തന്നെ നമ്മെയും അവിടുന്ന് അയച്ചിരിക്കുന്നു. നിങ്ങൾക്കു വിശ്വസിക്കാൻ കഴിയുമെങ്കിൽ ഇതൊക്കെയും നിങ്ങളെ സംബന്ധിച്ചും സത്യമാകും.

ദൈവത്തിന്റെ വചനത്തിൽ വിശ്വസിക്കാത്ത ആർക്കും തന്നെ ഒന്നും സാദ്ധ്യമായി വരുന്നില്ല.

**2. സത്യസന്ധരിൽ ദൈവം പ്രസാദിക്കുന്നു.**

"അവിടുന്ന് വെളിച്ചത്തിൽ ഇരിക്കുമ്പോലെ നാമും വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ

**തന്റെ ഏതുമക്കളെയും സ്വർഗ്ഗീയ പിതാവ് മുഖപക്ഷം കൂടാതെ തന്നെ സ്നേഹിക്കുന്നതു കൊണ്ട് ആദ്യജാതനായ യേശുവിനുവേണ്ടി ചെയ്തതുപോലെ തന്റെ എല്ലാ മക്കൾക്കും വേണ്ടി ചെയ്യുവാനും അവിടുത്തേക്കു മനസ്സാണ്. യേശുവിനെ സഹായിച്ചതുപോലെ അവിടുന്നു നമ്മെയും സഹായിക്കും. യേശുവിനെ കരുതിയതുപോലെ അവിടുന്നു നമ്മെയും കരുതും.**

കൂട്ടായ്മ ഉണ്ട് " (1 യോഹ.1:7) വെളിച്ചത്തിൽ നടക്കുക എന്നുപറഞ്ഞാൽ നാം ഒന്നും മറച്ചു വയ്ക്കുന്നില്ല എന്നർത്ഥം. നാം ഉള്ളതുപോലെ എല്ലാക്കാര്യങ്ങളും കർത്താവിനോടു തുറന്നു പറയുന്നു. ദൈവത്തോടടുക്കുവാനുള്ള ഒന്നാമത്തെ പടി സത്യസന്ധതയാണ്. ആത്മാർത്ഥതയില്ലാത്തവരെ ദൈവം വെറുക്കുന്നു. മറ്റാരെക്കാളുമധികം കപടഭക്തന്മാർക്കെതിരെയാണു യേശു സംസാരിച്ചത്.

ദൈവം വിശുദ്ധിയെക്കാളും പൂർണ്ണതയെക്കാളും സത്യസന്ധതയാണ് ഒന്നാമതായി നമ്മിൽ നിന്നാഗ്രഹിക്കുന്നത്. സത്യസന്ധതയുടെ ഉറവിൽ നിന്നും മറ്റെല്ലാം തന്നെ ക്രമേണ ഒഴുകാൻ തുടങ്ങും. യഥാർത്ഥവിശുദ്ധിയുടെ ഉറവും അതുതന്നെ. നമുക്ക് ഏറ്റവും അനായാസമായി ചെയ്യാവുന്ന ഒരു കാര്യം സത്യസന്ധരാവുക എന്നതുതന്നെയാണ്. അതുകൊണ്ടു പാപം പെട്ടെന്നു തന്നെ ദൈവത്തോട് ഏറ്റുപറയുക. പാപകരമായ ചിന്തകളെ മറ്റ് ഓമനപ്പേരിട്ടു വിളിക്കാതിരിക്കുക. കൺമോഹത്തിൽ വീണതിനുശേഷം ഞാൻ ദൈവത്തിന്റെ സൃഷ്ടിയുടെ മനോഹാരിത ശ്രദ്ധിക്കയായിരുന്നു എന്നു പറയരുത്.





'കോപ'ത്തെ 'ധാർമ്മികരോഷം' എന്നു വിളിക്കരുത്. ഇപ്രകാരമുള്ള സത്യസന്ധതയില്ലായ്മ കൊണ്ട് നിങ്ങൾക്കു പാപത്തെ ഒരിക്കലും ജയിക്കാൻ കഴിയില്ല. 'പാപ'ത്തെ ഒരിക്കലും 'അബദ്ധ'മെന്നു വിളിക്കരുത്. യേശുവിന്റെ രക്തത്തിനു പാപത്തെ കഴുകാൻ കഴിയും. അതു 'അബദ്ധ'ങ്ങളെ കഴുകുന്നില്ല. സത്യസന്ധതയില്ലാത്തവരെ അവിടുന്നു കഴുകുന്നില്ല. സത്യസന്ധർക്ക് എന്നും പ്രത്യാശയ്ക്കു വഴിയുണ്ട്. ''തന്റെ തെറ്റുകളെ മറയ്ക്കുന്നവന്നു ശുഭം വരികയില്ല'' (സദൃ.28:13).

മതനേതാക്കന്മാരേക്കാൾ കള്ളന്മാർക്കും വ്യഭിചാരിണികൾക്കും അധികം പ്രത്യാശയ്ക്കുവകയുണ്ടെന്ന് യേശുപറയാൻ കാരണമെന്താകും? (മത്തായി 21:31). അതിന്റെ കാരണം വ്യഭിചാരിണികളും കള്ളന്മാരും തങ്ങൾ വിശുദ്ധരാണെന്ന് ഒരിക്കലും നടിക്കുന്നില്ല എന്നതു തന്നെ.

പല യുവാക്കളും മനസ്സുമടുത്ത് സഭവിട്ടു പോകുവാനുള്ള കാരണം സഭാംഗങ്ങൾ തങ്ങൾക്കു എന്തെങ്കിലും വീഴ്ചകളോ ദൗർബല്യങ്ങളോ അതിനെ അഭിമുഖീകരിക്കുന്നതിന്റെ പോരാട്ടങ്ങളോ ഒന്നും ഉള്ളതായി ഭാവിക്കുകപോലും ചെയ്യാറില്ല. അതുകൊണ്ടു ചെറുപ്പക്കാർ ഇങ്ങനെ വിചാരിക്കുന്നു "ഓ, ഈ വിശുദ്ധന്മാരുടെ കൂട്ടത്തിനു ഞങ്ങളുടെ പ്രശ്നങ്ങൾ എങ്ങനെ മനസ്സിലാകാനാണ്!" ഇതു സത്യമാണെങ്കിൽ പാപികളെ തങ്കലേക്ക് ആകർഷിച്ച യേശുവിനെപ്പോലെയല്ല നാം.

**3. സന്തോഷത്തോടെ കൊടുക്കുന്നവനിൽ ദൈവം പ്രസാദിക്കുന്നു.**

"സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു." (2 കൊരി. 9:7)

ഒരു വ്യക്തി വീണ്ടും ജനിക്കുന്നതിനു മുമ്പും പിമ്പും പരിശുദ്ധാത്മാവിനാൽ

**കൺമോഹത്തിൽ വീണതിനുശേഷം ഞാൻ ദൈവത്തിന്റെ സൃഷ്ടിയുടെ മനോഹാരിത ശ്രദ്ധിക്കയായിരുന്നു എന്നു പറയരുത്. 'കോപ'ത്തെ 'ധാർമ്മികരോഷം' എന്നു വിളിക്കരുത്. ഇപ്രകാരമുള്ള സത്യസന്ധതയില്ലായ്മ കൊണ്ട് നിങ്ങൾക്കു പാപത്തെ ഒരിക്കലും ജയിക്കാൻ കഴിയില്ല. 'പാപ'ത്തെ ഒരിക്കലും 'അബദ്ധ'മെന്നു വിളിക്കരുത്. യേശുവിന്റെ രക്തത്തിനു പാപത്തെ കഴുകാൻ കഴിയും. അതു 'അബദ്ധ'ങ്ങളെ കഴുകുന്നില്ല. സത്യസന്ധതയില്ലാത്തവരെ അവിടുന്നു കഴുകുന്നില്ല.**

നിറഞ്ഞശേഷവും ഒക്കെ ദൈവം മനുഷ്യന് പൂർണ്ണസ്വാതന്ത്ര്യം നൽകുന്നത് ഇക്കാരണത്താലാണ്.

നാമും ദൈവത്തെപ്പോലെയെങ്കിൽ മറ്റാരെയും നാം സമ്മർദ്ദങ്ങൾക്കടിമയാക്കുകയോ നിയന്ത്രിക്കയോ ചെയ്കയില്ല. അവരും തങ്ങളുടേതായ നിലയിലും സ്വാതന്ത്ര്യത്തിലും നമ്മിൽ നിന്നും വ്യത്യസ്തരായി തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടോടെ വളർന്നുവരാൻ നാം അനുവദിക്കും. എല്ലാ സമ്മർദ്ദങ്ങളും പിശാചിൽ നിന്നാണ് വരുന്നത്.

പരിശുദ്ധാത്മാവ് വ്യക്തികളെ നിറയ്ക്കുന്നു. അശുദ്ധാത്മാക്കൾ ആളുകളെ തങ്ങളുടെ നിയന്ത്രണത്തിലാക്കുന്നു. പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ നിറഞ്ഞാലും ആ വ്യക്തിക്കു എന്തു കാര്യവും ചെയ്യുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. എന്നാൽ അശുദ്ധാത്മാക്കൾ ആളുകളെ പിടിച്ചാൽ അവർക്കു വ്യക്തിപരമായ ഒരു സ്വാതന്ത്ര്യവും ലഭിക്കുകയില്ല. പരിശുദ്ധാത്മാവിൽ നിറയുമ്പോഴുണ്ടാകുന്ന ഫലങ്ങളിലൊന്ന് ഇന്ദ്രിയജയം (ആത്മനിയന്ത്രണം) ആണ് (ഗലാ.5:22,23). എന്നാൽ അശുദ്ധാത്മാവ് ബാധിച്ച ഒരു

വ്യക്തിക്ക് ആത്മനിയന്ത്രണത്തിനുള്ള കഴിവു നഷ്ടപ്പെടുന്നു.

നാം ദൈവത്തിനുവേണ്ടി ചെയ്യുന്ന ഏതൊരു ജോലിയും ഉന്മേഷത്തോടെയും സന്തോഷത്തോടെയും സ്വതന്ത്രമായും സ്വമേധയായും അല്ല ചെയ്യുന്നതെങ്കിൽ അതൊരു നിർജ്ജീവപ്രവൃത്തി മാത്രമായിരിക്കുമെന്ന് ഓർമ്മിച്ചിരിക്കുക. ദൈവത്തെ സംബന്ധിച്ചിടത്തോളം പരപ്രേരണയാൽ ഒരാൾ നൽകുന്ന പണമോ മറ്റെന്തെങ്കിലുമോ മൂല്യമുള്ളതായി ദൈവം കണക്കാക്കുന്നില്ല.

ആരുടെയെങ്കിലും സമ്മർദ്ദത്തിനു വഴിപ്പെട്ടോ മനസ്സാക്ഷിക്കുത്ത് ഒഴിവാക്കാനോ ചെയ്യുന്ന എന്തിനേക്കാളും മനസ്സോടെ, സന്തോഷത്തോടെ, തനിക്കു നൽകുന്ന ഒരു ചെറിയതിനെയാണ് ദൈവം വിലമതിക്കുന്നത്.

**4. യേശുവിനെ ശ്രദ്ധിച്ചുനോക്കുന്നതിലൂടെയാണു വിശുദ്ധി ലഭിക്കുന്നത്.**

"യേശുവിനെത്തന്നെ നോക്കിക്കൊണ്ട്.....നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടാം." (എബ്രാ.12:1,2)

നമ്മുടെ ജഡത്തിൽ വന്ന യേശു എന്ന വ്യക്തിയിലാണ് ദൈവഭക്തിയുടെ രഹസ്യം കണ്ടെത്തുന്നത്. അല്ലാതെ നമ്മുടെ ജഡത്തിൽ വന്ന ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശത്തിലല്ല (1 തിമൊ.3:16 ൽ ഇതു വ്യക്തമാണ്). തന്റെ ശരീരം സംബന്ധിച്ച ഉപദേശത്തിന്റെ വിശകലനത്തിലല്ല മറിച്ച് യേശു എന്ന വ്യക്തിയിലൂടെയാണ് നാം വിശുദ്ധരായിത്തീരുന്നത്.

എത്ര വലിയ പ്രയത്നം കൊണ്ടും പാപകരമായ ഒരു ഹൃദയത്തെ ശുദ്ധമാക്കാനാവില്ല. അതു സംഭവിക്കാൻ ദൈവം തന്നെ നമ്മുടെയുള്ളിൽ ഒരു പ്രവൃത്തി ചെയ്യണം.

വിശുദ്ധി (നിത്യജീവൻ) ദൈവത്തിന്റെ ദാനമാണ്. ഒരിക്കലും പ്രവൃത്തി കൊണ്ട് അതു കൈവരിക്കാനാവില്ല. (റോമ. 6:23) ദൈവത്തിനു മാത്രമേ

**പരിശുദ്ധാത്മാവ് വ്യക്തികളെ നിറയ്ക്കുന്നു. അശുദ്ധാത്മാക്കൾ ആളുകളെ തങ്ങളുടെ നിയന്ത്രണത്തിലാക്കുന്നു. പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ നിറഞ്ഞാലും ആ വ്യക്തിക്കു എന്തുകാര്യവും ചെയ്യുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. എന്നാൽ അശുദ്ധാത്മാക്കൾ ആളുകളെ പിടിച്ചാൽ അവർക്കു വ്യക്തിപരമായ ഒരു സ്വാതന്ത്ര്യവും ലഭിക്കുകയില്ല. പരിശുദ്ധാത്മാവിൽ നിറയുമ്പോഴുണ്ടാകുന്ന ഫലങ്ങളിലൊന്ന് ഇന്ദ്രിയജയം (ആത്മനിയന്ത്രണം) ആണല്ലോ**

നമ്മെ മുഴുവനും വിശുദ്ധീകരിക്കാൻ കഴിയൂ എന്ന് ബൈബിൾ പ്രസ്താവിക്കുന്നു. (1 തെസ്സ. 5:23 ൽ ആർക്കും അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം അതു രേഖപ്പെടുത്തിയിരിക്കുന്നു.) എന്നിട്ടും അനേകം വിശ്വാസികൾ സ്വയത്തെ ത്യജിച്ചുകൊണ്ട് വിശുദ്ധരായിത്തീരുവാൻ പാടുപെടുന്നു. തത്ഫലമായി അവർ പരീശമനോഭാവമുള്ളവരായിത്തീരുന്നു.

"ഒരു മിഥ്യാബോധമല്ല, സത്യത്തിന്റെ ഫലമായ വിശുദ്ധി.."(എഫെ.4:24 ഫിലിപ്സ്) യേശുവിലുള്ള വിശ്വാസത്താൽ, മറ്റൊരുതരത്തിൽ പറഞ്ഞാൽ യേശുവിനെ ശ്രദ്ധിച്ചു നോക്കുന്നതിലൂടെ മാത്രമേ ലഭ്യമാവൂ. നാം ഒരു ഉപദേശത്തെ ശ്രദ്ധിച്ചു കൊണ്ടിരുന്നാൽ നാം പരീശന്മാരാകും. നമ്മുടെ ഉപദേശം എത്ര ശുദ്ധമായിത്തീരുന്നോ അത്ര മാത്രം പരീശത്വവും നമ്മിൽ വളരും.

സ്വപ്രയത്നത്തിലൂടെ വിശുദ്ധിയുടെ ഉന്നതനിലവാരത്തെക്കുറിച്ചു ഘോഷിക്കുന്നവരുടെയിടയിലാണ് ഞാൻ ഏറ്റവും വലിയ പരീശന്മാരെ കണ്ടിട്ടുള്ളത്. നാമും അവരിലൊരാളാകാതിരിക്കാൻ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്.

യേശുവിനെ ശ്രദ്ധിക്കുക എന്നാൽ എന്താണെന്ന് എബ്രാ.12:2 ൽ പറയു





ന്നു. ഒന്നാമതായി ഈ ഭൂമിയിൽ ജീവിച്ച ഒരാളെന്ന നിലയിൽ നാം യേശുവിനെ കാണുക. എല്ലാ ദിവസവും നമ്മെപ്പോലെ എല്ലാ കാര്യങ്ങളിലും പരീക്ഷിതനായിട്ടും പാപത്തിനു വഴങ്ങാതെ നിത്യവും തന്റെ ക്രൂശിനെ സഹിച്ചുകൊണ്ട് അവിടുന്നു നടന്നു (എബ്രാ.4:15). അവിടുന്നു നമ്മുടെ മുന്നോടിയാണ് (എബ്രാ.6:20) അവിടുത്തെ കാൽച്ചുവടുകളിൽത്തന്നെ വേണം നാം അനുഗമിക്കുവാൻ. രണ്ടാമതായി നമ്മുടെ എല്ലാ പരീക്ഷകളിലും ശോധനകളിലും നമ്മെ സഹായിക്കുവാൻ സന്നദ്ധനായി പിതാവിന്റെ വലത്തുഭാഗത്ത് നമുക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുന്ന ഒരുവനായി നാം യേശുവിനെ കാണേണ്ടതുണ്ട്.

**5. നാം നിരന്തരമായി പരിശുദ്ധാത്മാവിനാൽ നിറയണം.**

ആത്മാവിൽ നിറഞ്ഞവരായിരിക്കുക. (എഫെ.5:18)

നാം നിരന്തരം ആത്മാവിൽ നിറയുന്നില്ലെങ്കിൽ ദൈവം ആഗ്രഹിക്കുന്നതരത്തിൽ ക്രിസ്തീയജീവിതം നയിക്കുക നമുക്കസാദ്ധ്യമാണ്. പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിക്കയും അവിടുത്തെ പ്രകൃത്യതീതവരങ്ങൾ നമുക്കു ലഭിക്കയും ചെയ്യുന്നില്ലെങ്കിൽ ദൈവത്തെ സേവിക്കുവാനും നമുക്ക് സാദ്ധ്യമല്ല. യേശുവിനും ഈ അഭിഷേകം ആവശ്യമായിരുന്നു.

നമ്മുടെ സ്വകാര്യജീവിതത്തിലും പരസ്യശുശ്രൂഷയിലും നമ്മെ യേശുവിനെപ്പോലെയാക്കുവാനാണു പരിശുദ്ധാത്മാവു വന്നത് (2 കൊരി.3:18). സ്വഭാവത്തിൽ ക്രിസ്തുവിനോടനുരൂപരാക്കുവാനും യേശുശുശ്രൂഷിച്ചതുപോലെ ശുശ്രൂഷിക്കുവാനും തക്കവണ്ണമാണു ദൈവം നമ്മെ തന്റെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്നത്. യേശുവിന്റെ അതേ ശുശ്രൂഷയല്ല നമുക്കുള്ളത്, അതുകൊണ്ട് യേശു ചെയ്ത ശുശ്രൂഷ നമുക്കു ചെയ്യാനാവില്ല.

**"നാം അവനോടു കൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും" ദൈവത്തിന്റെ പദ്ധതിയിൽ നാം മരിക്കേണ്ട എല്ലായിടങ്ങളിലും നമ്മുടെ സ്വയജീവൻ മരിക്കാതെ യേശുവിന്റെ ജീവൻ നമ്മുടെ ശരീരത്തിൽ വെളിപ്പെടുവാൻ മറ്റൊരു വഴിയുമില്ല. പാപത്തിന്മേൽ ജയം ഉണ്ടാകുവാൻ എല്ലാ സാഹചര്യങ്ങളിലും നമ്മെ പാപത്തിനു മരിച്ചവരായി എണ്ണേണ്ടതുണ്ട് ആത്മാവിനാൽ നാം ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നെങ്കിൽ മാത്രമേ നാം ജീവിക്കൂ.**

എന്നാൽ യേശു ദൈവത്തെ ശുശ്രൂഷിച്ച അതേ നിറവിൽ നമുക്കും ശുശ്രൂഷ ചെയ്യാൻ സാധിക്കും-നമുക്കു തന്നിരിക്കുന്ന ശുശ്രൂഷ.

അതിനു വേണ്ടത് അതിനാവശ്യമായ ജീവജല നദി നമ്മിൽ നിന്നും ഒഴുകാൻ വേണ്ട ദാഹവും വിശ്വാസവുമാണ് (യോഹ.7:37-39). പരിശുദ്ധാത്മാവിന്റെ വരങ്ങൾ നമുക്കുണ്ടാകണമെങ്കിൽ അതിനായുള്ള അതിവാഞ്ഛ നമ്മിലുണ്ടാകണം. (1 കൊരി. 14:1) അല്ലെങ്കിൽ ഒരിക്കലും നമ്മിലതുണ്ടാവില്ല.

ആത്മവരങ്ങളില്ലാത്ത ഒരു സഭ ജീവിച്ചിരിക്കുന്ന ഊമനും ബധിരനും അന്ധനും മുടന്തനുമായ ഒരു വ്യക്തിയെപ്പോലെ കർമ്മരഹിതനാണ്. പ്രയോജനമറ്റവനാണ്.

**6. ക്രൂശിന്റെ വഴി തന്നെ ജീവന്റെ വഴി**

''നാം അവനോടു കൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും'' (2 തിമൊ.2:11) ദൈവത്തിന്റെ പദ്ധതിയിൽ നാം മരിക്കേണ്ട എല്ലായിടങ്ങളിലും നമ്മുടെ സ്വയജീവൻ മരിക്കുക എന്നതല്ലാതെ യേശുവിന്റെ ജീവൻ നമ്മുടെ ശരീരത്തിൽ വെളിപ്പെടുവാൻ മറ്റൊരു വഴിയുമില്ല. (2 കൊരി. 4:10,11) പാപത്തിന്മേൽ ജയം ഉണ്ടാകുവാൻ എല്ലാ

സാഹചര്യങ്ങളിലും നമ്മെ പാപത്തിനു മരിച്ചവരായി എണ്ണേണ്ടതുണ്ട് (റോമ.6:11) ആത്മാവിനാൽ നാം ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നെങ്കിൽ മാത്രമേ നാം ജീവിക്കൂ (റോമ. 8:13). പരിശുദ്ധാത്മാവു നമ്മെ നിത്യവും ക്രൂശിങ്കലേക്കു തന്നെ നയിക്കും.

ദിവസം മുഴുവനും മരണത്തിലൂടെ കടന്നുപോകേണ്ട സാഹചര്യത്തിലേക്കു തന്നെ ദൈവം നമ്മെ അയയ്ക്കുന്നു. (റോമ.8:36) യേശുവിനു വേണ്ടി നാം മരണത്തിന് ഏല്പിക്കപ്പെടുകയും ചെയ്യുന്നു. (2 കൊരി. 4:11) അത്തരം സാഹചര്യങ്ങളിൽ നാം യേശുവിന്റെ മരണം തന്നെ (2 കൊരി.4:10) സ്വീകരിക്കേണ്ടിയിരിക്കുന്നു. അതിലൂടെ യേശുവിന്റെ ജീവൻ നമ്മിൽ വെളിപ്പെടുവാൻ ഇടയാകുന്നു.

**7. മനുഷ്യന്റെ അഭിപ്രായങ്ങൾക്ക് ചവറ്റുകൊട്ടയിലേക്കെറിയാനുള്ള മൂല്യം മാത്രം.**

"മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ വിട്ടൊഴിയുവിൻ. അവനെ എന്തു വില മതിപ്പാനുള്ളൂ?" യെശ.2:22

ഒരു മനുഷ്യന്റെ മൂക്കിലെ ശ്വാസം നഷ്ടപ്പെട്ടു കഴിഞ്ഞാൽ അവന് താൻ തന്നെ ചവിട്ടി നടക്കുന്ന പൊടിയുടെ വിലമാത്രമേയുള്ളൂ.

പിന്നെയെന്തിനു നാം മനുഷ്യന്റെ അഭിപ്രായത്തെ വിലമതിക്കണം? ദൈവത്തെ യഥാർത്ഥമായി സേവിക്കുവാൻ നമുക്കു കഴിയണമെങ്കിൽ മനുഷ്യന്റെ അഭിപ്രായം തികച്ചും മൂല്യമില്ലാത്തതാണെന്നു നാം തിരിച്ചറിഞ്ഞേ മതിയാവൂ. ഒരു മനുഷ്യനെയെങ്കിലും പ്രസാദിപ്പിക്കുവാൻ ശ്രമിച്ചാൽ നമുക്കു ക്രിസ്തുവിന്റെ ദാസനായി തുടരുവാൻ കഴിയില്ല. (ഗലാ.1:10)

ദൈവത്തിന്റെ അഭിപ്രായങ്ങൾക്കു മുമ്പിൽ മാനുഷികാഭിപ്രായങ്ങളൊക്കെത്തന്നെ തികച്ചും മൂല്യരഹിതമാണ്. ഇക്കാര്യം വ്യക്തമായി ബോദ്ധ്യമായി

**നമ്മുടെ രാജ്യത്ത് ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ പ്രവചനശബ്ദം കേൾക്കാത്തതിന്റെ മുഖ്യകാരണങ്ങളിലൊന്ന് സഭകളുടെ നേതൃസ്ഥാനങ്ങൾ കയ്യാളുന്നവരുടെ ധനസ്നേഹമാണ്. ഈ ഭൂമിയിലെ ധനംപോലെയുള്ള അല്പകാര്യങ്ങളിൽ വിശ്വസ്തരല്ലാത്തവർക്ക് അധികമായിരിക്കുന്ന സ്വർഗ്ഗീയസമ്പത്തു നൽകുകയില്ല എന്നു കർത്താവു തന്നെ കല്പിച്ചിട്ടുണ്ട്. അധികം പ്രസംഗങ്ങളും വിരസമായിത്തീരുവാനുള്ള പ്രധാനകാരണം ഇതുതന്നെയാണ്.**

ക്കഴിഞ്ഞ ഏതൊരാളും തന്റെ ജീവിതത്തിലും ശുശ്രൂഷയിലും ദൈവത്തിന്റെ അംഗീകാരം മാത്രമേ തേടുകയുള്ളൂ. അയാൾ ഒരിക്കലും ആളുകളെ പ്രസാദിപ്പിക്കുവാൻ വേണ്ടി സ്വയം നീതീകരിക്കാനൊരുമ്പെടില്ല.

**8. ഈ ലോകം മഹത്തരമെന്നു കരുതുന്നതിനെ ദൈവം വെറുക്കുന്നു**

മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പിൽ അറപ്പത്രേ (ലൂക്കോ. 16:15)

ഈ ലോകം ഉന്നതമെന്നു കരുതുന്ന കാര്യങ്ങൾ ദൈവത്തിന്റെ ദൃഷ്ടിയിൽ വിലയില്ലാത്തതെന്നു മാത്രമല്ല തികച്ചും നികൃഷ്ടവുമാണ്. അതുകൊണ്ടു ദൈവദൃഷ്ടിയിൽ അറപ്പായിരിക്കുന്ന ഈ ലോകത്തിന്റെ ബഹുമാനം നാമും വെറുക്കേണ്ടതത്രേ. ലോകത്തിലെ മനുഷ്യരെല്ലാം തന്നെ വിലയേറിയതായി കാണുന്ന ഒരു വസ്തുവാണ് ധനം. എന്നാൽ ധനത്തെ സ്നേഹിക്കയും ധനികരാകാൻ ബദ്ധപ്പെടുകയും ചെയ്യുന്ന ആളുകൾ താഴെപ്പറയുന്ന കാര്യങ്ങളെ ഉടനെയോ പിന്നീടോ നേരിടേണ്ടിവരുമെന്നു ദൈവം പറയുന്നു.(1 തിമൊ. 6:9,10)

1. അവർ പരീക്ഷയിൽ അകപ്പെടും.





2. അവർ കെണിയിൽ അകപ്പെടും.
3. അവർ മൗഢ്യമായ മോഹങ്ങളിലേക്ക് വീഴും.
4. അവർ ദോഷകരമായ മോഹങ്ങളിൽ പിടിക്കപ്പെടും.
5. അവർ ജീർണ്ണതയ്ക്കു വിധേയരാകും.
6. അവർ നാശത്തിലേക്കു നിപതിക്കും.
7. അവർ വിശ്വാസം വിട്ട് ഉഴന്നു നടക്കേണ്ടി വരും.
8. കഠിനമായ ദു;ഖത്തിനും കുത്തുന്ന വേദനയ്ക്കും അവർ ഇരയായിത്തീരും.

ഇത് അനേകം വിശ്വാസികൾക്കു സംഭവിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ പ്രവചനശബ്ദം കേൾക്കാത്തതിന്റെ മുഖ്യകാരണങ്ങളിലൊന്ന് സഭകളുടെ നേതൃസ്ഥാനങ്ങൾ കൈയാളുന്നവരുടെ ധനസ്നേഹമാണ്. ഈ ഭൂമിയിലെ ധനംപോലെയുള്ള അല്പകാര്യങ്ങളിൽ വിശ്വസ്തരല്ലാത്തവർക്ക് അധികമായിരിക്കുന്ന സ്വർഗ്ഗീയസമ്പത്തു താൻ നൽകുകയില്ല എന്നു കർത്താവു തന്നെ കല്പിച്ചിട്ടുണ്ട് (ലൂക്കോ. 16:11). അധികം പ്രസംഗങ്ങളും വിരസമായിത്തീരുവാനുള്ള പ്രധാനകാരണം ഇതുതന്നെയാണ്. യോഗങ്ങളും സാക്ഷ്യങ്ങളും കഴമ്പില്ലാത്തതായിത്തീരുവാനുള്ള കാരണം ഇതുതന്നെ.

**9. നമുക്കല്ലാതെ മറ്റാർക്കും നമ്മെ ദോഷപ്പെടുത്തുവാൻ സാധ്യമല്ല.**

"നിങ്ങൾ നന്മ ചെയ്യുന്നതിൽ ശുഷ്ക്കാന്തിയുള്ളവരെങ്കിൽ നിങ്ങളെ ദോഷപ്പെടുത്തുവാൻ ആർക്കു കഴിയും?" (1 പത്രോ. 3:13)

ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യങ്ങൾക്കായി വിളിക്കപ്പെട്ടിരിക്കുന്നവർക്ക്, തങ്ങളുടെ ജീവിതത്തെ സംബന്ധിച്ച് ദൈവോദ്ദേശ്യമല്ലാതെ മറ്റൊന്നും ഇല്ലാത്തവർക്കുതന്നെ എന്തു കാര്യവും നന്മക്കായി പ്രവർത്തിപ്പിക്കുവാൻ ദൈവത്തിനു കഴിയും. (റോമ. 8:28). സ്വാർത്ഥലക്ഷ്യങ്ങൾ ജീവിതത്തിൽ കൊണ്ടുനടക്കുന്ന ഒരു വ്യക്തിക്കും ഈ വാഗ്ദാനം അവകാശപ്പെടാൻ കഴിയില്ല. എന്നാൽ ദൈവഹിതത്തിനു പൂർണ്ണമായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരാൾക്ക് ഈ ഭൂമിയിൽ ജീവിക്കുന്ന ഓരോ നിമിഷത്തിലും ഈ വാഗ്ദാനം അവകാശപ്പെടാൻ കഴിയും. ഒന്നും അവർക്കു ദോഷകരമായിത്തീരുകയില്ല.

മറ്റുള്ളവർ നമുക്കു ചെയ്യുന്ന ഏതു കാര്യവും നല്ലതും ദോഷവും മനഃപൂർവ്വമായതും അല്ലാത്തതും എല്ലാം റോമർ 8:28 ലെ വാഗ്ദാനത്തിന്റെ അരിപ്പയിലൂടെ മാത്രമേ നമ്മിലേക്ക് വരികയുള്ളൂ. അവ നമ്മെ അധികമധികം ക്രിസ്തുസാദൃശത്തിലേക്ക് മാറ്റിക്കൊണ്ടിരിക്കും. (റോമ.8:29). നമുക്കുവേണ്ടി ദൈവം കരുതിയിരിക്കുന്ന ഏറ്റവും വലിയ നന്മ അതുതന്നെ. ആ വാക്യത്തിലെ വ്യവസ്ഥയുടെ പരിധിക്കുള്ളിലുള്ള ആർക്കും ജീവിതത്തിലെ ഓരോ കാര്യങ്ങളിലും ഈ അരിപ്പയുടെ ഗുണം അനുഭവിക്കാവുന്നതാണ്.

അതിനുശേഷം 1 പത്രോ.3:13 ൽ നമ്മോടു പറയുന്നു "നന്മ ചെയ്യുന്നതിൽ നാം ശുഷ്ക്കാന്തിയുള്ളവരെങ്കിൽ" നമുക്കു തിന്മ ചെയ്‌വാൻ ആർക്കും കഴികയില്ല എന്ന്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, ഈ വാക്യത്തിന് റോമ 8:28 പോലെയുള്ള പ്രചാരം ലഭിച്ചിട്ടില്ല. പക്ഷേ നാം അതു പ്രചരിപ്പിച്ചേ മതിയാകൂ. നമുക്കതിന് ഉത്സാഹിക്കാം. ഈ വാഗ്ദാനവും തങ്ങളുടെ ഹൃദയത്തെ മറ്റുള്ളവർക്കു നന്മ ചെയ്യുവാനുള്ള തീഷ്ണതയിൽ സൂക്ഷിക്കുന്നവർക്കുള്ളതാണ്. അത്തരം ഒരു വിശ്വാസിക്ക് ദോഷം ചെയ്യുവാൻ ഒരു മനുഷ്യനെന്നല്ല ഒരു ഭൂതത്തിനുപോലും കഴിയുകയില്ല. അതുകൊണ്ട് ഏതെ

ങ്കിലും ഒരു വിശ്വാസി മറ്റുള്ളവർ തനിക്കു ദോഷം ചെയ്യുന്നു എന്നു പരാതിപ്പെടുമ്പോൾ താൻ ദൈവത്തെ സ്നേഹിക്കുന്നില്ലെന്നും ദൈവോദ്ദേശ്യത്തിനു വിളിക്കപ്പെട്ടവനല്ലെന്നും നന്മയ്ക്കുള്ള ഉത്സാഹം തന്റെ ഹൃദയത്തിലില്ലെന്നും താൻ തന്നെ അവകാശപ്പെടുകയാണ്. അല്ലെങ്കിൽ മറ്റുള്ളവർ ചെയ്തതെല്ലാം തനിക്കു നന്മയ്ക്കായി വ്യാപരിക്കുകയും തന്റെ പരാതികൾ നീങ്ങിപ്പോകുകയും ചെയ്യുമായിരുന്നു. യഥാർത്ഥത്തിൽ നിങ്ങൾക്കു ദോഷം ചെയ്യുവാൻ നിങ്ങൾക്ക് മാത്രമേ-നിങ്ങളുടെ അവിശ്വാസവും മറ്റുള്ളവരോടു തെറ്റായ മനോഭാവവുമുള്ള ഹൃദയത്തിനു മാത്രമേ-കഴികയുള്ളൂ.

എനിക്ക് അറുപതിലധികം വയസ്സുണ്ട്. ഇത്രകാലവും എനിക്കു തിന്മ ചെയ്യുന്നതിൽ വിജയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ധാരാളം പേർ അതിനു ശ്രമിച്ചിട്ടുണ്ടെങ്കിലും അതൊക്കെ ദൈവം എനിക്കും എന്റെ ശുശ്രൂഷയ്ക്കും ഏറ്റവും നന്മയാക്കിത്തീർത്തു. അതുകൊണ്ട് അവരെക്കുറിച്ചും എനിക്കു ദൈവത്തോട് ഇന്ന് നന്ദിയുണ്ട്. എന്നെ ഉപദ്രവിച്ചവരൊക്കെ 'വിശ്വാസികൾ' എന്നുവിളിക്കപ്പെടുന്നവർ തന്നെ. പക്ഷേ ദൈവത്തിന്റെ വഴികളെ അറിയാത്തവരാണ്. എന്റെ ഈ സാക്ഷ്യം നിങ്ങളുടേതുമായിത്തീരുവാൻ തക്കവണ്ണം നിങ്ങൾക്ക് ഒരു ഉത്സാഹത്തിനായി ഇവിടെ പ്രസ്താവിച്ചതാണ്.

**10. ദൈവത്തിനു നമ്മിൽ ഓരോരുത്തരെക്കുറിച്ചും സമ്പൂർണ്ണമായ ഒരു പദ്ധതിയുണ്ട്.**

"ദൈവം മുന്നൊരുക്കിയ സൽപ്രവൃത്തികളെ ചെയ്യേണ്ടതിന്നു നമ്മെ ക്രിസ്തുയേശുവിൽ സൃഷ്ടിച്ചിരിക്കുന്നു" (എഫെ.2:10).

ദൈവം നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുക്കുന്നതിനു വളരെമുമ്പു തന്നെ നാം ഈ ഭൂമിയിലെ ജീവിതകാലത്ത് എന്തു ചെയ്യേണമെന്നതിനു രൂപം കൊടുത്തിരുന്നു. ഇന്ന് ആ പദ്ധതി ഓരോ ദിവസവും അന്വേഷിച്ചു കണ്ടെത്തി അതു നിറവേറ്റുക എന്നതാണ് നമുക്കു ചെയ്വാനുള്ളത്. നമുക്കൊരിക്കലും ദൈവത്തിന്റെ പദ്ധതിയെക്കാൾ മെച്ചപ്പെട്ട ഒന്ന് ഉണ്ടാക്കാൻ കഴിയില്ല.

നമുക്ക് മറ്റാരെയും അനുകരിക്കാനും കഴിയില്ല. കാരണം, വ്യത്യസ്തങ്ങളായ പദ്ധതികളാണ് ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. ജോസഫിനെക്കുറിച്ചുള്ള ദൈവികപദ്ധതി തന്റെ ജീവിതത്തിന്റെ ഒടുവിലെ എൺപതുവർഷക്കാലവും ഈജിപ്തിലെ കൊട്ടാരത്തിലെ സുഖസൗകര്യങ്ങൾ അനുഭവിച്ചു കഴിയുവാനായിരുന്നു. അതേ സമയം മോശെയുടെ ജീവിതത്തിൽ കൊട്ടാരസുഖങ്ങൾ വെടിഞ്ഞ് 80 വർഷക്കാലം മരുഭൂമിയുടെ കാഠിന്യങ്ങളോടു മല്ലിടാനായിരുന്നു. മോശെ ജോസഫിന്റെ മാതൃക സ്വീകരിച്ച് കൊട്ടാരത്തിലെ സമൃദ്ധിയുടെ തണലിൽ കഴിഞ്ഞിരുന്നു എങ്കിൽ തന്റെ ജീവിതത്തിലെ ദൈവപദ്ധതി നിറവേറ്റുകയില്ലായിരുന്നു.

അപ്രകാരം തന്നെ ഇന്നും ദൈവം ഒരു സഹോദരനെ അമേരിക്കയിലെ മെച്ചപ്പെട്ട സൗകര്യങ്ങളിൽ ആക്കുകയും മറ്റൊരു സഹോദരനെ വടക്കേ ഇൻഡ്യയുടെ പൊടിയും ചൂടും നിറഞ്ഞ പരുക്കൻ സാഹചര്യങ്ങളിൽ സമരം ചെയ്യാൻ ആക്കുകയും ചെയ്യുന്നു. ഓരോരുത്തരും പരസ്പരം താരതമ്യം ചെയ്യുകയും അസൂയപ്പെടുകയും വിമർശിക്കയും ചെയ്യുന്നതിനു പകരം ദൈവത്തിനു തങ്ങളെക്കുറിച്ചുള്ള പദ്ധതിയെക്കുറിച്ചു ബോദ്ധ്യമുള്ളവരാകുന്നതാണ് ഏറ്റവും നല്ലത്.

ദൈവം എന്നെ ഇൻഡ്യയിൽ പ്രവർത്തിക്കാനായി വിളിച്ചിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. മറ്റുള്ളവരും അങ്ങനെതന്നെ ആയിക്കൊള്ളണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല.

*(ശേഷം പേജ് 32 ൽ)*



നുറുങ്ങുവെട്ടം

**മൂകസന്ദേശം-2**

# തവളയിൽനിന്നൊരു സന്ദേശം

**സന്ദീപ് പുന്നൻ**

**പ**ത്തൊൻപതാം നൂറ്റാണ്ടിന്റെ ഒടുവിലത്തെ വർഷങ്ങളിൽ ഗവേഷകർ തവളകളിൽ പ്രത്യേകവിധത്തിലുള്ള ചില പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. വിവിധതരത്തിലുള്ള ഉത്തേജനങ്ങൾ തവളകളുടെ നാഡീവ്യൂഹത്തിലുണ്ടാക്കുന്ന പ്രതികരണങ്ങളെക്കുറിച്ചായിരുന്നു പരീക്ഷണങ്ങൾ. അമേരിക്കയിലെ ഒന്നാംകിട സർവ്വകലാശാലകളിൽ ഒന്നായ ജോൺ ഹോപ്കിൻ സർവ്വകലാശാലയിൽ ഗവേഷകർ രസകരമായ ഒരു കണ്ടെത്തൽ നടത്തുകയുണ്ടായി. വളരെ സാവധാനത്തിൽ വെള്ളം ചൂടാക്കുകയാണെങ്കിൽ ഒരു തവളയെ ജീവനോടെ തിളപ്പിച്ചുകൊല്ലാൻ കഴിയും എന്നായിരുന്നു ആ കണ്ടെത്തൽ. ഒരു പരീക്ഷണത്തിൽ സെക്കന്റിൽ 0.002° സെന്റീഗ്രേഡ് എന്ന ക്രമത്തിൽ വെള്ളം സാവധാനത്തിൽ ചൂടാക്കിയപ്പോൾ രണ്ടര മണിക്കൂറിനു ശേഷം ഒരു നേരിയ ചലനംപോലും ഇല്ലാതെ തവള ചത്തിരിക്കുന്നതായി അവർ കണ്ടെത്തി.

ഈ കാര്യം സ്വയം പരീക്ഷിച്ച് സത്യമാണെന്ന് ബോദ്ധ്യപ്പെടാൻ എനിക്ക് യാതൊരു താത്പര്യവുമില്ല. ജന്തുശാസ്ത്രഗവേഷകർക്കായി ആ ദൗത്യം ഞാൻ വിടുന്നു! എന്തൊക്കെ പറഞ്ഞാലും തവളകളെപ്പറ്റിയുള്ള ഈ കഥ എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്. ചൂടുവെള്ളത്തിലേക്ക് ഇതേ തവളയെ നേരിട്ട് ഇട്ടാൽ ശരീരത്തിന് ആ ചൂടുവെള്ളം ഹാനികരമാണെന്നു ഗ്രഹിച്ച് അത് തൽക്ഷണം വെളിയിൽ ചാടും. എന്നാൽ ജലത്തിന്റെ താപനിലസുഖപ്രദമായിരിക്കുന്നിടത്തോളം അത് ജലത്തിൽ തന്നേ കഴിയുകയും താപനില ഉയരുന്നത് മനസ്സിലാക്കാൻ കഴിയാതെ പോകയും ചെയ്യുന്നു.

മനുഷ്യരായ നമുക്ക് വെള്ളത്തിന്റെ താപനില ഉയരുന്നത് ഗ്രഹിക്കാൻ കഴിവുണ്ട്. വെള്ളം ക്രമാതീതമായി ചൂടായെന്നു കണ്ടാൽ- സാവധാനത്തിൽ ചൂടാക്കിയാലും-നാം ഉടനടി വെള്ളത്തിൽ നിന്നു പുറത്തുചാടും. എന്നാൽ ദൈവത്തോടുകൂടെയുള്ള നമ്മുടെ ആത്മീയനടപ്പിന്റെ കാര്യത്തിൽ മനുഷ്യർ തവളകളേപ്പോലെയാണ് മിക്കവാറും പെരുമാറുന്നത് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. നമ്മിൽ മിക്കവരെ സംബന്ധിച്ചിടത്തോളം ദൈവത്തോടുകൂടെയുള്ള നമ്മുടെ നടപ്പ് തികഞ്ഞ സമർപ്പണത്തോടുകൂടെയാണ് നാം തുടങ്ങുന്നത്. യേശുവിനോടുള്ള നമ്മുടെ സ്നേഹത്തിൽ നാം തികച്ചും ആവേശഭരിതരാണ്. നാം താഴ്മയും നുറുക്കവും ഉള്ളവരായി നമ്മുടെ ചീഞ്ഞുനാറിയിരുന്ന ആത്മീയാവസ്ഥയെപ്പറ്റി ആഴമായ അനുതാപത്തോടും ക്രിസ്തുയേശുവിൽ ദൈവം വാഗ്ദാനം ചെയ്യുന്ന കൃപയിലും കരുണയിലും നന്ദിയോടുംകൂടെ തുടങ്ങുന്നവരാണ്. നാം പാപത്തിൽ വീഴുമ്പോഴോ, പാപത്തെ

**നമ്മെ ചൂടും തണുപ്പും അല്ലാത്ത ഒരവസ്ഥയിൽ സാവധാനത്തിൽ എത്തിക്കുവാൻ പിശാച് എന്തുവേണമെങ്കിലും ചെയ്യും. പാപവും മലിനതയും നിറഞ്ഞ ഒരു മന്ദോഷ്ണാവസ്ഥയിലേക്കല്ല, മറിച്ച് ദൈവത്തോടുള്ള തീക്ഷ്ണമായ സ്നേഹം നഷ്ടപ്പെട്ട ഒരു 'നല്ല മനുഷ്യ'ന്റെ ജീവിതത്തിലേക്കാണ് അവന് നമ്മെ നയിക്കാൻ താത്പര്യം. നാം സഭയിൽ വളരെ സജീവമായി പങ്കെടുക്കുന്നവരായിരിക്കും. പക്ഷേ യേശുക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും നഷ്ടപ്പെട്ടവരായിരിക്കും.**

ലാഘവബുദ്ധിയോടെ കാണുമ്പോഴോ വേഗത്തിൽ അനുതപിക്കുന്നവരുമാണ്.

ആ കാലഘട്ടത്തിൽ നരകത്തിന്റെ തീ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ പിശാച് ശ്രമിച്ചാൽ നാം വേഗത്തിൽ അവന്റെ തന്ത്രങ്ങൾ തിരിച്ചറികയും അവനേ വിട്ട് ദൂരെപ്പോകയും ചെയ്യുന്നവരാണ്. നിർമ്മലമായ ദൈവസ്നേഹത്തിൽ നമ്മെത്തന്നെ സൂക്ഷിക്കുവാൻ തുടക്കത്തിൽ എന്തൊരുത്സാഹമാണ് നമുക്ക്!

ദൈവത്തിന്റെ സുവിശേഷത്താൽ നാം പിടിക്കപ്പെട്ടവരാണെന്ന് പിശാച് മനസ്സിലാക്കിയാൽ ദൈവത്തിനായുള്ള നമ്മുടെ എരിവിൽ തണുത്ത വെള്ളം ഒഴിക്കാൻ കഴികയില്ല എന്ന് അവനറിയാം. പിശാച് 6000 വർഷമായി മനുഷ്യരുടെ ഇടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ, നമ്മുടെ സ്വഭാവം അവന് നന്നായി അറിയാം. അത്തരത്തിലുള്ള ഭോഷത്തത്തിനൊന്നും പിശാച് തുനിയുകയില്ല.

പിന്നെ അവൻ എന്താണ് ചെയ്യുന്നത്? നമ്മെ എത്രയും അധികം സുഖപ്രദമായ നിലയിലാക്കാൻ അവൻ ശ്രമിക്കുന്നു...

തുടക്കത്തിലുള്ള ദൈവസ്നേഹത്തിന്റെ അഗ്നി അല്പം ഒന്ന് കെട്ടടങ്ങാൻ പിശാച് കാത്തിരിക്കുന്നു. ദൈവത്തോടും ദൈവജനത്തോടുമുള്ള നമ്മുടെ സ്നേഹം നഷ്ടമാകാനാണ് അവന്റെ കാത്തിരിപ്പ്. ചില മാസങ്ങളോ, വർഷത്തോളമോ കാത്തിരിക്കേണ്ടിവരും എന്ന് അവനറിയാം. നമ്മെ ദൈവരാജ്യത്തിന് പ്രയോജനശൂന്യരാക്കാനുള്ള ഒരു ദീർഘകാലപദ്ധതിയാണ് അവന്റ മനസ്സിലുള്ളത്. ലോകത്തിന്റെ സുഖസൗകര്യങ്ങളുടെ താരാട്ടുപാടി നമ്മെ ഒരു മന്ദോഷ്ണാവസ്ഥയിലാക്കുകയാണ് അവന്റെ പദ്ധതി. മറിച്ച് ലോകത്തിന്റെ സമ്മർദ്ദങ്ങളും ആകുലചിന്തകളുംകൊണ്ട് നമ്മുടെ ഏകാഗ്രത നഷ്ടപ്പെടുത്താനും അവൻ ശ്രമിക്കും. കൂടാതെ തികച്ചും ന്യായയുക്തമായ പ്രവർത്തനങ്ങളിലോ, ശുശ്രൂഷയിലോ നമ്മെ തളച്ചിട്ട് പിശാച് തന്റെ ലക്ഷ്യം നേടാനും സാദ്ധ്യതയുണ്ട്.

നമ്മെ ചൂടും തണുപ്പും അല്ലാത്ത ഒരവസ്ഥയിൽ സാവധാനത്തിൽ എത്തിക്കുവാൻ പിശാച് എന്തുവേണമെങ്കിലും ചെയ്യും. പാപവും മലിനതയും നിറഞ്ഞ ഒരു മന്ദോഷ്ണാവസ്ഥയിലേക്കല്ല, മറിച്ച് ദൈവത്തോടുള്ള തീക്ഷ്ണമായ സ്നേഹം നഷ്ടപ്പെട്ട ഒരു 'നല്ല മനുഷ്യ'ന്റെ ജീവിതത്തിലേക്കാണ് അവന് നമ്മെ നയിക്കാൻ താത്പര്യം. നാം സഭയിൽ വളരെ സജീവമായി പങ്കെടുക്കുന്നവരായിരിക്കും. പക്ഷേ യേശുക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും നഷ്ടപ്പെട്ട ഒരു ജീവിതത്തിലേക്കാവും ഒടുവിൽ നാം എത്തുന്നത് (2 കൊരി.11:3).

ഈ കാര്യത്തിൽ വിജയിച്ചാൽ ഈ ലോകത്തിന്റെ ആത്മാവിനെ കൂടുതലായി നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ കഴിയും എന്ന് പിശാചിന് നന്നായി അറിയാം. ദൈവത്തോടുള്ള എരിവും സ്നേഹവും തണുപ്പിക്കാൻ കഴിഞ്ഞാൽ, ലോകത്തിന്റെ വസ്തുക്കളോടുള്ള ആകർഷണം





നമ്മിൽ വർദ്ധിപ്പിച്ച് അവയോടുള്ള സ്നേഹം നമ്മിൽ നിറയ്ക്കാൻ കഴിയും എന്ന് അവൻ മനസ്സിലാക്കിയിട്ടുണ്ട്. അപ്രകാരം ചെയ്യുന്നതിലൂടെ നാം ഒട്ടും ശ്രദ്ധിക്കാതെ സാവധാനത്തിൽ നരകത്തിന്റെ തീനാളങ്ങൾ നമ്മിലേക്ക് നുഴഞ്ഞുകയറുകയാവും ഫലം.

'അധോലോകത്തിൽനിന്നുള്ള കത്തുകളിൽ' സി.എസ്. ലൂയിസ് പറയുന്നത് ഏതാണ്ട് ഇതേ കാര്യമാണ്:"നരകത്തിലേയ്ക്കുള്ള ഏറ്റവും സുരക്ഷിതമായ മാർഗ്ഗം സാവധാനത്തിലുള്ളതാണ്-നേരിയ ഒരിറക്കം, മൃദുവായ ചുവടുകൾ, കൊടുംവളവുകൾ ഇല്ലാത്ത, നാഴികക്കല്ലുകളോ, ചൂണ്ടുപലകകളോ ഇല്ലാത്ത ഒരു പാത."

അതേ ഞാനും ആ സത്യം അംഗീകരിക്കുന്നു. നരകത്തിലേക്ക് കുത്തനെയുള്ള ഇറക്കമല്ല ഉള്ളത്. സാവധാനതയിൽ, കൊടുംവളവുകൾ ഇല്ലാത്ത പാതയിലൂടെയാണ് പിശാച് വളരെപ്പേരെ നരകത്തിലേക്ക് നടത്തിക്കൊണ്ടിരിക്കുന്നത്. വെളിപ്പാടുപുസ്തകം മൂന്നാം അദ്ധ്യായത്തിൽ വായിക്കുന്ന ലവോദിക്യാസഭയുടെ പ്രശ്നവും ഇതു തന്നെയായിരുന്നു. വെളിപ്പാട് 3:15,16 ൽ ഇപ്രകാരം നാം വായിക്കുന്നു. "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. നീ ഉഷ്ണവാനോ ശീതവാനോ അല്ല, നീ ഉഷ്ണവാനോ ശീതവാനോ ആയിരുന്നെങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല; മന്ദോഷ്ണവാനാകയാൽ നിന്നെ ഞാൻ എന്റെ വായിൽ നിന്നു തുപ്പിക്കളയും."

ദൈവത്തിന്റെ വായിൽനിന്ന് തുപ്പിക്കളയുക എന്നുവച്ചാൽ എന്താണ്? ദൈവത്താൽ പൂർണ്ണമായും തള്ളപ്പെടുന്ന അവസ്ഥയാണോ അതെന്ന് ഞാൻ സംശയിക്കുന്നു. അതോ ദൈവം ഏൽപ്പിച്ച ഒരു ശുശ്രൂഷയിൽ അഭിഷേകം നഷ്ടപ്പെട്ടവനായി എന്നാൽ എന്റെ ശുശ്രൂഷ അനുഗ്രഹമാണെന്നുള്ള ഭാവത്തിൽ കൈയടിക്കുന്ന ജനത്തിന്റെ മുമ്പിൽ ശുശ്രൂഷ തുടരുന്ന അവസ്ഥയാണോ? എന്തു തന്നെ ആയാലും ഇത് നല്ല ഒരു കാര്യമല്ല. എന്തുവിലകൊടുത്തും ആ അവസ്ഥ ഒഴിവാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നാം എല്ലാവരും അതേ ആഗ്രഹം ഉള്ളവരാണെന്ന് ഞാൻ വിശ്വസിക്കുന്നു.

**'അധോലോകത്തിൽനിന്നുള്ള കത്തു'കളിൽ സി.എസ്. ലൂയിസ് പറയുന്നു:"നരകത്തിലേയ്ക്കുള്ള ഏറ്റവും സുരക്ഷിതമായ മാർഗ്ഗം സാവധാനത്തിലുള്ളതാണ്-നേരിയ ഒരിറക്കം, മൃദുവായ ചുവടുകൾ, കൊടുംവളവുകൾ ഇല്ലാത്ത, നാഴികക്കല്ലുകളോ, ചൂണ്ടുപലകകളോ ഇല്ലാത്ത ഒരു പാത." അതേ, നരകത്തിലേക്ക് കുത്തനെയുള്ള ഇറക്കമല്ല ഉള്ളത്. സാവധാനതയിൽ, കൊടുംവളവുകൾ ഇല്ലാത്ത പാതയിലൂടെയാണ് പിശാച് വളരെപ്പേരെ നരകത്തിലേക്ക് നടത്തിക്കൊണ്ടിരിക്കുന്നത്. വെളിപ്പാടുപുസ്തകം മൂന്നാം അദ്ധ്യായത്തിൽ വായിക്കുന്ന ലവോദിക്യാസഭയുടെ പ്രശ്നവും ഇതു തന്നെയായിരുന്നു.**

തവളയുടെ ദുരന്തകഥ നമുക്ക് മറക്കാതിരിക്കാം. ദൈവത്തോടുകൂടെയുള്ള നമ്മുടെ ആത്മീയനടപ്പിൽ ഈ ചതിക്കുഴിയിൽ വീഴാതെ അവിടുന്ന് നമ്മെ കാക്കട്ടെ. ദൈവത്തോട് തീക്ഷ്ണമായ ഒരു സ്നേഹം നിലനിർത്താൻ നമുക്ക് ജാഗ്രതയുള്ളവരായിരിക്കാം. മന്ദോഷ്ണാവസ്ഥയിൽ നമ്മെ എത്തിക്കുവാൻ പിശാച് എന്തൊക്കെ തന്ത്രങ്ങളാണ് പ്രയോഗിക്കുന്നത് എന്ന ശ്രദ്ധയോടെ നമുക്ക് നമ്മുടെ ജീവിതങ്ങളെ പരിശോധിക്കാം. (തുടരും).

# നായാഗ്രയുടെ മുകളിലൂടെ....

ഓസ്‌വാൾഡ് ജെ. സ്മിത്ത്

**തെ**ളിഞ്ഞ ഒരു പ്രഭാതമായിരുന്നു അത്.

അതിഭയാനകമായ അലർച്ചയോടെ പതഞ്ഞൊഴുകുന്ന നായാഗ്രാനദി ആയിരക്കണക്കിന് അടിതാഴെയുള്ള പാറക്കെട്ടുകളിലേക്കു തല്ലി അലച്ചു വീഴുന്നു. വിശ്വപ്രസിദ്ധമായ ഈ നായാഗ്രാ വെള്ളച്ചാട്ടത്തിനു മുകളിൽ ഇരുകരകളേയും ബന്ധിച്ചുകൊണ്ട് 1100 അടി നീളം വരുന്ന ഒരു വടം വലിച്ചു കെട്ടിയിരിക്കുകയാണ്. കയറിനു മുകളിലൂടെ നടക്കുന്നതിൽ ഏറ്റവും കൂടുതൽ പ്രസിദ്ധിനേടിയിട്ടുള്ള അഭ്യാസി ചാൾസ് ബ്ലോണ്ടിൻ അന്ന് നയാഗ്രയ്ക്കു കുറുകെ വടത്തിന്മേൽ നടക്കുക എന്ന അത്യാപൽക്കരമായ പ്രകടനം കാഴ്ചവെയ്ക്കുകയാണ്. ചരിത്ര പ്രധാനമായ ഈ മുഹൂർത്തത്തിനു സാക്ഷ്യം വഹിക്കാൻ പതിനായിരക്കണക്കിന് ആളുകൾ നയാഗ്രയുടെ ഇരുകരകളിലും തടിച്ചുകൂടിയിരിക്കുന്നു. ടൊറന്റോയിൽ നിന്നും മറ്റും സ്പെഷ്യൽ ട്രെയിനുകളിൽ വലിയ ജനക്കൂട്ടം പിന്നേയും അങ്ങോട്ട് ഒഴുകിയെത്തുകയാണ്. തീയതി ജൂൺ 30. 1858.

പതിനായിരക്കണക്കിനു ജനം നോക്കി നിൽക്കുമ്പോൾ ബ്ലോണ്ടിൻ മെല്ലെ വടത്തിലൂടെ ബാലൻസു ചെയ്തു നടക്കാനാരംഭിച്ചു. എങ്ങും സൂചിവീണാൽ കേൾക്കാവുന്ന നിശ്ശബ്ദത. ഒടുവിൽ ബ്ലോണ്ടിൻ വിജയസ്മിതത്തോടെ മറുകരയെത്തിയപ്പോൾ താഴെ ജനം ഹർഷാരവം മുഴക്കി. നായാഗ്രയുടെ ഭയാനകമായ അലർച്ച പോലും ആ ആഹ്ലാദാരവങ്ങളിൽ മുങ്ങിപ്പോയി.

താഴെ കാത്തു നില്ക്കുന്ന ജനസഞ്ചയത്തെ നോക്കി കൈ വീശിയ ശേഷം ബ്ലോണ്ടിൻ അതാ പുതിയൊരു നിർദ്ദേശം മുന്നോട്ടു വയ്ക്കുകയായി- ചുമലിൽ കാണികളിൽ ഒരാളെയും വഹിച്ചുകൊണ്ട് താൻ വടത്തിലൂടെ മറുകരയ്ക്കുപോകാം. പക്ഷേ ആരായിരിക്കും അതിനു തയ്യാറാവുക? ആളുകൾ അന്യോന്യം ചോദിച്ചു.

"താങ്കളെ അക്കരെകൊണ്ടുപോകാൻ ഞാൻ പ്രാപ്തനാണെന്നു താങ്കൾ വിശ്വസിക്കുന്നുണ്ടോ?" ബ്ലോണ്ടിൻ കാണികളിൽ ഒരാളോടു ചോദിച്ചു.

"തീർച്ചയായും"

"അങ്ങനെയെങ്കിൽ താങ്കളെ വഹിച്ചുകൊണ്ട് ഞാൻ അക്കരയ്ക്കു പോകാം" ബ്ലോണ്ടിൻ സന്നദ്ധത പ്രകടിപ്പിച്ചു.

"പക്ഷേ അത് അപകടകരമല്ലേ? ഞാനെന്റെ ജീവനെ പന്താടാൻ തയ്യാറല്ല". അയാൾ മെല്ലെ ആൾക്കൂട്ടത്തിനിടയിൽ മുങ്ങി.

"ശരി താങ്കൾ എന്തു പറയുന്നു?" ബ്ലോണ്ടൻ ഇക്കുറി ചോദിച്ചതു തന്റെ മാനേജർ ഹെൻറി കോൾകോർഡിനോടാണ് "താങ്കളെ അക്കരെ കൊണ്ടുപോകാൻ ഞാൻ പ്രാപ്തനാണെന്നു വിശ്വസിക്കുന്നുവോ?" ചാട്ടുളിപോലെ ഒരു ചോദ്യം.

ഉത്തരവും അങ്ങനെയായിരുന്നു "ഞാൻ വിശ്വസിക്കുന്നു. സത്യത്തിൽ അക്കാര്യത്തിൽ എനിക്കു തെല്ലും സംശയമില്ല."

"എന്നെ താങ്കൾ ഉത്തമവിശ്വാസത്തോടെ ഭരമേല്പിച്ച് ഏല്പിക്കാൻ തയ്യാറാണോ?"

"തയ്യാറാണ്"

ശ്വാസം അടക്കിപ്പിടിച്ച് ജനം അതു നോക്കി നിന്നു. ഹെൻറിയെ ചുമലിൽ

*(ശേഷം പേജ് 21 ൽ)*





# അലക്സാണ്ടർ മാക്കേ:

## ഉഗാണ്ടയുടെ എൻജിനിയർ മിഷനറി

മാത്യു ജോർജ്

ചർച്ച് മിഷൻ സൊസൈറ്റി ആഫ്രിക്കയുടെ കിഴക്കൻ മേഖലയിലുള്ള ഉഗാണ്ടയിലേക്ക് 1876 ൽ എട്ടു പേരുള്ള ഒരു മിഷനറി സംഘത്തെ യാത്ര അയയ്ക്കുന്ന സമ്മേളനത്തിൽ ആ മിഷനറി സംഘത്തിന്റെ തലവനായ ചെറുപ്പക്കാരൻ ഇങ്ങനെ പറഞ്ഞു: "ആറുമാസത്തിനുള്ളിൽ ഞങ്ങളിൽ ആരെങ്കിലും മരിച്ച വാർത്ത മിക്കവാറും കേൾക്കേണ്ടിവരും എന്ന് കമ്മിറ്റിയിലുള്ള ബഹുമാനപ്പെട്ട അംഗങ്ങളെ ഓർപ്പിക്കട്ടെ. എട്ട് ഇംഗ്ലീഷുകാർ ഇരുണ്ട ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ ഹൃദയത്തിലേക്ക് യാത്രതിരിച്ചാൽ ആറു മാസത്തിനുശേഷം എട്ടുപേരും ജീവിച്ചിരിക്കുക സാദ്ധ്യമാണോ? ഒരാളെങ്കിലും-മിക്കവാറും ഞാൻ തന്നെ- അതിനകം മരിച്ചുവീണിരിക്കും. ആ വാർത്ത നിങ്ങളുടെ കാതുകളിൽ എത്തുമ്പോൾ നിരാശപ്പെടരുത്. ആ ഒഴിവു നികത്താൻ പകരം ഒരു മിഷനറിയെ ഉടൻ തന്നെ അയക്കുക!"

മരണം മുന്നിൽക്കണ്ട് ആഫ്രിക്കയുടെ മണ്ണിലേക്ക് കപ്പൽ കയറിയ യുവാവായ ആ മിഷനറിനേതാവ് അലക്സാണ്ടർ മാക്കേ ആയിരുന്നു. ലിവിങ്സ്റ്റൻ, സ്പെക്കെ, ഗോർഡൻ, സ്റ്റാൻലി തുടങ്ങിയ മിഷനറി വീരന്മാരുടെ പട്ടികയിൽ സ്ഥാനം നൽകേണ്ട യുവധീരൻ. 1849 ഒക്ടോബർ 13-ാം തീയതി സ്കോട്ട്ലന്റിലെ അബർദീൻ പ്രവിശ്യയിലെ, റൈനി എന്ന ഗ്രാമത്തിലാണ് മാക്കേ പിറന്നത്. ബുദ്ധിജീവികളുടെ കൂട്ടായ്മയിൽ വളർന്നപ്പോഴും ദൈവഭക്തിയുള്ള അന്തരീക്ഷത്തിലായിരുന്നു മാതാപിതാക്കൾ അലക്സാണ്ടർ മാക്കേ എന്ന മകനെ വളർത്തിയത്. സാഹിത്യത്തിൽ അതിനിപുണനായിരുന്ന മാക്കെയുടെ പിതാവുതന്നെയാണ് ആദ്യത്തെ പതിനാലു വർഷങ്ങൾ മകനെ പഠിപ്പിച്ചത്. കേവലം മൂന്നു വയസ്സ് മാത്രം പ്രായമുള്ളപ്പോൾ പുതിയ നിയമം അനായാസേന വായിച്ചിരുന്ന ആ ബാലൻ ഏഴുവയസ്സായപ്പോൾ ജോൺ മിൽട്ടന്റെ "പാരഡൈസ് ലോസ്റ്റ്" റസ്സലിന്റെ "ആധുനിക യൂറോപ്പിന്റെ ചരിത്രം" ഗിബ്ബണിന്റെ "റോമാസാമ്രാജ്യത്തിന്റെ പതനം" തുടങ്ങിയ ഗ്രന്ഥങ്ങൾ പഠിക്കാൻ തുടങ്ങിയിരുന്നു. പത്തുവയസ്സായപ്പോൾ ഭൂപടം നിർമ്മിക്കുന്നതിൽ അത്യധികമായ നൈപുണ്യം നേടിയതു കൂടാതെ അച്ചടിവിദ്യയും അഭ്യസിച്ചു. മാക്കേയുടെ ചെറിയ അച്ചടിശാലയിൽ നിന്നു പുറത്തുവന്ന അച്ചടിച്ച പേജുകൾ തികഞ്ഞ വ്യക്തതയുള്ളവയായിരുന്നു.

പതിനഞ്ചാം വയസ്സിൽ 1864 ൽ അബ്രീർദീനിലെ ഗ്രാമർ സ്കൂളിൽ പ്രവേശിച്ച മാക്കേ, സഹപാഠികളോടൊപ്പം വിനോദയാത്രകൾക്കുപോകാതെ ഫോട്ടോഗ്രാഫിയിലും, കപ്പൽ

**'ആറുമാസത്തിനുള്ളിൽ ഞങ്ങളിൽ ആരെങ്കിലും മരിച്ച വാർത്തമിക്കവാറും കേൾക്കേണ്ടിവരും എന്ന് കമ്മിറ്റിയിലുള്ള ബഹുമാനപ്പെട്ട അംഗങ്ങളെ ഓർപ്പിക്കട്ടെ. എട്ട് ഇംഗ്ലീഷുകാർ ഇരുണ്ട ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ ഹൃദയത്തിലേക്ക് യാത്രതിരിച്ചാൽ ആറു മാസത്തിനു ശേഷം എട്ടുപേരും ജീവിച്ചിരിക്കുക സാദ്ധ്യമാണോ? ഒരാളെങ്കിലും-മിക്കവാറും ഞാൻ തന്നെ-അതിനകം മരിച്ചുവീണിരിക്കും.**
**- അലക്സാണ്ടർ മാക്കേ**

നിർമ്മാണത്തിലും ശ്രദ്ധപതിപ്പിച്ചു. വിവിധ ഇടങ്ങളിൽനിന്നും വ്യത്യസ്ത മേഖലകളിൽ പ്രായോഗികജ്ഞാനം നേടുന്നതിൽ ഈ ചെറുപ്പക്കാരൻ വിജയിച്ചു. 1865 ൽ അമ്മയുടെ വേർപാട് മാക്കേയ്ക്ക് വലിയ ഒരാഘാതമായിരുന്നു. അന്ത്യസമയത്ത് ആ മാതാവ് മകനു നൽകിയ നിർദ്ദേശം "തിരുവെഴുത്തുകളെ പരിശോധിക്ക" എന്നതായിരുന്നു. അമ്മയുടെ അന്ത്യാഭിലാഷം നിറവേറ്റുക എന്നത് പിന്നീട് ആ മകൻ ഒരു ഉത്തരവാദിത്തമായി ഏറ്റെടുത്തു. അദ്ധ്യാപകർക്കുള്ള പരിശീലനം പൂർത്തിയാക്കിയ മാക്കേ എഡിൻബറോ സർവ്വകലാശാലയിൽ മൂന്നു വർഷത്തെ എൻജിനീയറിംഗ് ബിരുദകോഴ്സിനു ചേർന്നു. തുടർന്ന് എൻജിനീയറിഗിൽ ഒരു വർഷത്തെ ഉപരിപഠനവും നടത്തി. തുടർന്നുള്ള രണ്ടുവർഷം ജോർജ് വാട്സൺ കോളേജിൽ പഠിപ്പിച്ച മാക്കേ വൈകുന്നേരങ്ങളിൽ മോഡൽ നിർമ്മാണം, എൻജിനീയറിംഗ്, യന്ത്രങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ വ്യാപൃതനായി. ഞായറാഴ്ചകൾ സഭാരാധനയിൽ മുടങ്ങാതെ സംബന്ധിച്ചിരുന്ന മാക്കേ സൺഡേസ്കൂളിൽ പഠിപ്പിക്കയും ചെയ്തിരുന്നു. 1873 ൽ ജർമ്മനിയിലേക്ക് ഭാഷാപഠനത്തിനായി പോയ അലക്സാണ്ടർ മാക്കേ അവിടെയുള്ള ബെർലിൻ യൂണിയൻ എൻജിനിയറിംഗ് കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു. വൈകാതെ പ്രസ്തുത കമ്പനിയിലെ ലോക്കോമോട്ടീവ് വകുപ്പിന്റെ മേധാവിയായി.

ചെറിയ പ്രായത്തിൽ തന്നേ ഒരു മിഷനറിയായിത്തീരാൻ മാക്കേ തീരുമാനിച്ചിരുന്നു. ജർമ്മനിയിൽ ഡോ. ബേൺസ് തോംപ്സന്റെ ആഹ്വാനമാണ് ഉടൻതന്നെ മിഷനറിവേലക്ക് ഇറങ്ങാൻ പ്രേരകമായത്. മഡഗാസ്കറിന് പോകാനായിരുന്നു ആദ്യപ്രേരണ. ചർച്ച് മിഷൻ സൊസൈറ്റിയുടെ അഭിപ്രായത്തിൽ അപ്പോൾ ആ സ്ഥലത്തേക്ക് മിഷനറിമാരെ അയയ്ക്കാൻ സമയമായിരുന്നില്ല. ഇതേസമയത്ത് മോസ്ക്കോയിലുള്ള ഒരു വൻകിട എൻജിനിയറിംഗ് സ്ഥാപനത്തിന്റെ പങ്കാളിയാകാനുള്ള ക്ഷണം ലഭിച്ചെങ്കിലും യാതൊരു മടിയും കൂടാതെ മാക്കേ ആ ക്ഷണം നിരസിക്കുകയായിരുന്നു. മിഷനറിവേലയ്ക്കായുള്ള വാതിൽ ദൈവം എത്രയും വേഗം തുറക്കും എന്ന് ആ ചെറുപ്പക്കാരന് ഉറപ്പായിരുന്നു!

ലണ്ടനിലെ ഡെയിലി ടെലഗ്രാഫ് പത്രം മിഷനറിയായ സ്റ്റാൻലിയുടെ പിൽക്കാലത്ത് പ്രസിദ്ധമായിത്തീർന്ന ഒരു കത്ത് 1875 ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഉഗാണ്ടയിലേക്ക് മിഷനറിമാരെ അയയ്ക്കാൻ ക്രൈസ്തവലോകത്തെ വെല്ലുവിളിക്കുന്നതായിരുന്നു ആ കത്ത്. ഉഗാണ്ടയിലേക്ക് പോകാനുള്ള മാക്കേയുടെ സമ്മതം മിഷനറി സൊസൈറ്റി സസന്തോഷം സ്വീകരിക്കയും അലക്സാണ്ടർ മാക്കേക്ക് ഒരു എൻജിനിയർ-മിഷനറിയായി ആഫ്രിക്കയിലേക്ക് പോകാനുള്ള വാതിൽ അങ്ങനെ തുറക്കുകയും ചെയ്തു. ആ വർഷം മാർച്ച് ആദ്യം മാക്കേ ലണ്ടനിൽ മടങ്ങി എത്തുകയും ആഫ്രിക്കയിൽ





വച്ച് കൂട്ടിച്ചേർക്കേണ്ടതായ ഒരു മോട്ടോർ ബോട്ടിനുള്ള യന്ത്രസാമഗ്രികൾ എല്ലാം ശേഖരിക്കയും ചെയ്തു. 1876 ഏപ്രിൽ 27-ാം തീയതി ഏഴു സഹമിഷനറിമാരോടൊപ്പം മാക്കേ ഇംഗ്ലണ്ടിൽ നിന്നും 'പേഷാവൂർ' എന്ന കപ്പലിൽ യാത്രതിരിച്ച് മെയ് 29-ാം തീയതി ആഫ്രിക്കയിലെ സാൻസിബാർ തുറമുഖത്ത് എത്തിച്ചേർന്നു. തുടർന്ന് വാമി നദിയിലൂടെ യാത്ര അസാദ്ധ്യമെന്ന് മനസ്സിലാക്കിയ മിഷനറിസംഘം കാൽനടയായി ലക്ഷ്യസ്ഥാനത്തേക്ക് തിരിച്ചു. യാത്രാമദ്ധ്യേ നവംബർ മാസത്തിൽ ഉഗോഗോ എന്ന സ്ഥലത്തെത്തിയപ്പോൾ മാക്കേ ഗുരുതരമായ രോഗം ബാധിച്ച് യാത്ര തുടരാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലായി. അടുത്ത വർഷം ജൂൺമാസം വരെ കടൽത്തീരത്ത് വിശ്രമിക്കാനായി മിഷനറിസംഘടന അദ്ദേഹത്തോട് നിർദ്ദേശിച്ചു. ഈ ഇടവേളയിൽ വിക്ടോറിയാതടാകത്തിൽ എത്തിയ സഹപ്രവർത്തകർക്ക് സാധനസാമഗ്രികളുമായി ഒരു ദൗത്യസംഘത്തെ അയച്ചതുകൂടാതെ ആഫ്രിക്കക്കാരുടെ സഹകരണത്തോടെ തീരദേശത്തുനിന്നും വിക്ടോറിയാ തടാകം വരെ 230 മൈൽ നീളത്തിൽ ഒരു റോഡ് നിർമ്മിക്കയും ചെയ്തു.

സ്മിത്ത്, ഓനീൽ എന്നീ സഹപ്രവർത്തകർ 1878 മാർച്ചുമാസം വിക്ടോറിയായിൽ ദാരുണമായി കൊലചെയ്യപ്പെട്ടു. കൂടുതൽ രക്തച്ചൊരിച്ചിൽ ഏതു വിധേനയും ഒഴിവാക്കണം എന്നുള്ള പ്രാർത്ഥനയോടെ മാക്കേ സംഭവസ്ഥലത്തേക്ക് പാഞ്ഞെത്തി. മറ്റുള്ള മിഷനറിമാർ അനാരോഗ്യം മൂലം സ്വദേശത്തേക്ക് മടങ്ങിപ്പോയിരുന്നു. വിക്ടോറിയയിൽ എത്തിയ മാക്കേ, മിഷനറിസംഘം കൊണ്ടുവന്നിരുന്ന യന്ത്രസാമഗ്രികൾ കൊണ്ട് 'ഡെയിസി' എന്ന് നാമകരണം ചെയ്ത ബോട്ട്, യാത്രയ്ക്ക് സജ്ജമാക്കുകയും വിക്ടോറിയാ തടാകത്തിലൂടെ മറുക



അലക്സാണ്ടർ മാക്കേ

രയിലുള്ള ഉഗാണ്ടയുടെ എന്റബിയിൽ എത്തി ടെസ്സാ രാജാവിനെ കാണുകയും ചെയ്തു. ടെസ്സാ രാജാവും പ്രജകളും മാക്കേയ്ക്ക് സ്വാഗതം അരുളി എങ്കിലും അവിടെയുണ്ടായിരുന്ന റോമൻ കത്തോലിക്കരും മുസ്ലീങ്ങളും മാക്കേയുടെ വരവിനെ എതിർക്കുന്നവരായിരുന്നു. രാജാവിന്റെ സംരക്ഷണം ഉറപ്പാക്കിയ മാക്കേ ഉഗാണ്ടാ വംശക്കാരോട് സുവിശേഷം പ്രസംഗിക്കാൻ തുടങ്ങി. അവർ പഠിക്കാൻ താത്പര്യം ഉള്ളവരായിരുന്നു. വൈകാതെ മാക്കേ ബൈബിൾപരിഭാഷ ആരംഭിച്ചു. അച്ചടിശാലയിൽ ദീർഘസമയം ചെലവഴിച്ചു. തന്റെ അദ്ധ്വാനത്തിന് ഫലമുണ്ടായി. 1879 ആയപ്പോഴേക്കും ധാരാളം നാട്ടുകാർ ദൈവവചനം പഠിക്കാനും വായിക്കാനും തത്പരരായി കടന്നുവരുന്നതായി മാക്കേ തന്നെ സാക്ഷ്യം പറയുകയുണ്ടായി. 1882 ൽ ആദ്യമായി ചിലർ സ്നാനപ്പെട്ടു. രണ്ടുവർഷത്തിനുള്ളിൽ ഉഗാണ്ടയിലെ ആദ്യത്തെ പ്രാദേശിക സഭയിൽ 86 ആഫ്രിക്കക്കാരായ അംഗങ്ങൾ ഉണ്ടായിരുന്നു.

സഭയുടെ വളർച്ച സുഗമം ആയിരുന്നില്ല. പലതവണ മാക്കേയുടെ നേരേ വധശ്രമം ഉണ്ടായി. 1884 ൽ ടെസ്സാ രാജാവിന്റെ മരണശേഷം മകൻ വാംഗാ രാജാവായപ്പോൾ ക്രിസ്ത്യാനികൾക്ക് വളരെ ഉപദ്രവം ഉണ്ടായി. 1885 ൽ വാംഗായുടെ വഴിപിഴച്ച ലൈംഗിക താത്പര്യങ്ങൾക്ക് വഴ

ങ്ങാതിരുന്ന മുപ്പതിലധികം ക്രിസ്തീയവിശ്വാസികളായ ബാലന്മാരെ ജീവനോടെ ചുട്ടുകരിച്ചു. ഉഗാണ്ടയിൽ മിഷനറിവേലക്ക് തുടക്കംകുറിച്ച സ്റ്റാൻലിയിൽ നിന്നും ടെസ്സാ രാജാവ് ക്രിസ്തീയമാർഗ്ഗത്തിന്റെ പലപാഠങ്ങളും അഭ്യസിച്ചിരുന്നു. ടെസ്സായുടെ ആഗ്രഹപ്രകാരമാണ് സ്റ്റാൻലി ആഫ്രിക്കയിലെ ഉഗാണ്ടയിലേക്ക് മിഷനറിമാരെ അയയ്ക്കാൻ ആഹ്വാനം നടത്തിയത്. മാക്കേയുടെ എൻജിനീയറിംഗിലുള്ള പ്രാവീണ്യമാണ് ടെസ്സായുടെ മനസ്സിനെ സ്വാധീനിച്ചത്. ടെസ്സായുടെ സിംഹാസനത്തിൽ പുതിയഭരണാധികാരിയായി വന്ന വാംഗാ പിതാവിന്റെ യാതൊരു സൽഗുണങ്ങളും ഇല്ലാതെ എല്ലാ ദുർഗുണങ്ങളും നിറഞ്ഞ വ്യക്തിയായിരുന്നു. നിർഭാഗ്യവശാൽ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും മത്സരബുദ്ധ്യാ ക്രിസ്തീയസന്ദേശം പ്രചരിപ്പിക്കയും യഥാർത്ഥക്രിസ്തീയതയുടെ വക്താക്കളെന്ന് അവകാശപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ആഫ്രിക്കക്കാരായ ഈ രണ്ടു ചേരിയിൽ പെട്ടവർതമ്മിൽ ആഭ്യന്തരയുദ്ധത്തിന് വഴിതെളിഞ്ഞു. മൊംഗോയിലെ രക്തരൂഷിതമായ യുദ്ധത്തിലാണ് കാര്യങ്ങൾ അവസാനിച്ചത്. ബ്രിട്ടീഷ് പട്ടാളത്തിന്റെ ഇടപെടൽമൂലം ഉഗാണ്ടയിൽ കത്തോലിക്കാ-പ്രൊട്ടസ്റ്റന്റ് സ്വാധീനമുള്ള വ്യത്യസ്തമേഖലകൾ ഉണ്ടായി എന്നുള്ളത് ക്രിസ്തുമാർഗ്ഗത്തിന് കളങ്കമായി.

ഈ കാലഘട്ടത്തിൽ പലതവണ മാക്കേയ്ക്ക് ഉഗാണ്ടാവിടാനുള്ള അന്ത്യശാസനം നൽകപ്പെട്ടിരുന്നെങ്കിലും, സമർത്ഥനായ ഒരു എൻജിനീയർ എന്ന നിലയിൽ മാക്കേയുടെ സാന്നിദ്ധ്യം പലപ്പോഴും ഒഴിച്ചുകൂടാൻ പാടില്ലാത്തതായിരുന്നതിനാൽ പുറത്താക്കൽ വൈകി. എന്നാൽ അറബികളായ കച്ചവടക്കാരുടെ സ്വാധീനത്താൽ ഒടുവിൽ 1887 ൽ വാംഗാ രാജാവ് മാക്കേയെ പുറത്താക്കി. ഉഗാണ്ടയിൽ നിന്നും പുറത്താക്കപ്പെട്ട ശേഷം മാക്കേ വിക്ടോറിയായുടെ തെക്കേ അറ്റത്തുള്ള ടാങ്കനിക്കയിൽ സുവിശേഷവേല തുടർന്നു. ബൈബിൾ പരിഭാഷയും അച്ചടിയും തുടരുകയും ഉഗാണ്ടയിൽനിന്നു പീഡമൂലം ഒളിച്ചോടുന്ന അഭയാർത്ഥികളെ ശുശ്രൂഷിക്കയും ചെയ്ത മാക്കേ 1890 ൽ കഠിനമായ മലേറിയ ബാധിച്ച് അവശനിലയിലായി. അവിവാഹിതനും മിക്കപ്പോഴും ഏകനായി മിഷനറിവേല ചെയ്തവനുമായിരുന്ന ഉഗാണ്ടായുടെ ഈ മിഷനറിക്കു മരിക്കുമ്പോൾ കേവലം 40 വയസ്സുമാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. "ക്രിസ്തുവിനു വേണ്ടി ആഫ്രിക്ക" എന്ന മുദ്രാവാക്യം ഹൃദയത്തിൽ കോറിയിട്ടിരുന്ന ഈ ധീരനായ എൻജിനീയറിംഗ് മിഷനറിയുടെ വേർപാടിൽ കദനഭാരവുമായി സഹപ്രവർത്തകർ പറഞ്ഞവാക്കുകൾ ലളിതമെങ്കിലും വാചാലമായിരുന്നു. നികത്താനാവാത്ത ആ നഷ്ടത്തെപ്പറ്റി അവർ പറഞ്ഞത് ഇപ്രകാരമായിരുന്നു: "ഞങ്ങൾ ഇരുപതു പേർ ചേർന്നാലും ഒരു മാക്കേയ്ക്കു തുല്യമാകയില്ല'!

പ്രതികൂലമായ സാഹചര്യങ്ങളിൽ സ്വദേശത്തേക്കു മടങ്ങിപ്പോകാൻ മാക്കേയെ സ്നേഹിച്ച പലരും ഉപദേശിച്ചിരുന്നു. എന്നാൽ പകരം ഒരാൾ തന്റെ സ്ഥാനം ഏറ്റെടുക്കുംവരെ 'കാവൽമാട'ത്തിൽ നിന്നും അണുവിട ചലിക്കയില്ല എന്ന് ദൃഢനിശ്ചയം ചെയ്തിരുന്ന ആ മിഷനറി വീരൻ, വർഷങ്ങൾക്കുമുമ്പ് മിഷനറി സൊസൈറ്റിയുടെ മുമ്പാകെ യാത്രയപ്പു വേളയിൽ പറഞ്ഞ വാക്കുകൾ അവസാനശ്വാസം വരെ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. ഇരുണ്ട ഭൂഖണ്ഡത്തിൽ സുവിശേഷവെളിച്ചം എത്തിച്ച മാക്കേയുടെ ഓർമ്മ നമ്മെയും പ്രബുദ്ധരാക്കട്ടെ.

●





## നായാഗ്രയുടെ മുകളിലൂടെ.. *പേജ് 16 ൽ നിന്ന്*

വഹിച്ച് ബ്ലോണ്ടിൻ മറുകരയ്ക്ക് വടത്തിലൂടെ അടിവച്ചു നീങ്ങുകയായി. അവരുടെ ഭാരംകൊണ്ട് താഴെ വടം മുറുകി വലിഞ്ഞു നിന്നു. ഓരോ അടിയായി പക്ഷേ വ്യക്തമായ ചുവടുവയ്പുകളോടെ. ബ്ലോണ്ടിൻ മെല്ലെ മെല്ലെ നടക്കുകയാണ് ചുമലിൽ ഹെൻറിയും. എന്തൊരു ആത്മവിശ്വാസം!

ഒടുവിൽ വടത്തിന്റെ മധ്യഭാഗത്തെത്തി. താഴെ ഇരച്ചാർത്തു വീഴുന്ന വെള്ളച്ചാട്ടം. അതിൽ നിന്നു ജലകണികകൾ മൂടൽമഞ്ഞുപോലെ ഉയരുന്നു. അവയ്ക്കിടയിലൂടെ വെള്ളച്ചാട്ടം ചെന്നു പതിക്കുന്ന കരിമ്പാറക്കെട്ടുകൾ അവ്യക്തമായി കാണാം. ഭയാനകമായ ഈ ദൃശ്യങ്ങൾക്കു മുകളിൽ മധ്യാകാശത്തിലെന്നവണ്ണം അവർ! ജനം ഭയത്തോടെ ആ കാഴ്ച നോക്കി നിന്നു.

വീണ്ടും മുന്നോട്ട്. അവർ മെല്ലെ കാനഡയുടെ കരയെ സമീപിക്കുകയാണ്. പെട്ടെന്ന് അപകടരേഖ മറികടന്ന് ഓടി വന്ന കാണികളിലൊരാളുടെ കൈതട്ടി വടം വലിച്ചു കെട്ടിയ പോസ്റ്റ് കുലുങ്ങി. വലിഞ്ഞു നിന്ന വടം ഭയാനകമായി അങ്ങോട്ടും ഇങ്ങോട്ടും ആടുവാൻ തുടങ്ങി. എന്തും സംഭവിക്കാവുന്ന നിമിഷം. ആളുകൾ വീർപ്പടക്കി നോക്കി നിന്നു. ഉൽക്കണ്ഠ അതിന്റെ പരകോടിയിലെത്തി. ബ്ലോണ്ടിൻ ഹെന്റിയോട് ചുമലിൽ നിന്ന് താഴെയിറങ്ങാൻ പറഞ്ഞു. ഒരു പാദം വടത്തിൽ ചവിട്ടി കൈകൾ ബ്ലോണ്ടിന്റെ തോളിൽ വച്ച് ഹെൻറി മെല്ലെ ഇറങ്ങി.

"ഹെൻറി" ബ്ലോണ്ടിൻ വിളിച്ചു "നിങ്ങൾ ഇനി ഹെൻറിയല്ല. ബോണ്ടിൻ തന്നെയാണ്. എന്റെ ഒരു ഭാഗം. ഞാൻ ആടുകയാണെങ്കിൽ എന്നോടൊപ്പം ആടുക. സ്വയം ബാലൻസുപിടിക്കാൻ ശ്രമിക്കരുത്. അങ്ങനെ ചെയ്താൽ നാം ഇരുവരും താഴെ വീണു തവിടുപൊടിയാകും."

അതു സമ്മതിച്ച് ഹെൻറി വീണ്ടും ബ്ലോണ്ടിന്റെ ചുമലിൽ കയറി. വടം അതിഭയാനകമായി ഇരുവശത്തേക്കും ആടുന്നതിനിടയിൽ ബ്ലോണ്ടിൻ വടത്തിലൂടെ മറുകരയിലേക്ക് ഓടുവാൻ തുടങ്ങി. എങ്ങനെയാണ് ബ്ലോണ്ടിനു ബാലൻസ് കിട്ടിയത്? ആർക്കും അറിയില്ല. പക്ഷേ അയാൾ അതു സാധിച്ചു. ആളുകളെ ഉൽക്കണ്ഠയുടെ മുൾമുനയിൽ നിർത്തിക്കൊണ്ട് ബ്ലോണ്ടിൻ അവസാന ചുവടുംവച്ചു. അവർ സുരക്ഷിതരായി അക്കരെയെത്തി. കാണികളുടെ ആവേശം അണപൊട്ടി. പിരിമുറുക്കം അയഞ്ഞു. ഉൽക്കണ്ഠ ആഹ്ലാദത്തിനു വഴിമാറി.

കാലത്തിനും നിത്യതയ്ക്കും ഇടയ്ക്കുള്ള വലിയ പിളർപ്പിനു മുകളിലൂടെ വലിച്ചു കെട്ടിയിരിക്കുകയാണ് രക്ഷയുടെ വലിയ വടം. ഇതുവരെ അതു പൊട്ടിയിട്ടില്ല. ആ വടത്തിലൂടെ അക്കരെ കടക്കാൻ കഴിഞ്ഞിട്ടുള്ളത് യേശുക്രിസ്തുവിനു മാത്രം. നിങ്ങൾ ഇതെപ്പറ്റി കേട്ടിട്ടുണ്ടാകാം. കാണികളിൽ ആദ്യത്തെ ആളിനെപ്പോലെ യേശുവിനു നിങ്ങളെ അക്കരെ എത്തിക്കാൻ കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുമുണ്ടാവും. പക്ഷേ ആ നിർണായക ചുവട് എടുത്തു നിങ്ങൾ സ്വയം തന്നിൽ ഭരമേല്പിച്ച് ആശ്രയിച്ചിട്ടില്ലെങ്കിൽ മറുകരെ എത്തുവാൻ സാധ്യമല്ല. നിങ്ങൾ വിശ്വസിക്കുന്നുണ്ടാവും. പക്ഷേ നിങ്ങൾ ഭരമേല്പിച്ച് ആശ്രയിക്കേണ്ടതുണ്ട്. സുഹൃത്തേ, പറയൂ നിങ്ങൾ ഇങ്ങനെ നിങ്ങളെത്തന്നെ ഭരമേല്പിച്ചിട്ടുണ്ടോ? അതോ, നിങ്ങൾ കേവലം ബുദ്ധികൊണ്ടു 'വിശ്വസിക്കുക' മാത്രമേ ചെയ്തിട്ടുള്ളോ? അവസാനത്തെ നിർണായകമായ ചുവട് എടുക്കുന്നതിൽ നിങ്ങൾ പരാജയപ്പെട്ടോ? എങ്കിൽ നിങ്ങളുടെ ഇച്ഛയുടെ വ്യക്തമായ ഒരു പ്രവൃത്തികൊണ്ട് നിങ്ങളുടെ ആശ്രയം കർത്താവായ യേശുവിൽ വയ്ക്കുക. നിങ്ങൾ അതു ചെയ്യുമോ?-ഇപ്പോൾ തന്നെ. എങ്കിൽ അവിടുന്നു നിന്നെ സുരക്ഷിതമായി അക്കരെ എത്തിക്കും.

●

**ചിന്തയ്ക്ക്**

# ദൈവത്തിൽ നിന്ന് ഒഴുകിപ്പോകുന്നതിന്റെ അപകടങ്ങൾ


"അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊള്ളുവാൻ ആവശ്യമാകുന്നു" (എബ്രാ. 2:1).

വിശ്വാസിയേയും അവിശ്വാസിയേയും ഒരുപോലെ ബാധിക്കുന്ന, എത്രയും ഹീനമായ സ്വാധീനങ്ങളിൽ ഒന്നാണ് 'ഒഴുക്കിനൊത്തുള്ള നീക്കം'.ശത്രുവിന്റെ തുറന്ന ആക്രമണത്തെ ചെറുക്കുവാൻ ക്രിസ്തീയജീവിതത്തിൽ നമുക്കറിയാം. പ്രകടമായ പരീക്ഷണങ്ങളെ വെല്ലുവാനുള്ള സർവ്വായുധസന്നാഹങ്ങൾ ധരിച്ചിരിക്കുമ്പോഴും ഒളിഞ്ഞു വരുന്നതും വഞ്ചനാപരവുമായ ഒഴുകിപ്പോകുവാനുള്ള പ്രവണതയോട് പ്രതിരോധമില്ലാത്ത സമീപനമാണ് പ്രായേണ പുലർത്തിക്കാണുന്നത്. "അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊള്ളുവാൻ ആവശ്യമാകുന്നു." എല്ലാ ക്രിസ്ത്യാനികളും അഭിമുഖീകരിക്കുന്ന ഈ അപകടത്തിനെതിരെയുള്ള ഗൗരവമേറിയ മുന്നറിയിപ്പാണ് എബ്രായലേഖനത്തിൽക്കാണുന്നതായി ക്രിസ്തീയ സഭയ്ക്ക് നൽകപ്പെട്ട ഈ വാക്കുകൾ.

ഈ ഒഴുക്കിന്റെ ആദ്യത്തെ ആകർഷണം എത്ര നിശ്ശബ്ദമായും ശ്രദ്ധിക്കപ്പെടാതെയുമാണ് വരുന്നതെന്ന് നോക്കുക. ഇത് നമ്മെ അസ്വസ്ഥരാക്കിയിരുന്നെങ്കിൽ, ഒരു ഞെട്ടലോ, കുലുക്കമോ നമ്മിൽ ഉളവാക്കിയിരുന്നെങ്കിൽ, ഇതിലേക്കു തന്നെ നമ്മുടെ ശ്രദ്ധയെ ഒന്നു തിരിച്ചിരുന്നെങ്കിൽ നമ്മെത്തന്നെ സൂക്ഷിക്കുവാൻ ഇതൊക്കെ ധാരാളം മതിയാകുമായിരുന്നു.എന്നാൽ നോക്കുക ! അത്തരത്തിലുള്ള അപകടസൂചനയൊന്നും ഒരിക്കലും ലഭിക്കുന്നില്ല. മയക്കത്തിൽനിന്ന് ഉണർത്തുന്ന അപകടമണിയും മുഴങ്ങാറേയില്ല. തിരത്തള്ളലിന് ഒപ്പം ഒഴുകുന്ന ഒരു കപ്പൽപോലെ, വളരെ എളുപ്പത്തിൽ നിശ്ശബ്ദമായി നാമും ഒഴുകുന്നു. നാം ഒഴുകിനീങ്ങുന്ന ജലപ്രവാഹത്തിന്റെ ശക്തി വലിയതാകയാൽ ഈ പ്രക്രിയയെക്കുറിച്ച് നാംതന്നെ ബോധവാന്മാരല്ല. നമുക്കുള്ളിലും നമ്മുടെ ചുറ്റുപാടും ഈ ശക്തിയുടെ സ്വാധീനം അനുഭവപ്പെടുന്നു . ഉള്ളിൽ നിന്നും ഉയരുന്ന സ്വാഭാവിക പ്രേരണകളാണ് ആന്തരികമായ ഒഴുക്കിന്റെ ഉറവിടം. സുഖത്തിനും സന്തോഷത്തിനും വേണ്ടിയുള്ള നമ്മുടെ ഇഷ്ടം , ജഡി







**ആഗ്രഹിച്ചിട്ടും സ്വതന്ത്രരാകുവാൻ കഴിയാത്തവണ്ണം നമ്മുടെ ശീലങ്ങൾ നമ്മെ ചുറ്റുപാടുകളിലെ ഒഴുക്കിനോട് ചേർന്ന് ബന്ധിച്ചിരിക്കുന്ന ഗുരുതരമായ അപകടത്തിലാണോ നമ്മുടെ ജീവിതം?**

കാഭിലാഷങ്ങൾ, ആത്മാവിന്റെ ലോകമയത്വം , ഇവയെല്ലാം ഇതിലുൾപ്പെടുന്നു. ഇതേ ദിശയിലേക്ക് തന്നെ ഗതി തിരിച്ചു വിട്ടിരിക്കുന്ന ഒഴുക്കിന്റെ ശക്തികളെ നമുക്ക് ചുറ്റുപാടിലും കാണാം - ജീവിതത്തിന്റെ തന്നെ തെറ്റായപ്രവണതകൾ , കാലത്തിന്റെ സവിശേഷത, സാമൂഹിക സമ്പ്രദായങ്ങളും കീഴ്വഴക്കങ്ങളും, തൊഴിൽരംഗത്തെ ഭൗതിക നിലപാടുകൾ , സാഹിത്യം , വിനോദം തുടങ്ങിയവ . ഇവയെല്ലാം നിരന്തരമായി നമ്മെ ചുറ്റിത്തിരിഞ്ഞ് ഇടയ്ക്കിടെ നമ്മെ തൊടുകയും ,ക്രമേണ കുറച്ചുകൂടി അടുത്തേയ്ക്ക് പറ്റിച്ചേർന്ന് , ഒടുവിൽ ഇവയുടെ ചാർച്ചക്കാരനായ നമ്മുടെ ദേഹിയുമായി സഖ്യത്തിലേർപ്പെട്ട് നമ്മിൽ ക്രിയ ചെയ്യുവാൻ തുടങ്ങുകയും ചെയ്യുന്നു. ഏറെക്കുറെ എന്താണ് സംഭവിക്കുന്നതെന്ന് നമ്മെ അറിയിക്കാതെതന്നെ, ഈ ജീവിതമണിമാളിക ക്രമേണ അവർ കീഴടക്കുന്നു.

## ഏറ്റവും എളുപ്പമുള്ള പാത

ദയനീയമെന്ന് പറയട്ടെ; ഈ 'ഒഴുക്കിനൊത്തുള്ള ജീവിതം വളരെ എളുപ്പത്തിൽ പിൻപറ്റാവുന്ന ഒരു മാർഗ്ഗമാണ്.ഒരു ജലപ്രവാഹത്തിലൂടെ താഴോട്ട് ഒഴുകിപ്പോകുവാനോ, ഒരു വേലിയേറ്റത്തിനൊപ്പം മുന്നോട്ട് പായുവാനോ വലിയ ശക്തിയൊന്നും ചെലവഴിക്കേണ്ട ആവശ്യമില്ല. ഒഴുക്കിനൊത്തുള്ള ഒരു ജീവിതത്തിനും ആവശ്യമായിരിക്കുന്നത് ഇതൊക്കെമാത്രം - അല്പം അയഞ്ഞ നിലപാട്, ഒന്നും ചെയ്യാതിരിക്കുക, പോരാട്ടമൊക്കെ നിർത്തി ഒന്നു സ്വതന്ത്രമാവുക ; അങ്ങനെ നമുക്കുള്ളിലും ചുറ്റുപാടുമുള്ള ലോകത്തിന്റെ സ്വാധീനത്തിന് ഒന്നു കീഴ്പ്പെടുക. മത്തായി 7:3-ൽ ഇപ്രകാരം വായിക്കുന്നു; "നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽക്കൂടികടക്കുന്നവർ അനേകരും ആകുന്നു".

ഒരു മനുഷ്യജീവിതവും ഒരിക്കലും കർത്താവിങ്കലേക്ക് യദൃച്ഛയാ ഒഴുകിയെത്തുന്നില്ല. അതിന് ഊർജ്ജവും വ്യക്തിത്വത്തിൽ ബലാല്ക്കാരത്തിന്റെ ആത്മാവും ആവശ്യമാണ്. കർത്താവിൽ നിന്ന് ഒഴുകി അകലുന്നതിന് ഇതൊന്നും ആവശ്യമില്ല. നമ്മുടെ സഹ

ജവാസനകളുടെ സ്വാധീനത്തിന് ഒന്ന് കീഴടങ്ങിയാൽ മാത്രം മതി. അത്രയും എളുപ്പമായ ഒന്നാണിത്. ഇത്തരത്തിലുള്ള, ഒഴുക്കിനൊത്തുള്ള ജീവിതം തികച്ചും വഞ്ചനാത്മകമായ ഒരു എളുപ്പമാർഗ്ഗമായതുകൊണ്ട് തന്നെ, കുറച്ചു നാളെങ്കിലും കർത്താവിനെ അനുഗമിച്ചിട്ടുള്ള എല്ലാവരും ഈ ഒഴുക്കിന്റെ സ്വാധീനശക്തികളെ എതിർത്ത്ഉറച്ചുനിൽക്കേണ്ടതിന് തന്നെത്താൻ ഉത്സാഹിപ്പിക്കേണ്ട ആവശ്യത്തെക്കുറിച്ച് അറിവുള്ളവരാണ്. യേശുവിന്റെ ഉപദേശങ്ങളിലെ അത്തരത്തിലുള്ള ലളിതമായ വെല്ലുവിളി കാണാതിരിക്കുവാൻ ആർക്കു കഴിയും ?.

## ഒഴുക്കിനെതിരെയുള്ള നിലപാട്

ഈ ജീവിതത്തിന്റെ ഗതിയിൽ കാറ്റിൽഅങ്ങോട്ടുമിങ്ങോട്ടും ഇളകിയാടുന്ന ഇലകളെപ്പോലെയാകാതെ ദൃഢനിശ്ചയത്തോടെ വ്യക്തിപരമായി മുൻകൈയെടുത്ത് വളരുവാനാണ് കർത്താവ് എപ്പോഴും മനുഷ്യരെ ഉത്സാഹിപ്പിക്കുന്നത്. നോഹയുടെ കാലത്ത് ജീവിച്ചിരുന്ന മനുഷ്യരെക്കുറിച്ചുള്ള കർത്താവിന്റെ കുറ്റാരോപണം അവർ അക്രമാസക്തരായവരെന്നല്ല - മറിച്ച് ദൈവത്തിന്റെ സന്ദർശനകാലത്ത് ആത്മപരിശോധനചെയ്യാത്തവരും ഉപരിതലത്തിൽ ഒഴുകുന്നവരുമായി, അസ്ഥിരന്മാരായി സാമുഹികസ്വാധീനങ്ങൾക്ക് വശംവദരായി, തിന്നും കുടിച്ചും പോന്നു എന്നുള്ളതാണ് (മത്താ. 24:37-39). എന്നാൽ യോഹന്നാൻസ്നാപകനെക്കുറിച്ചുള്ള യേശുവിന്റെ പ്രശംസ, 'വളയ്ക്കുവാൻ കഴിയാത്ത ധാർമികമൂല്യങ്ങളും ലക്ഷ്യങ്ങളുമുള്ള മനുഷ്യൻ' എന്നാണ്. അഭിപ്രായങ്ങളുടെ ഒരോ ഇളം തെന്നലിൽ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടുന്നദുർബലനോ, "കാറ്റിനാൽ ഉലയുന്ന ഓടയോ" അല്ല. മറിച്ച് പരിണതഫലമെന്തായിരുന്നെന്നാലും തന്റേതായ നിലപാടിൽ ഉറച്ചനിന്നവനായിരുന്നു, യോഹന്നാൻ സ്നാപകൻ.

**ഒരു മനുഷ്യജീവിതവും ഒരിക്കലും കർത്താവിങ്കലേക്ക് യദൃച്ഛയാ ഒഴുകിയെത്തുന്നില്ല. അതിന് ഊർജ്ജവും വ്യക്തിത്വത്തിൽ ബലാല്ക്കാരത്തിന്റെ ആത്മാവും ആവശ്യമാണ്. കർത്താവിൽ നിന്ന് ഒഴുകി അകലുന്നതിന് ഇതൊന്നും ആവശ്യമില്ല. നമ്മുടെ സഹജവാസനകളുടെ സ്വാധീനത്തിന് ഒന്ന് കീഴടങ്ങിയാൽ മാത്രം മതി. അത്രയും എളുപ്പമായ ഒന്നാണിത്. ഇത്തരത്തിലുള്ള, ഒഴുക്കിനൊത്തുള്ള ജീവിതം തികച്ചും വഞ്ചനാത്മകമായ ഒരു എളുപ്പമാർഗ്ഗമാണ്.**

ഉദ്ദേശ്യലക്ഷ്യങ്ങളോടെയുള്ള ജീവിതത്തെ യേശു വളരെ വിലമതിച്ചിരുന്നു. ഒഴുകിപ്പോകുന്ന ജീവിതത്തിന്റെ മൂല്യമില്ലായ്മ ഗ്രഹിച്ചതിനാൽ ഇപ്രകാരമുള്ള ജീവിതത്തിനായി വളരെ ശക്തമായ തീരുമാനങ്ങൾ എടുക്കുവാനുള്ള ആഹ്വാനം അവിടുന്നു നൽകുന്നു."ജീവനിൽ കടക്കുന്നതിന് നിന്റെ കണ്ണ് നിനക്ക് ഇടർച്ച ആയാൽ അതിനെ ചൂഴ്ന്നെടത്ത് എറിഞ്ഞുകളക".വീണ്ടും പറയുന്നു: " നിന്റെ കൈയോ കാലോ നിനക്ക് ഇടർച്ചയായൽ അതിനെ വെട്ടി എറിഞ്ഞുകളയുക". " ഇടുക്കുവാതിലിലൂടെ കടക്കുവാൻ പോരാടുവിൻ "(മത്താ 18:8-9, ലൂക്കോ.13:24). രക്ഷനേടുന്നതിന് നമ്മുടെ ഏകാഗ്രതയും ബുദ്ധിയും മനസ്സും സ്വയശിക്ഷണവും ആവശ്യമാണ്. നഷ്ടപ്പെട്ടുപോകുവാനോ, ഇവയൊന്നും ആവശ്യമില്ല. ഒഴുക്കിനൊപ്പം നീങ്ങിയാൽ മാത്രം മതി. ഏതാണ് എളുപ്പം ?.

## നിർദ്ദോഷമെന്ന് തോന്നുന്ന ചുവടുകൾ

വീണ്ടും, ഈ ഒഴുക്കിനൊത്തുള്ള ജീവിതത്തിന്റെ അനന്തരഫലങ്ങൾ എത്ര ഗുരുതരവും ശോചനീയവുമാണെന്ന് നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു. ആരംഭഘട്ടങ്ങളിൽ ഒഴുക്കിന്റെ അപകടസ്വഭാവം ആരും ശ്രദ്ധിക്കാറേയില്ല. അതിന്റെ സ്വഭാവികഗതി പൂർത്തിയായ ശേഷമാണ് നാം അതിന്റെ വിനാശകരമായ ഫലങ്ങൾ കാണുന്നത്. ഏറ്റവും മ്ലേച്ഛവും സ്പഷ്ടവുമായ പാപം പോലെ മരണകരമായ ഒന്നാണിതെന്ന് അപ്പോൾ നമുക്ക് മനസ്സിലാകും.

ഒരു കപ്പൽ അതിന്റെ നേരായ ദിശയിലുള്ള ഒരു തടസ്സത്തിൽ മുഖാമുഖം മുട്ടിത്തകരുന്നത്ര എളുപ്പത്തിൽതന്നെ അതിന് കാറ്റിനൊപ്പം സാവധാനം ഒഴുകിപ്പോയി തകരുവാനും കഴിയും. "വണ്ടിക്കയറുകൊണ്ട് എന്നപോലെ പാപത്തെ തങ്ങളിലേയ്ക്ക് വലിച്ച് ....(യെശ. 5:18). ജീവിതം തകർത്തുകളയുന്ന അനേകായിരങ്ങളുണ്ട് . എന്നാൽ അതിലേറെ ആളുകൾ തങ്ങളുടെ അയഞ്ഞ നിലപാട് മൂലം അതേ ദുരവസ്ഥയിൽ എത്തിച്ചേർന്നവരാണ് . ഈ കാര്യം വളരെ ശക്തമായി തെളിയിക്കുന്ന ഒരു രംഗം പഴയ നിയമത്തിലുണ്ട് .ലോത്ത് യോർദ്ദാനരികെയുള്ള നീരോട്ടമുള്ള പ്രദേശമൊക്കെയും തനിക്കായി തിരഞ്ഞെടുത്തപ്പോൾ, ആ പട്ടണങ്ങളിലെ വഷളത്തവും ദുഷ്ക്കീർത്തിയും നന്നായി അറിഞ്ഞിരുന്നു.സൊദോമിനെ തന്റെ വാസസ്ഥലമാക്കുവാൻ സ്വപ്നത്തിൽപ്പോലും ലോത്ത് ചിന്തിച്ചിരുന്നില്ല. എന്നിട്ടും ക്രമേണയുള്ള നിഷ്കളങ്കമെന്നു തോന്നുന്നു ചുവടുകൾ ലോത്തിനെ കൊണ്ടെത്തിച്ചത് അവിടെയാണ്. ലോത്തിന്റെ ഒഴുക്കിനൊത്തുള്ള ജീവിതത്തെ ശക്തവും ദുഖകരവുമായ നാലുവാചകങ്ങളിൽ ചുരുക്കിയെഴുതിയിരിക്കുന്നു. "ലോത്ത് യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും തിരഞ്ഞെടുത്തു." (സൊദോമിന്റെ സ്ഥാനം); " ലോത്ത് സൊദോം വരെ കൂടാരം നീക്കി നീക്കി അടിച്ചു. "; "സൊദോമിൽ പാർത്തു", "ലോത്ത് സൊദോം

**ഒരു കപ്പൽ അതിന്റെ നേരായ ദിശയിലുള്ള ഒരു തടസ്സത്തിൽ മുഖാമുഖം മുട്ടിത്തകരുന്നത്ര എളുപ്പത്തിൽതന്നെ അതിന് കാറ്റിനൊപ്പം സാവധാനം ഒഴുകിപ്പോയി തകരുവാനും കഴിയും. "വണ്ടിക്കയറുകൊണ്ട് എന്നപോലെ പാപത്തെ തങ്ങളിലേയ്ക്ക് വലിച്ച് ....(യെശ. 5:18). ജീവിതം തകർത്തുകളയുന്ന അനേകായിരങ്ങളുണ്ട് . എന്നാൽ അതിലേറെ ആളുകൾ തങ്ങളുടെ അയഞ്ഞ നിലപാട് മൂലം അതേ ദുരവസ്ഥയിൽ എത്തിച്ചേർന്നവരാണ് .**

പട്ടണവാതിൽക്കൽ ഇരുന്നു'' (അങ്ങനെ അവൻ ഒടുവിൽ സൊദോമിലെ സ്വാധീലശക്തിയുള്ള പൗരനായിത്തീർന്നു.) ഉല്പ 13; 10,13:12, 14;12, 19;1.

ലോത്തിന്റെ ഒരുതരം മരവിച്ച അവസ്ഥമൂലം, അഴിമതിയുടെ ഈ ഒളിസങ്കേതം വിട്ടുപോരുവാനായി ദൂതന്മാർ നിർബന്ധിച്ച് ബദ്ധപ്പെടുത്തിയപ്പോൾ "അവൻ പുറപ്പെടുവാൻ താമസിച്ചതായി നാം വായിക്കുന്നു(ഉല്പ.19:16). ഒഴുക്കിനൊത്തുള്ള ജീവിതത്തിന്റെ അവസാനം, ലോത്തിന്റെ തകർന്നുപോയ ഭവനത്തിലും വലഞ്ഞുപോയ പ്രാണനിലും നാം കാണുന്നു.

## മെല്ലെ-മെല്ലെ മരവിക്കുന്നു

അപകടസൂചന തിരിച്ചറിയാനുള്ള നമ്മുടെ കഴിവിനെ മരവിപ്പിക്കുവാൻ, ഈ ഒഴുക്കിനൊത്തുള്ള പോക്കിന് കഴുവുണ്ടെന്നുള്ളത് നമ്മെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്നു. തുറന്ന നരകവാതിലിലേക്ക് തങ്ങൾ ഒലിച്ചുപോകാൻ സാധ്യതയുണ്ടെന്ന് കുറച്ചുപേരെങ്കിലും ഗൗരവമായി വിശ്വസിക്കുന്നു. ആത്മീയമായ വിവേചനശക്തിയൊക്കെ ശുഷ്ക്കിച്ച്, ദിശമാറിയുള്ള പോക്കിനെപ്പറ്റി നാം ബോധ്യ

**കർത്താവിന്റെ ജീവിതം വീണ്ടും വായിച്ച്, 'ഒഴുക്കിനൊപ്പം നീങ്ങുന്ന ജീവിതത്തെ' തീവ്രമായി നിഷേധിക്കുന്ന ക്രൂശിന്റെ മാർഗ്ഗത്തിന്റെ പ്രാധാന്യം ധ്യാനിക്കുക. തന്റെ ഐഹികകാലത്ത് എല്ലാ ഒഴുക്കിനൊത്തുള്ള നീക്കത്തിനും എതിരായി നിന്ന കർത്താവിന്റെ ശക്തമായ ചെറുത്തുനിൽപ്പിന് സമാനമായ ഒരു ഉറച്ചുനിൽപ്പിലേക്ക് നാം വരണം. നമ്മുടെ ഇച്ഛാശക്തി മൂർച്ചയുള്ളതായിത്തീരും വരെ ക്രൂശിന്റെ മാർഗ്ഗം നമ്മുടെ മനസ്സുകളെ കൈയടക്കി അന്തരാത്മാവിനെ നിറയ്ക്കട്ടെ.**

മുള്ളവരായിരിക്കുമ്പോൾ തന്നെ അല്പശക്തിയും പരിശ്രമവും കൊണ്ട് കാര്യങ്ങളൊക്കെ നേരെയാക്കാം എന്ന വ്യാജപ്രത്യാശയിലാണ് പലപ്പോഴും നാം. ഒഴുക്കിനൊത്തുള്ള നീക്കത്തിന്റെ മരവിപ്പിക്കുവാനുള്ള ഈ സ്വാധീനതയെ നാം മിക്കപ്പോഴും വിലകുറച്ചുകാണുന്നു.

ശൈത്യകാലത്ത് നയാഗ്രാവെള്ളച്ചാട്ടത്തിലേക്ക് പതിക്കുന്ന നദിയിലൂടെ ഒഴുകുന്ന ഒരു തടിക്കഷണത്തിൽ ഒരു പക്ഷി ഇരിക്കുകയായിരുന്നു. ദ്രുതഗതിയിലങ്ങനെ വെള്ളത്തിലൂടെ തെന്നിനീങ്ങുന്നത് പക്ഷി ശരിക്കും ആസ്വദിച്ചു. വരാൻ പോകുന്ന അപകടത്തെക്കുറിച്ചൊന്നും ഒരു ചിന്തയുമില്ല. എന്തിനു ഭയപ്പെടണം? അതിനു ചിറകുകളില്ലേ? അപകടത്തിനു തൊട്ടു മുൻപങ്ങ് പറന്നുയർന്നാൽ മതിയല്ലോ. അങ്ങനെ വിചാരങ്ങളൊന്നുമില്ലാതെ സ്വൈരമായി അപകടമുനവരെയെത്തി. ഉടനെ പറക്കുവാനായി ശ്രമിച്ചു. അയ്യോ! ഹാ കഷ്ടം! സാധിച്ചില്ല. നദിയിലെ മഞ്ഞുമൂലം അതിന്റെ ചിറകുകൾ തണുത്ത് മരവിച്ചുപോയിരുന്നു. ആ വെള്ളച്ചാട്ടത്തിൽ അത് നശിച്ചുപോയി. ആഗ്രഹിച്ചിട്ടും സ്വതന്ത്രരാകുവാൻ കഴിയാത്തവണ്ണം നമ്മുടെ ശീലങ്ങൾ നമ്മെ ചുറ്റുപാടുകളിലെ ഒഴുക്കിനോട് ചേർത്ത് ബന്ധിച്ചിരിക്കുന്ന ഗുരുതരമായ അപകടത്തിലാണോ നമ്മുടെ ജീവിതം?

### ആത്മാവിന്റെ നങ്കൂരം

ഒഴുക്കിനൊത്തുള്ള ജീവിതത്തിന്റെ ഭീതിജനകമായ പരിണതഫലങ്ങളെ ഇല്ലാതാക്കുവാനും ജീവിതത്തെ നശിപ്പിക്കുവാനായി ഭീഷണി ഉയർത്തുന്ന ഇതിന്റെ സ്വാധീനശക്തിയെ തടുക്കുവാനുമായി നാം എന്തു ചെയ്യണം? എബ്രായലേഖനകർത്താവ് ഇപ്രകാരം പ്രായോഗികോപദേശം നൽകുന്നു; "അതുകൊണ്ട് നാം ഒരിക്കലും ഒഴുകി അകന്നുപോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊള്ളേണ്ടത് ആവശ്യമാകുന്നു (എബ്രാ. 2:1). ലേഖകൻ അർത്ഥമാക്കുന്നത് ഇതാണ്; ദൈവം നമ്മോട് സംസാരിച്ച കാര്യങ്ങളെ നാം അലക്ഷ്യമാക്കിയാൽ, അവിടുത്തെ പഠിപ്പിക്കലുകളിലെ ഉത്സാഹം ലഭിക്കാതെ വരിക മാത്രമല്ല, നാം സ്ഥിരതയില്ലാത്തവരായി, സാഹചര്യങ്ങളാലും സന്ദർഭങ്ങളാലും നയിക്കപ്പെടുന്നവരായിത്തീരുകയും ചെയ്യും. പരിതാപകരമായ ഏതെങ്കിലും ലക്ഷ്യത്തിലേക്ക് നാം ഒഴുകിപ്പോകും.

ആത്മികമായി ആരോഗ്യമുള്ളവരും ഉറപ്പുള്ളവരുമായിരിക്കാൻ നമ്മെ സഹായിക്കുന്ന സുവിശേഷസത്യങ്ങളും ആത്മികമൂല്യങ്ങളും മുന്നറിയിപ്പുകളുമാണ് നാം 'കേട്ട' കാര്യങ്ങൾ. ഈ സുവിശേഷസത്യങ്ങളെ ഗൗരവമായെടുത്താൽ ആത്മികജീവിതത്തിൽ ഉറപ്പുള്ളവരായി ലക്ഷ്യത്തിലെത്തുവാൻ നമുക്ക് കഴിയും.

മുകളിൽ പറഞ്ഞ വസ്തുതകൾക്ക് ഉപോദ്ബലകമായി സുവിശേഷസത്യങ്ങളുടെ ദേഹരൂപമായ 'യേശുകർത്താവിനെ ഓർത്തുകൊള്ളുവാൻ' വായനക്കാരെ ഉദ്ബോധിപ്പിക്കുന്നതിൽ ഈ ലേഖകനു താത്പര്യമുണ്ട്. കർത്താ





**നമ്മുടെ ആത്മാവിന്റെ നങ്കൂരം സത്യങ്ങളിലും, എല്ലാറ്റിലും ഉപരി നമ്മെ താങ്ങുകയും ഇവയെല്ലാം സാധിപ്പിക്കുകയും ചെയ്യുന്നവനും എന്നേക്കും ജീവിക്കുന്നവനുമായവനിലും ഉറപ്പിക്കാം. ഇതുമാത്രമാണ് ഒഴുകിപ്പോകുന്ന അവസ്ഥയിൽനിന്നുള്ള സമ്പൂർണ്ണ രക്ഷാസ്ഥാനം. അവിടെ സുരക്ഷിതമായി നങ്കൂരമുറപ്പിക്കേണ്ടതുണ്ട്. ഭദ്രമായി നങ്കൂരമിട്ട കപ്പൽ ഒരിക്കലും ഒഴുകിപ്പോകുകയില്ല. വിശ്വാസം, പ്രത്യാശ, സ്നേഹം, സേവനം എന്നീ നാലു ചങ്ങലകളാൽ കർത്താവിൽ നങ്കൂരമുറപ്പിച്ചതും ബോധപൂർവ്വം പണിതെടുത്തതും തുടർമാനമായി ശോധനചെയ്യപ്പെട്ടതുമായ ഒരു ജീവിതം ഒരിക്കലും ഒഴുകിപ്പോകുകയില്ല.**

വിന്റെ ജീവിതം വീണ്ടും വായിച്ച്, 'ഒഴുക്കിനൊപ്പം നീങ്ങുന്ന ജീവിതത്തെ' തീവ്രമായി നിഷേധിക്കുന്ന ക്രൂശിന്റെ മാർഗ്ഗത്തിന്റെ പ്രാധാന്യം ധ്യാനിക്കുക. തന്റെ ഐഹികകാലത്ത് എല്ലാ ഒഴുക്കിനൊത്തുള്ള നീക്കത്തിനും എതിരായി നിന്ന കർത്താവിന്റെ ശക്തമായ ചെറുത്തുനിൽപ്പിന് സമാനമായ ഒരു ഉറച്ചുനിൽപ്പിലേക്ക് നാം വരണം. നമ്മുടെ ഇച്ഛാശക്തി മൂർച്ചയുള്ളതായിത്തീരും വരെ ക്രൂശിന്റെ മാർഗ്ഗം നമ്മുടെ മനസ്സുകളെ കൈയടക്കി അന്തരാത്മാവിനെ നിറയ്ക്കട്ടെ.

എല്ലാറ്റിനും ഉപരിയായി ഇളകാത്തവരും ഉറപ്പുള്ളവരുമായി നിൽക്കേണ്ടതിന്, കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ശക്തിയോടു നമ്മുടെ ജീവിതത്തെ ബന്ധിപ്പിക്കാം. "വീഴാതവണ്ണം നമ്മെ സൂക്ഷിക്കുവാൻ അവൻ ശക്തൻ" (യൂദ:24). വീണ്ടും, 'നമ്മുടെ കർത്താവായ യേശുക്രിസ്തു താനും, നമ്മെ സ്നേഹിച്ചു നിത്യാശ്വാസവും നല്ല പ്രത്യാശയും കൃപയാലെ നൽകിയിരിക്കുന്ന നമ്മുടെ പിതാവായ ദൈവവും നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ച് എല്ലാ നല്ല പ്രവൃത്തിയിലും വാക്കിലും സ്ഥിരപ്പെടുത്തുമാറാകട്ടെ" (2തെസ്സ.2:16-17). നമുക്ക് ഈ സത്യങ്ങൾ വളരെ ശ്രദ്ധയോടെ കേൾക്കുകയും കരുതിക്കൊള്ളുകയും ചെയ്യാം. ഇവ നമ്മുടെ ജീവിതത്തെ നയിക്കുന്ന, സുസ്ഥിരമാക്കുന്ന ശക്തികളായിത്തീരട്ടെ.

നമ്മുടെ ആത്മാവിന്റെ നങ്കൂരം ഈ സത്യങ്ങളിലും, എല്ലാറ്റിലും ഉപരി നമ്മെ താങ്ങുകയും ഇവയെല്ലാം സാധിപ്പിക്കുകയും ചെയ്യുന്നവനും എന്നേക്കും ജീവിക്കുന്നവനുമായവനിലും ഉറപ്പിക്കാം. ഇതുമാത്രമാണ് ഒഴുകിപ്പോകുന്ന അവസ്ഥയിൽനിന്നുള്ള സമ്പൂർണ്ണ രക്ഷാസ്ഥാനം. അവിടെ സുരക്ഷിതമായി നങ്കൂരമുറപ്പിക്കേണ്ടതുണ്ട്. ഭദ്രമായി നങ്കൂരമിട്ട കപ്പൽ ഒരിക്കലും ഒഴുകിപ്പോകുകയില്ല. വിശ്വാസം, പ്രത്യാശ, സ്നേഹം, സേവനം എന്നീ നാലു ചങ്ങലകളാൽ കർത്താവിൽ നങ്കൂരമുറപ്പിച്ചതും ബോധപൂർവ്വം പണിതെടുത്തതും തുടർമാനമായി ശോധനചെയ്യപ്പെട്ടതുമായ ഒരു ജീവിതം ഒരിക്കലും ഒഴുകിപ്പോകുകയില്ല.

'...അങ്ങനെ നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള പ്രത്യാശ പിടിച്ചു കൊള്ളുവാൻ ശരണത്തിനായി ഓടിവന്ന നാം, മാറിപ്പോകാത്തതും ദൈവത്തിനു ഭോഷ്ക്കുപറയുവാൻ കഴിയാത്തതുമായ രണ്ടുകാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിക്കുവാൻ ഇടവരുന്നു. ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരം തന്നെ. അത് നിശ്ചയവും സ്ഥിരവും തിരശ്ശീലയ്ക്കത്തേക്കു കടക്കുന്നതുമാകുന്നു (എബ്രാ.6:18-19).

**മൊഴിമാറ്റം:ക്രിസ്റ്റി സന്തോഷ് മാത്യു.**

വചനം

### നാവിനെ മെരുക്കിയെടുക്കുക-II

# നാവ് ഹൃദയത്തിന്റെ കണ്ണാടിഅലമാര

ലിയോനാർഡ് റാവൻഹിൽ

**ന**മ്മുടെ ഹൃദയത്തിലുള്ളത് വാക്കുകൾ പ്രതിഫലിപ്പിക്കുന്നു. കായികവിഷയങ്ങളിൽ താത്പര്യമുള്ള ഒരാൾ അതെപ്പറ്റി പറയുന്നു. പണത്തെ സ്നേഹിക്കുന്നവൻ പണസംബന്ധമായ കാര്യങ്ങൾ പറയുന്നു. കലയെ സ്നേഹിക്കുന്നവൻ അതെപ്പറ്റി സംസാരിക്കുന്നു. ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഉദാസീനമായ സംഭാഷണങ്ങളോർത്തും; യാതൊരു ശ്രദ്ധയുമില്ലാതെ മറ്റുള്ളവരെപ്പറ്റി ഏഷണിപറയുകയും, തങ്ങളുടെ പ്രസംഗങ്ങളെ ഊതിപ്പെരുപ്പിച്ച് പ്രസിദ്ധമാക്കി ദൈവമുമ്പാകെ കുറ്റക്കാരായിത്തീരുകയുംചെയ്യുന്ന ശുശ്രൂഷകന്മാരെ ഓർത്തും ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. കുറെ വർഷങ്ങൾക്കു മുമ്പ് സുവിശേഷകന്മാരുടെ ഒരു യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. ഞങ്ങളുടെ ഹോട്ടലിൽ നിന്ന് യോഗസ്ഥലത്തേയ്ക്കും, തിരിച്ചും ആളുകളെ കുത്തിനിറച്ച ബസുകളിലാണ് ഞങ്ങൾ യാത്രചെയ്തിരുന്നത്. ഈ യാത്രകളിൽ പിതാവായ ദൈവത്തെപ്പറ്റിയോ, വിശുദ്ധിയെപ്പറ്റിയോ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റിയോ ഒരിക്കൽപോലും അവരുടെ ഇടയിൽ ഒരു സംസാരം ഉണ്ടായിട്ടില്ല. കായികലോകം, ഗോൾഫ് കളിക്കാരുടെ കായികക്ഷമതാ നിലവാരം, അല്ലെങ്കിൽ തങ്ങളുടെ സൺഡേ സ്കൂളിന്റെ വലുപ്പം എന്നിത്യാദി കാര്യങ്ങളിലായിരുന്നു അവരുടെ താത്പര്യം മുഴുവൻ. ശുശ്രൂഷകന്മാരുടെ ഇടയിൽ പോലും വിവേകശൂന്യമായ സംസാരമേ ഉണ്ടായിരുന്നുള്ളൂ. ആത്മീയമായി യാതൊരു പ്രയോജനമില്ലാത്തതും, നിരുത്സാഹപ്പെടുത്തുന്നതുമായ സംഭാഷണത്താൽ ശുശ്രൂഷകന്മാർ മാത്രമല്ല കുറ്റക്കാരായിത്തീർന്നിട്ടുള്ളത്. *"നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ"* എന്ന് സങ്കീർത്തനം 51-ൽ സങ്കീർത്തനക്കാരൻ നിലവിളിക്കുന്നത് നിങ്ങൾക്ക് അത്ഭുതമായിത്തോന്നാറുണ്ടോ? ഹൃദയം എത്രമാത്രം മലിനമാണെന്ന് നമ്മൾ ചിന്തിച്ചു കഴിഞ്ഞു; എന്നാലും ആ ഹൃദയത്തെ തനിക്കുവേണ്ടി ശുദ്ധവും, മനോഹരവും ആക്കിത്തീർക്കുവാൻ ദൈവത്തിനു കഴിയും. നമ്മുടെ സംസാരം പോലെ നമ്മെ വെളിപ്പെടുത്തുന്ന മറ്റൊന്നും തന്നെ ഇല്ല. നമ്മുടെ ഹൃദയം എവിടെയാണ് ഇരിക്കുന്നത് എന്ന് നമ്മുടെ സംസാരം വെളിവാക്കും.

നിങ്ങളുടെ ഹൃദയത്തെ മൂടിവയ്ക്കുവാൻ നിങ്ങൾക്ക് സാധിക്കയില്ല. ഹൃദയത്തിൽ കയ്പ് ഉണ്ടെങ്കിൽ നമ്മൾ എന്തുപറയുന്നു- എങ്ങനെ പറയുന്നു എന്നതിൽക്കൂടി അത് പുറത്തുവരും. വിദ്വേഷം ഉണ്ടെങ്കിൽ വിദ്വേഷം പുറത്തുവരും. നീരസം ഉണ്ടെങ്കിൽ





നീരസം പുറത്തുവരും. നാവിനെ നിയന്ത്രിക്കുവാൻ സാധിക്കുകയില്ല എന്ന് വെറുതെ അല്ല യാക്കോബ് അപ്പോസ്തൊലൻ പറഞ്ഞത്. നാവ് പറയുവാൻ പോകുന്ന എല്ലാ കാര്യങ്ങളുടേയും നിർമ്മാണപ്രവർത്തനം ഹൃദയമാണ് നടത്തുന്നത്.

അധമമായ എല്ലാ കാര്യങ്ങളും നിർമ്മിക്കുന്ന ഫാക്ടറിയാണ് ഹൃദയം. ആ ഹൃദയത്തിന്റെ ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന കണ്ണാടി അലമാര (ഷോകേസ്) ആണ് നാവ്. ഒരു മനുഷ്യൻ രക്ഷിക്കപ്പെടുമ്പോൾ അവന്റെ മോശമായ ഭാഷ, വഞ്ചനയുള്ള നാവ്, കോപശീലം ഇതെല്ലാം അവനിൽ നിന്ന് അപ്രത്യക്ഷമാകും. ദൈവത്തിന്റെ കൃപ നമ്മെ രൂപാന്തരപ്പെടുത്തുന്നു എന്നുള്ളതിന്റെ ഏറ്റവും ഉദാത്തമായ ഒരു തെളിവാണത്. ഓഫീസിൽ സഹപ്രവർത്തകരോട് പൊട്ടിത്തെറിക്കുക, കുഞ്ഞുങ്ങളോട് ദയയില്ലാതെ സംസാരിക്കുക, മറ്റുള്ളവരോട് കയ്പായിരിക്കുക, കുറ്റംപറയുക എന്നീ സ്വഭാവങ്ങൾ വച്ചുപുലർത്തുന്നവരാണോ നമ്മൾ? എങ്കിൽ, ഒരു വലിയ വേദപുസ്തകം കൊണ്ടു നടക്കുന്നതുകൊണ്ടോ, ആത്മീയമായി ഉന്നതനാണെന്ന ഭാവം വച്ചുപുലർത്തുന്നതുകൊണ്ടോ യാതൊരു പ്രയോജനവും ഇല്ല.

**നാവ് പുറത്തേയ്ക്കു നീട്ടുക**

"നിന്റെ നാവ് പുറത്തേയ്ക്കു നീട്ടുക, അത് എങ്ങനെയിരിക്കുന്നു എന്ന് ഞാനൊന്നു നോക്കട്ടെ". വസന്തകാലത്ത് എന്റെ അമ്മ ഇപ്രകാരം ഒരു പരിശോധന നടത്താറുണ്ട്. ചിലപ്പോൾ, "നിന്റെ നാവത്ര ശരിയല്ലല്ലോ" എന്ന് പറഞ്ഞ് നല്ല ഒന്നാന്തരം കയ്പുള്ള കഷായം ഞങ്ങളെ കുടിപ്പിക്കും. കുശുകുശുപ്പ്, ഏഷണി, കുറ്റംപറച്ചിൽ, കയ്പ് എന്നിവയാൽ നമ്മുടെ നാവ് എത്രമാത്രം മലിനപ്പെട്ടിട്ടുണ്ട് എന്ന് ഓരോ ദിവസവും കിടക്കാൻ പോകുന്നതിനുമുമ്പ് ഒരു പരി

**നിങ്ങളുടെ ഹൃദയത്തെ മൂടിവയ്ക്കുവാൻ നിങ്ങൾക്ക് സാധിക്കയില്ല. ഹൃദയത്തിൽ കയ്പ് ഉണ്ടെങ്കിൽ നമ്മൾ എന്തുപറയുന്നു- എങ്ങനെ പറയുന്നു എന്നതിൽ കൂടി അത് പുറത്തുവരും. വിദ്വേഷം ഉണ്ടെങ്കിൽ വിദ്വേഷം പുറത്തുവരും. നീരസം ഉണ്ടെങ്കിൽ നീരസം പുറത്തുവരും. നാവ് പറയുവാൻ പോകുന്ന എല്ലാ കാര്യങ്ങളുടേയും നിർമ്മാണപ്രവർത്തനം ഹൃദയമാണ് നടത്തുന്നത്. അധമമായ എല്ലാ കാര്യങ്ങളും നിർമ്മിക്കുന്ന ഫാക്ടറിയാണ് ഹൃദയം. ആ ഹൃദയത്തിന്റെ ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന കണ്ണാടി അലമാര (ഷോകേസ്) ആണ് നാവ്.**

ശോധന ഉണ്ടായിരുന്നെങ്കിൽ എത്രനന്നായിരുന്നു! അതോ, *"ആക്ഷേപിച്ചുകൂടാത്ത പത്ഥ്യവചനം"* ഉള്ളവൻ ആയിരിപ്പാൻ തക്കവണ്ണം നാവ് നമ്മുടെ നിയന്ത്രണത്തിൻ കീഴിലാണോ? (തീത്തോസ് 2:8) നമ്മുടെ സംസാരം എല്ലായ്പ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമണോ?

കൗമാരപ്രായക്കാർ പങ്കെടുത്ത ഒരു ശവസംസ്കാര ശുശ്രൂഷയിൽ ഞാൻ സഹായി ആയിരുന്നു. മറ്റൊരു ശവസംസ്കാരശുശ്രൂഷയിലും കണ്ടിട്ടില്ലാത്തവിധം കുറെ കുട്ടികൾ വിലപിക്കുകയും തേങ്ങിക്കരയുകയും ചെയ്തുകൊണ്ടിരുന്നു. "തങ്ങളുടെ അമ്മയെ അവർ എത്രമാത്രം സ്നേഹിച്ചിരുന്നു" എന്ന് എന്റെ മുതിർന്ന ശുശ്രൂഷകനോട് ഞാൻ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു. "താങ്കൾക്കു തെറ്റിപ്പോയി, അവർ പശ്ചാത്താപത്താൽ കരയുകയാണ്". ഇതുപോലെ അനുസരണം കെട്ടവരും, ഏഷണിപറയുന്നവരും, പരിഹാസികളുമായ കുട്ടികൾ വേറെ ഒരിടത്തും കാണുകയില്ല. കഠിനമായ വാക്കുകൾ കൊണ്ട് തങ്ങളുടെ അമ്മയെ അവർ എല്ലായ്പ്പോഴും മുറിവേല്പ്പിച്ചിരുന്നു. ഭയാനകമായ ഒര

ന്തരീക്ഷമാണ് അവർ സൃഷ്ടിച്ചിരുന്നത്. തങ്ങളുടെ നാവുകൊണ്ട് ആ സ്ത്രീയെ അവർ കഷണംകഷണമാക്കിക്കളഞ്ഞു. ചില പ്രിയപ്പെട്ടവർ മരിക്കുമ്പോൾ-പറഞ്ഞുപോയവാക്കുകൾ തിരിച്ചെടുക്കുവാനോ ഉണ്ടാക്കിയ മുറിവുകൾ സുഖപ്പെടുത്തുവാനോ ഇനിയൊരിക്കലും സാധിക്കയില്ല എന്ന സത്യം മനസ്സിലാക്കുമ്പോൾ-പലപ്പോഴും നാമും ഇതുപോലെ അസഹനീയമായ കുറ്റബോധത്തിന് അടിമകളായിത്തീരാറുണ്ട്.

പരിസ്ഥിതിവിജ്ഞാനത്തെപ്പറ്റി നാടെങ്ങും മുറവിളി ഉയരുന്ന കാലമാണിത്. നമുക്ക് ശുദ്ധജലവും ശുദ്ധവായുവും വേണം. എന്നാൽ ശുദ്ധഹൃദയത്തിന്റെ കാര്യമോ? 51-ാം സങ്കീർത്തനം ആവർത്തിച്ചു ചൊല്ലുവാനും, "ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ". എന്ന് ദാവീദുരാജാവിനോട് ചേർന്നു നിന്ന് നിലവിളിക്കുവാനും, സഭകളിൽ ആഹ്വാനം ചെയ്യാത്തത് പരിതാപകരമല്ലേ? നിർമ്മലമായ ഹൃദയത്തെപ്പറ്റി ജോൺ വെസ്‌ലി ഇങ്ങനെ പറഞ്ഞു:

"എന്റെ ദൈവത്തെ സ്തുതിക്കുവാൻ ഒരു ഹൃദയം

പാപത്തിൽ നിന്ന് മോചിതമായ ഒരു ഹൃദയം

എനിക്കുവേണ്ടി സൗജന്യമായി ഒഴുക്കിയ,

യേശുവിന്റെ രക്തത്തെ തൊട്ടറിയുന്ന ഹൃദയം.

തന്നെത്താൻ ത്യജിക്കുന്ന, താഴ്മയും സൗമ്യതയുമുള്ള ഒരു ഹൃദയം,

അത് എന്റെ വീണ്ടെടുപ്പുകാരന്റെ സിംഹാസനം ആയിരിക്കട്ടെ.

ക്രിസ്തുവിന്റെ സംസാരം മാത്രം കേൾക്കുന്ന ഇടം

യേശുമാത്രം വാഴുന്ന ഇടം."

ക്രിസ്തു നമ്മുടെ അന്തരാത്മാവിൽ എല്ലായ്പ്പോഴും സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നുവെങ്കിൽ, ഇത്രമാത്രം അസംബന്ധം നമ്മൾ സംസാരിക്കുകയില്ലയിരുന്നു.

എന്റെ പ്രായമാകുമ്പോൾ നിങ്ങൾ ഒന്ന് തിരിഞ്ഞു നോക്കിയാലറിയാം. എത്ര ഭയാനകമായ കാര്യങ്ങളാണ് നാം പറഞ്ഞിട്ടുള്ളത് എന്ന്. എന്റെ 60 വർഷത്തെ ശുശ്രൂഷയ്ക്കിടയിൽ പറഞ്ഞിട്ടുള്ള ലക്ഷക്കണക്കിന് വാക്കുകളെപ്പറ്റി ഞാൻ ഓർക്കാറുണ്ട്. ഒരു മിനുട്ടിൽ 120 വാക്കുകൾ എന്ന കണക്കിൽ 10 മിനുറ്റുകൊണ്ട് 1200 വാക്കുകൾ പറയുവാൻ എനിക്ക് കഴിയും. അങ്ങനെയാണെങ്കിൽ ഒരു മണിക്കൂറിൽ 7200 വാക്കുകൾ. പല ദിവസങ്ങളിലും ഇങ്ങനെ രണ്ടു സന്ദേശങ്ങൾ. അങ്ങനെ അനേകവർഷങ്ങളിലെ സംസാരത്തിൽ ഞാൻ പറഞ്ഞ വാക്കുകൾ എത്ര അധികമാണ്! ഞാൻ എഴുതിയ ലേഖനങ്ങളുടേയും പുസ്തകങ്ങളുടെയും കണക്കു വേറെ!!!

ലോകത്തിലുള്ള മഹാന്മാരായ എല്ലാ വാഗ്മികളും കൂടി ഒരുമിച്ച് ദൈവസന്നിധിയിൽ നില്ക്കുന്ന ഒരു ദിവസത്തെപ്പറ്റി ഒന്നാലോചിക്കുക. ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ദൈവസ്നേഹത്താലും ഭക്തിയാലും എരിയുന്ന ഹൃദയമുള്ളവരെ അവിടെ കാണുവാൻ കഴിഞ്ഞെങ്കിലോ? അപ്രകാരം എരിയുന്ന ഹൃദയമുള്ളവരാകയാൽ അവരുടെ വാക്കുകളും അങ്ങനെതന്നെ സ്നേഹവും, ഭക്തിയും പാപത്തോടുള്ള വെറുപ്പും കൊണ്ട് ജ്വലിക്കുന്നതായിരിക്കും. എന്റെ പ്രാർത്ഥന ഇപ്രകാരമാണ്". "പിതാവായ ദൈവമേ, എന്റെ നാവിനെ പിടിച്ചുനിർത്തുവാൻ എന്നെ പഠിപ്പിക്കണമേ. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ കൃപയോടുകൂടിയ വാക്കുകൾ പറയുവാൻ തക്കവണ്ണം എന്റെ അധരദ്വാരത്തെ കാക്കുവാൻ എന്നെ പഠിപ്പിക്കേണമേ. എന്റെ നാവ് ഒരിക്കലും ഒരു വാൾ ആകരുതേ. എന്റെ സംസാരം എല്ലായ്പ്പോഴും മറ്റുള്ളവർക്ക് ആത്മീയമായി ഉയർച്ചവരുത്തുന്നതും ഉത്സാഹിപ്പിക്കുന്നതും, എല്ലാറ്റിനും ഉപരി ദൈവത്തെ മഹത്വപ്പെടുത്തുന്നതും ആയിരിക്കണമേ." ആമേൻ.

→





# കൊച്ചുപ്രാർത്ഥനയ്ക്കും മറുപടി

പ്രശസ്ത വേദപണ്ഡിതനായ എഫ്.ബി.മേയർ നന്നേ ചെറുപ്പത്തിൽ തന്നെ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചിരുന്നു.

മേയർക്കു പന്ത്രണ്ടുവയസ്സുള്ള കാലം. സ്കൂളിലെ അവന്റെ മുഷ്ക്കന്മാരായ ചില സഹപാഠികൾ ഒരു ദിവസം സ്കൂൾവിട്ടപ്പോൾ മേയറെ പിടികൂടി. അടുത്തദിവസം എവിടുന്നെങ്കിലും ചില വിദേശസ്റ്റാമ്പുകൾ കൊണ്ടുവന്നു കൊടുത്തില്ലെങ്കിൽ ദേഹോപദ്രവം ഏല്പിക്കുമെന്നു ഭീഷണിപ്പെടുത്തി. കൊച്ചു മേയർ ആകെ പേടിച്ചു പോയി. അവന്റെ കൈയിൽഅത്തരം സ്റ്റാമ്പുകളൊന്നും ഉണ്ടായിരുന്നില്ല. പിറ്റേന്നു സ്റ്റാമ്പില്ലാതെ ചെന്നാൽ അവർ തല്ലുകയും ചെയ്യും. എന്തു ചെയ്യും.?

അന്നു രാത്രി മേയർ തന്റെ മുറിയിൽ കിടക്കയിലിരുന്നു ദൈവത്തോടു സ്റ്റാമ്പിനായി കരഞ്ഞു പ്രാർത്ഥിച്ചു. പിറ്റേന്നു നേരം വെളുക്കുമ്പോൾ കിടക്കയുടെ അരികിലോ ഊണുമേശപ്പുറത്തോ ദൈവം ധാരാളം വിദേശസ്റ്റാമ്പുകൾ കൊണ്ടിടുമെന്നായിരുന്നു അവന്റെ പ്രതീക്ഷ. പക്ഷേ നേരം പുലർന്നപ്പോൾ പ്രതീക്ഷയോടെ സ്റ്റാമ്പിനായി നോക്കിയ മേയർക്ക് ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. അവൻ ആകെ അസ്വസ്ഥനായി.

സ്കൂളിൽ പോകേണ്ട സമയം മെല്ലെ അടുത്തുവന്നു. മേയർക്ക് സ്കൂളിൽ പോകാൻ തോന്നുന്നില്ല. പക്ഷേ പോകാതിരിക്കാനും കഴിയുകയില്ല. വിവരം വീട്ടിൽ പറയാനും ധൈര്യമില്ല.

ഒടുവിൽ സ്കൂളിൽ പോകാറായപ്പോൾ അവൻ ധൈര്യം സംഭരിച്ചു പിതാവിനോട് വിദേശസ്റ്റാമ്പുകൾ വല്ലതും അദ്ദേഹത്തിന്റെ കൈവശം ഉണ്ടോയെന്ന് അന്വേഷിച്ചു. പിതാവ് അത്ഭുതത്തോടെ ഇങ്ങനെ മറുപടി നൽകി: "എന്റെ മോനേ, നിനക്കു സ്റ്റാമ്പുകളക്ഷൻ ഉണ്ടെന്ന് ഞാൻ ഇതുവരെ അറിഞ്ഞിരുന്നില്ലല്ലോ. എനിക്ക് ഓഫീസിൽ സാധാരണ വിദേശകത്തുകൾ ഒന്നും വരാറില്ല. എന്നാൽ ഇന്നലെ എന്റെ ബിസിനസ്സ് പാർട്ണർ എന്തുകൊണ്ടോ ചില വിദേശസ്റ്റാമ്പുകൾ എനിക്കു നൽകി. അതെന്റെ ഇന്നലെ ഇട്ടിരുന്ന കോട്ടിന്റെ പോക്കറ്റിലുണ്ട്."

മേയർക്കു സ്വന്തം കാതുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അവൻ ഓടിച്ചെന്ന് കോട്ടിന്റെ പോക്കറ്റിൽ നിന്നു സ്റ്റാമ്പുകളെടുത്തു സന്തോഷത്തോടെ സ്കൂളിലേക്കു പോയി.

പന്ത്രണ്ടുവയസ്സുള്ള ഒരു കുഞ്ഞിന്റെ നിഷ്ക്കളങ്കമായ പ്രാർത്ഥനയ്ക്കു മറുപടി നൽകാനായി ദൈവം അവൻ പ്രാർത്ഥിക്കാൻ തുടങ്ങുന്നതിനു മുൻപു തന്നെ എങ്ങനെ പ്രവർത്തിച്ചുവെന്നു നോക്കുക!

മേയർക്ക് ക്രിസ്തുവിലും പ്രാർത്ഥനയിലും ഉള്ള വിശ്വാസം ഉറയ്ക്കുവാനും ഈ സംഭവം കാരണമായി.

വായനയ്ക്കും പഠനത്തിനുമായി:- സങ്കീർത്തനം 12:3-4, സങ്കീർത്തനം 34:13, സങ്കീർത്തനം 37:30, സങ്കീർത്തനം 39:1, 3, സങ്കീർത്തനം 120:2-3, സദൃശവാക്യങ്ങൾ 20:15, സഭാപ്രസംഗി 5:6, റോമർ 3:4, 13-14, 2 കൊരിന്ത്യർ 12:20, യാക്കോബ് 3:2

*(അവസാനിച്ചു)*

**മൊഴിമാറ്റം: ബീനാ ജോയ്സ്.**

# ചില സുപ്രധാന സത്യങ്ങൾ *പേജ് 12 ൽ നിന്ന്*

എന്നാൽ നാം ധനത്തെയോ, സുഖ സൗകര്യങ്ങളെയോ മനുഷ്യരുടെ അംഗീകാരത്തെയോ നമ്മുടെ മാന്യതയെയോ കരുതുന്നുവെങ്കിൽ ഒരിക്കലും നമുക്കു ദൈവഹിതം കണ്ടെത്താൻ കഴിയില്ല.

**11. ദൈവത്തോട് കൂടുതൽ ഗാഢമായ ബന്ധം പുലർത്തുന്നതാണ് കൂടുതൽ ശക്തി പ്രാപിക്കുവാനുള്ള മാർഗ്ഗം.**

"തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറച്ചുനിന്നു വീര്യം പ്രവർത്തിക്കും" (ദാനി. 11:32)

ഇന്നും ദൈവം ആഗ്രഹിക്കുന്നതു മറ്റുള്ളവരിലൂടെ നാം ദൈവത്തെ അറിയണമെന്നല്ല. ഏതു ബാലനും തന്നെ നേരിട്ട് വ്യക്തിപരമായി അറിയണമെന്നാണ് (എബ്രാ. 8:11). നിത്യജീവന് യേശു നൽകിയ നിർവ്വചനം ദൈവത്തെയും യേശുക്രിസ്തുവിനെയും വ്യക്തിപരമായി അറിയുക എന്നതാണ്. (യോഹ.17:3). ഇതുതന്നെ ആയിരുന്നു പൗലൊസിന്റെ ജീവിതത്തിലെ ഏറ്റവും വലിയ വാഞ്ഛ (ഫിലി. 3:10). നമ്മുടെ വാഞ്ഛയും അതുതന്നെ ആകട്ടെ.

ദൈവത്തെ അടുത്തറിയാൻ ആഗ്രഹിക്കുന്നവർ എപ്പോഴും അവിടുത്തെ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു മനുഷ്യനെ ജീവനിൽ നിലനിർത്താൻ ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന എല്ലാ വചനവും ശ്രദ്ധിക്കേണ്ടതാവശ്യമാണെന്ന് യേശു പറഞ്ഞു (മത്താ. 4:4). അവിടുത്തെ പാദത്തിങ്കലിരുന്നു അവിടുത്തെ ശ്രദ്ധിക്കുന്നതുതന്നെയാണ് ക്രിസ്തീയജീവിതത്തിലെ പരമപ്രധാനമായ കാര്യം എന്നും യേശു പറയുകയുണ്ടായി (ലൂക്കോ.10:42).

രാവിലെ തോറും തന്റെ പിതാവിന്റെ ശബ്ദത്തിന് ചെവികൊടുക്കുന്ന യേശുവിന്റെ ശീലം നാമും പരിശീലിക്കുന്നതു നല്ലതാണ് (യെശ. 50:4) പകൽ സമയങ്ങളിലും രാത്രിയിലും ഉറക്കത്തിന്റെ ഇടവേളകളിലും ഉണർന്ന് "കർത്താവേ, സംസാരിക്കേണമേ, അടിയൻ കേൾക്കുന്നു" എന്നു പറയുവാൻ ശീലിക്കുന്നതു നന്ന് (1 ശമു.3:10).

**എനിക്ക് അറുപതിലധികം വയസ്സുണ്ട്. ഇത്രകാലവും എനിക്കു തിന്മ ചെയ്യുന്നതിൽ വിജയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ധാരാളം പേർ അതിനു ശ്രമിച്ചിട്ടുണ്ടെങ്കിലും അതൊക്കെ ദൈവം എനിക്കും എന്റെ ശുശ്രൂഷയ്ക്കും ഏറ്റവും നന്മയാക്കിത്തീർത്തു. അതുകൊണ്ട് അവരെക്കുറിച്ചും എനിക്കു ദൈവത്തോട് ഇന്ന് നന്ദിയുണ്ട്.**

നാം അഭിമുഖീകരിക്കുന്ന ഏതു പ്രശ്നത്തിനും ദൈവത്തിന് ഒരു പരിഹാരമുണ്ട്. നാം ശ്രദ്ധിക്കുന്നു എങ്കിൽ ആ പരിഹാരം നമ്മെ അറിയിക്കാൻ ദൈവത്തിനു കഴിയും. അതു നമ്മെ ജയാളികളാക്കും.

**12. പുതിയഉടമ്പടി പഴയഉടമ്പടിയെക്കാൾ വളരെ ഉന്നതമാണ്.**

"യേശു അധികം നല്ല ഉടമ്പടിയുടെ മദ്ധ്യസ്ഥനാണ്." (എബ്രാ.8:6) പഴയതും‌പുതിയതുമായ ഉടമ്പടികൾ തമ്മിൽ മൗലികമായ വ്യത്യാസം ഉണ്ടെന്നകാര്യം മിക്കവിശ്വാസികൾക്കും അറിഞ്ഞുകൂടാ (എബ്രാ.8:8-12). പഴയനിയമത്തിനുപരിയായി പുതിയനിയമത്തിനുള്ള ഔന്നത്യം യേശുവിനു മോശയെക്കാൾ ഔന്നത്യം ഉള്ളതുപോലെയാണ്. (2കൊരി.3, എബ്രാ.3).

പഴയനിയമവും അതിൽ ഉൾക്കൊണ്ടിരിക്കുന്ന ശിക്ഷയും പ്രതിഫലവും എല്ലാംതന്നെ ആളുകളുടെ ബാഹ്യജീവിതത്തെ ശുദ്ധീകരിക്കുന്ന ഒരു വ്യവസ്ഥയാണ്. എന്നാൽ പുതിയനിയമം നമ്മെ അകമേ നിന്നും ശുദ്ധീകരിക്കുന്നു. അനുഗ്രഹശാപങ്ങളിലൂടെയല്ല, പരിശുദ്ധാത്മാവിന്റെ നവീകരണത്തിലൂടെ. സ്നേഹവും വിശുദ്ധിയും നിറഞ്ഞ യേശുവിന്റെ സ്വഭാവം നമ്മിലേക്കു പകർന്നുകൊണ്ട്.





ഒരു പൂച്ച സ്വഭാവികമായ വിധത്തിൽതന്നെത്തന്നെ എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നതും ഒരു പന്നിയെ കെട്ടിയിട്ടു കുളിപ്പിച്ചു വൃത്തിയായി സൂക്ഷിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ ഈ ദൃഷ്ടാന്തം ഉപകരിക്കും.

**13. മനുഷ്യരാൽ ത്യജിക്കപ്പെടുവാനും ഉപദ്രവിക്കപ്പെടുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു.**

"ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും." (2 തിമൊ.3:12)

ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട് എന്ന് യേശു ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകിയിരുന്നു. (യോഹ.16:33) എങ്കിലും യേശു പിതാവിനോട് "അവരെ ലോകത്തിൽ നിന്നു നീക്കേണമെന്നു" പ്രാർത്ഥിച്ചില്ല (യോഹ.17:15). നിരവധി കഷ്ടങ്ങളിലൂടെ കടന്നുമാത്രമേ ദൈവരാജ്യത്തിൽ പ്രവേശനം സാദ്ധ്യമാകൂ എന്ന് അപ്പോസ്തലന്മാർ വിശ്വാസികളെ പഠിപ്പിച്ചു. (അപ്പൊ. പ്ര.14:23)

വീട്ടുടയവനെ ആളുകൾ ബെയേൽസെബൂൽ എന്നു വിളിച്ചു എങ്കിൽ വീട്ടുകാരെ എത്രയധികം വിളിക്കുമെന്ന് യേശു പറഞ്ഞു. (മത്താ.10:25). അപ്രകാരം നാം ആകുമ്പോഴാണ് നാം വിശ്വസ്തരായ ഭവനക്കാരാകുന്നത്. മറ്റുചില വിശ്വാസികൾ എന്നെ വിളിച്ചിട്ടുള്ള പേരുകൾ ഞാനോർക്കുന്നു. "പിശാച്" "പിശാചിന്റെ മകൻ" "ദുരാത്മാവ്" "എതിർക്രിസ്തു" "വഞ്ചകൻ" "ഭീകരൻ" "കൊലപാതകൻ" "ദിയോത്രെഫേസ്". അങ്ങനെ യേശുവിന്റെ കുടുംബക്കാരൻ എന്ന മാനം എനിക്കു ലഭിച്ചു. അതൊരു പദവിയായി ഞാൻ കാണുന്നു. വിശ്വസ്തതയോടെ കർത്താവിനെ സേവിക്കുന്നവർ ഇതൊക്കെ അനുഭവിക്കേണ്ടിവരും.

**മറ്റുചില വിശ്വാസികൾ എന്നെ വിളിച്ചിട്ടുള്ള പേരുകൾ ഞാനോർക്കുന്നു. "പിശാച്" "പിശാചിന്റെ മകൻ" "ദുരാത്മാവ്" "എതിർക്രിസ്തു" "വഞ്ചകൻ" "ഭീകരൻ" "കൊലപാതകൻ" "ദിയോത്രെഫേസ്". അങ്ങനെ യേശുവിന്റെ കുടുംബക്കാരൻ എന്ന മാനം എനിക്കു ലഭിച്ചു. അതൊരു പദവിയായി ഞാൻ കാണുന്നു. വിശ്വസ്തതയോടെ കർത്താവിനെ സേവിക്കുന്നവർ ഇതൊക്കെ അനുഭവിക്കേണ്ടിവരും.**

ഒരു സത്യപ്രവാചകൻ സ്വന്തം ബന്ധുക്കളുടെ ഇടയിൽ ഒരിക്കലും മാനിതനാവില്ല എന്ന് യേശു പറഞ്ഞു. സ്വന്തം കുടുംബത്തിൽ യേശുവിന് യാതൊരു അംഗീകാരവും ഉണ്ടായിരുന്നില്ല-അത് ഇന്നും അങ്ങനെതന്നെയാണ്. ഒരു യഥാർത്ഥ അപ്പൊസ്തലൻ മറ്റുള്ളവരുടെ ദൂഷണത്താൽ ലോകത്തിന്റെ ചവറുപോലെയും സകലത്തിന്റെയും അഴുക്കായും തീരുന്നു (1 കൊരി.4:13). ദൈവത്തിന്റെ വലിയ ഭൃത്യന്മാരൊക്കെ ഇപ്രകാരം നിന്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തവരാണ്.

സഭ മഹാപീഡനത്തിലൂടെ കടക്കുകയില്ല എന്ന ഉപദേശമാണ് ഏറ്റവും കൂടുതൽ പ്രചാരം നേടിയിട്ടുള്ളത്. കാരണം ആളുകൾക്ക് തങ്ങളുടെ ജഡത്തിൽ ഏറ്റവും സുഖകരമായ ഉപദേശവും അതുതന്നെ. തന്റെ വൃതന്മാരെ ചേർക്കുവാനായി താൻ വരുന്നത് മഹാപീഡനത്തിനുശേഷമാണെന്ന് മത്താ.24:29-31 വാക്യങ്ങളിൽ യേശു വ്യക്തമാക്കിയിട്ടുണ്ട് . മഹാപീഡനത്തിനു മുമ്പ് സഭ എടുക്കപ്പെടുമെന്ന് വ്യക്തമാക്കുന്ന ഒരൊറ്റ വാക്യം പോലും പുതിയനിയമത്തിലെങ്ങും തന്നെയില്ല. 1800 കളിലാണ് ഇംഗ്ലണ്ടിൽ ഈ ഉപദേശം കണ്ടുപിടിക്കപ്പെട്ടത്.

ഇപ്പോൾ നമ്മുടെ രാജ്യത്ത് പീഡനത്തെ അഭിമുഖീകരിക്കുവാനായി നാം സഭയെ ഒരുക്കേണ്ടിയിരിക്കുന്നു.

**14. ദൈവം സ്വീകരിച്ചവരെയൊക്കെ നാമും സ്വീകരിക്കണം.**

ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെയെല്ലാം താനിച്ഛിക്കുമ്പോലെ തമ്മിൽ ഒരു ഭിന്നതയും ഉണ്ടാകാത വണ്ണം ദൈവം ക്രമപ്പെടുത്തിയിരിക്കുന്നു. (1 കൊരി. 12:18,25). ദൈവം വിവിധ കാലഘട്ടങ്ങളിൽ വിവിധ രാജ്യങ്ങളിൽ തന്റെ ശുദ്ധമായ സാക്ഷ്യം ഉയർത്തുവാനും പുനഃസ്ഥാപിക്കുവാനുമായി വ്യക്തികളെ എഴുന്നേല്പിക്കാറുണ്ട്. അവരുടെ കാലശേഷം തങ്ങളുടെ അനുയായികൾ ഛിന്നഭിന്നമായി. വിവിധ ഗ്രൂപ്പുകളായി, ആരെയും ഉൾക്കൊള്ളാത്തവരായി, കൾട്ടുകളായിത്തീരാറുണ്ട്.

ക്രിസ്തുവിന്റെ ശരീരം ഒരു സംഘടനയെക്കാൾ വലുതാണ്. അക്കാര്യം നാം മറന്നുകൂടാ. ക്രിസ്തുവിന്റെ മണവാട്ടി ഇന്നും പല ഗ്രൂപ്പുകളിലായി ചിതറിക്കിടക്കുന്നു.

വചനത്തിന്റെ വ്യാഖ്യാനത്തിലുള്ള അന്തരംകൊണ്ടും ഗ്രഹിക്കുന്നതിലുള്ള അന്തരം കൊണ്ടും പലരുമായി നമുക്കു ചേർന്നു പ്രവർത്തിക്കാൻ കഴിയില്ലെ

**ഒരു മനുഷ്യനെയും അപമാനിക്കുന്ന ഒരു വാക്കും ദൈവത്തിൽ നിന്നുള്ളതല്ല. അതിന്റെ ഉറവിടം സാത്താനാണ്. മനുഷ്യനെ അപമാനിക്കാനും തള്ളിയിടാനും നിരന്തരം ശ്രമിക്കുന്നത് അവൻ തന്നെ. ഭാര്യമാരോടും കുഞ്ഞുങ്ങളോടും യുവാക്കളോടും യാചകരോടും ശത്രുക്കളോടും ഒക്കെത്തന്നെ സൗമ്യമായും ആദരവോടും സംസാരിക്കുവാൻ നമ്മോടു കല്പിച്ചിരിക്കുന്നു.**

ങ്കിലും കർത്താവു കൈക്കൊണ്ടിട്ടുള്ളവരുമായി ഒരു കൂട്ടായ്മ പുലർത്താൻ നാം ശ്രമിക്കേണ്ടതുണ്ട്.

**15. എല്ലാ വ്യക്തികളോടും നാം മാന്യതയോടെ പെരുമാറണം.**

"ദൈവം തന്റെ സ്വരൂപത്തിലുണ്ടാക്കിയിരിക്കുന്ന മനുഷ്യരെ നാവുകൊണ്ടു നാം ശപിക്കുന്നു. എന്റെ സഹോദരന്മാരെ, നാം അങ്ങനെ ചെയ്യുന്നതു യോഗ്യമല്ല." (യാക്കോ.3:9,10).

ഒരു മനുഷ്യനെയും അപമാനിക്കുന്ന ഒരു വാക്കും ദൈവത്തിൽ നിന്നുള്ളതല്ല. അതിന്റെ ഉറവിടം സാത്താനാണ്. മനുഷ്യനെ അപമാനിക്കാനും തള്ളിയിടാനും നിരന്തരം ശ്രമിക്കുന്നത് അവൻ തന്നെ. ഭാര്യമാരോടും കുഞ്ഞുങ്ങളോടും യുവാക്കളോടും യാചകരോടും ശത്രുക്കളോടും ഒക്കെത്തന്നെ സൗമ്യമായും ആദരവോടും സംസാരിക്കുവാൻ ദൈവം നമ്മോടു കല്പിച്ചിരിക്കുന്നു. (1 പത്രോ. 3:15). എല്ലാ ആളുകളെയും മാന്യരായിക്കരുതുക. സാധുവായ ഒരു സഹോദരന് സഹായം നൽകുമ്പോൾ അവന്റെ മാന്യത നഷ്ടപ്പെടാതെ അതു നൽകണം. നാം





അവന് ഒരു ഗുണകാരിയല്ല മറിച്ച് ഒരു സഹോദരൻ തന്നെയായിരിക്കണം.

**16. സാമ്പത്തികാവശ്യങ്ങൾ ദൈവത്തോടു മാത്രം പറയുക.**

"ദൈവം നിങ്ങളുടെ ആവശ്യങ്ങൾ ക്രിസ്തുയേശുവിൽ തന്റെ ധനത്തിനൊത്തവണ്ണം തീർത്തുതരും" (ഫിലി. 4:19).

പൂർണ്ണസമയക്രിസ്തീയവേലക്കാർ തങ്ങളുടെ ആവശ്യങ്ങൾ ദൈവത്തെ മാത്രം അറിയിക്കയും അതിന്നായി ദൈവത്തെ മാത്രം ആശ്രയിക്കയും ചെയ്യുക. ദൈവം അവരുടെ ആവശ്യങ്ങൾക്കായി മറ്റുള്ളവരെ പ്രേരിപ്പിക്കും. ഇന്നു പലരും ചെയ്യുന്നതുപോലെ വിശ്വാസത്താൽ ജീവിക്കുന്നു എന്നു പറകയും തങ്ങളുടെ ആവശ്യങ്ങൾ ആളുകളോടു അറിയിക്കയും ചെയ്യുവാൻ പാടില്ല.

"സുവിശേഷം അറിയിക്കുന്നവർ അതിനാൽ ഉപജീവിക്കണമെന്നു ദൈവം കല്പിച്ചിരിക്കുന്നു" (1 കൊരി. 9:14). അതുകൊണ്ട് പൂർണ്ണസമയശുശ്രൂഷകർ ആളുകൾ മനസ്സോടെ നൽകുന്ന ദാനങ്ങൾ സ്വീകരിക്കുന്നതിൽ തെറ്റില്ല. പക്ഷേ ശമ്പളം വാങ്ങുന്നതു തെറ്റാണ്. ദാനങ്ങൾ അവകാശപ്പെടാൻ കഴിയില്ല. പക്ഷെ ശമ്പളം അവകാശപ്പെടാവുന്നതാണ്. ഇന്നു കാണുന്ന അധികം ക്രിസ്തീയസഭകളുടേയും സ്ഥാപനങ്ങളുടേയും നിർജ്ജീവാവസ്ഥയുടെ രഹസ്യം ഇവിടെയാണ്. നമ്മെക്കാൾ ദരിദ്രരായ ആളുകളിൽ നിന്നും നാം വ്യക്തിപരമായ ആവശ്യത്തിനോ കുടുംബത്തിന്റെ ആവശ്യത്തിനോ പണം വാങ്ങാൻ പാടില്ല. അങ്ങനെ ആരെങ്കിലും നൽകുന്ന പണം അവരെക്കാൾ നിർധനരായവരെ സഹായിക്കാനോ സ്തോത്രകാഴ്ചപ്പെട്ടിയിൽ നിക്ഷേപിക്കാനോ വിനിയോഗിക്കുക.

പൂർണ്ണസമയശുശ്രൂഷകർക്ക് ധനവിനിയോഗം സംബന്ധിച്ച പത്തു പ്രമാണങ്ങൾ ഇവിടെ നൽകട്ടെ:

1. ദൈവത്തോടല്ലാതെ ആരോടും സാമ്പത്തികാവശ്യം പറയരുത് (ഫിലി. 4:19)
2. അവിശ്വാസികളിൽ നിന്നും ധനം സ്വീകരിക്കരുത് (3 യോഹ.7)
3. ആരുടെ കൈയിൽ നിന്നും ഒരു സമ്മാനവും സ്വീകരിക്കരുത് (സങ്കീ.62:5)
4. പണം നൽകി നിങ്ങളെയോ നിങ്ങളുടെ ശുശ്രൂഷയെയോ നിയന്ത്രിക്കാൻ ആരെയും അനുവദിക്കരുത്.
5. നിങ്ങളുടെ ശുശ്രൂഷ സ്വീകരിക്കാത്തവരിൽ നിന്നും ധനം സ്വീകരിക്കരുത്.
6. നിങ്ങളെക്കാൾ നിർദ്ധനരായ ആരിൽ നിന്നും വ്യക്തിപരമായ ആവശ്യത്തിനോ കുടുംബത്തിന്റെ ആവശ്യത്തിനോ പണം സ്വീകരിക്കരുത്.
7. സാമ്പത്തികാവശ്യങ്ങൾക്കായി ഒരു മനുഷ്യനെയും ആശ്രയിക്കരുത്.
8. തെറ്റായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നു എന്നു മറ്റുള്ളവർക്കു തോന്നുംവിധം ദൈവത്തിന്റെ പണം കൈകാര്യം ചെയ്യരുത്. (2 കൊരി.8:20,21)
9. ധനലബ്ധിയിൽ ആഹ്ലാദിക്കരുത്.
10. ധനനഷ്ടത്തിൽ നിരാശപ്പെടുകയുമരുത്.

**ഉപസംഹാരം**

ഈ സത്യങ്ങൾ നിങ്ങളെ ഉത്സാഹിപ്പിക്കുക മാത്രമല്ല സ്വതന്ത്രരാക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. കർത്താവിനോടു ചേർന്നു നടക്കുന്നതും അവിടുത്തെ ശുശ്രൂഷ ചെയ്യുന്നതും ഗൗരവമായെടുത്തിരിക്കുന്ന ഒരു വ്യക്തിയാണു നിങ്ങളെങ്കിൽ ഈ സത്യങ്ങളും ദൈനംദിനജീവിതത്തിൽ ഗൗരവമായി ഏറ്റെടുക്കുക.

●

# പ്രാർത്ഥനയിലെ പരമാർത്ഥത

*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമെ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ.*

**ഈ** കർത്തൃപ്രാർത്ഥനയിലെ ഒരോ പദവും എനിക്കു പ്രാഗത്ഭ്യത്തോടെ പറയാൻ കഴിയുമോ?

ആരുമായും ബന്ധമില്ലാത്ത വെള്ളം കടക്കാത്ത ഒരു ആത്മീകഅറയിൽ ജീവിക്കുകയാണെങ്കിൽ എനിക്ക് ഞങ്ങളുടെ എന്നു പറയുവാൻ കഴിയുകയില്ല.

ദൈനംദിനജീവിതത്തിൽ ആ ബന്ധം തെളിയിക്കാൻ കഴിയുന്നില്ലെങ്കിൽ പിതാവേ എന്ന് എനിക്കു വിളിക്കുവാൻ കഴിയുകയില്ല.

ഭൂമിയിലുള്ള കാര്യങ്ങളിൽ ഞാൻ മുഴുകിയിരിക്കുകയും സ്വർഗ്ഗത്തിൽ നിക്ഷേപം കരുതിക്കൊള്ളാതിരിക്കുകയും ചെയ്താൽ സ്വർഗ്ഗസ്ഥനായ എന്നെനിക്കു പറയുവാൻ സാധ്യമല്ല.

തന്റെ നാമത്തിൽ വിളിക്കപ്പെട്ടിരിക്കുന്ന ഞാൻ വിശുദ്ധനല്ലെങ്കിൽ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ എന്നെനിക്ക് എങ്ങനെ പറയുവാൻ കഴിയും?

എന്റെ കഴിവെല്ലാം ദൈവത്തിന്റെ വരവിനെ തിടുക്കപ്പെടുത്താൻ വിനിയോഗിക്കുന്നില്ലെങ്കിൽ എനിക്കു നിന്റെ രാജ്യം വരേണമേ എന്നു പറയുവാൻ കഴിയുകയില്ല.

എന്നെക്കുറിച്ചുള്ള അവിടുത്തെ ഇഷ്ടത്തെ ചോദ്യം ചെയ്യുകയും മറുതലിക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്താൽ നിന്റെ ഇഷ്ടം ആകണമേ എന്നെനിക്ക് എങ്ങനെ പറയുവാനാകും?

ഇവിടെ തന്റെ സേവനത്തിനായി എന്റെ ജീവിതത്തെ സമർപ്പിക്കുവാൻ ഞാൻ തയ്യാറല്ലെങ്കിൽ സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും എന്നെനിക്ക് പ്രാർത്ഥിക്കുവാൻ കഴിയുകയില്ല.

ഭൂതകാല അനുഭവങ്ങളിലാണ് എന്റെ ജീവിതമെങ്കിൽ ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ എന്നു പറയുന്നതെങ്ങനെ?

ആർക്കെങ്കിലും എതിരെ ഒരു വിരോധം എന്നിലുണ്ടെങ്കിൽ ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോട് ക്ഷമിക്കേണമേ എന്നു പ്രാർത്ഥിക്കുക അസാധ്യമാണ്.

പ്രലോഭനങ്ങൾ ഉണ്ടാകാവുന്ന ഒരു സ്ഥാനത്തു ഞാൻ മനഃപൂർവ്വം നിൽക്കുകയാണെങ്കിൽ ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ എന്ന് എനിക്കു പറയുവാൻ കഴിയുമോ?

ആത്മികതലത്തിൽ ജീവിക്കുകയും പ്രാർത്ഥനയെന്ന ആയുധം ഉപയോഗിക്കുകയും ചെയ്യുന്നില്ലെങ്കിൽ ദുഷ്ടങ്കൽ നിന്നു വിടുവിക്കേണമേ എന്നെനിക്കു പ്രാർത്ഥിക്കുവാൻ സാധിക്കുകയില്ല.

കൂറുള്ള ഒരു പ്രജയെന്ന നിലയിൽ സ്വർഗ്ഗീയരാജാവിനോട് ഞാൻ അച്ചടക്കവും അനുസരണവും കാട്ടുന്നില്ലെങ്കിൽ രാജ്യം നിനക്കുള്ളതല്ലോ എന്നു പറയുന്നതെങ്ങനെ?

***(ശേഷം പേജ് 43 ൽ)***



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

***വായിച്ചു തുടങ്ങുംമുൻപ്......***

*റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ.*

*ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി–അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്‌ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി.*

*സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോകസംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മദാംപേജിന് ഇഷ്ടമായില്ല. അവർ വീടുവിട്ടുപോയി. ഇതിനിടെ ചത്വരത്തിലെ മദ്യലോബിക്കെതിരേ യഥാർത്ഥക്രിസ്ത്യാനികൾ അണിനിരന്നു. ഈ പോരാട്ടത്തിൽ ലൊറീൻ രക്തസാക്ഷിയായി.*

*എഴുത്തുകാരനായ ജാസ്പർ പ്രതിജ്ഞ എടുത്തവനായിരുന്നെങ്കിലും അത് ഗൗരവമായി എടുക്കാത്തവനായതിനാൽ റേച്ചൽ അവന്റെ വിവാഹവാഗ്ദാനം നിരസിക്കാൻ തീരുമാനിച്ചു. വെർജീനയായുടെ സഹോദരൻ റോളിൻ മാനസാന്തരപ്പെട്ട് മുന്നോട്ടുവന്നു.*

*ഷിക്കാഗോയിലെ സഭശുശ്രൂഷകൻ ഡോ.ബ്രൂസ് റെയ്മണ്ടിലെ ഉണർവ്വിനെക്കുറിച്ച് അറിഞ്ഞ് അതു തന്റെ സഭയിലും പ്രാവർത്തികമാക്കാൻ തുനിയുന്നു.*

*തുടർന്നുവായിക്കുക....*

## 17

**ഷി**ക്കാഗോയിലെ നാടകശാലയ്ക്കു പുറത്ത് ശനിയാഴ്ച വൈകുന്നേരത്തെ പ്രദർശനം കഴിഞ്ഞ സമയം. പതിവുപോലെ ആളുകൾ തിക്കിത്തിരക്കി പുറത്തേക്ക് വന്ന് പുറത്തെ തണുപ്പിൽ നിന്നും രക്ഷനേടാൻ വേണ്ടി തിരക്കു പിടിച്ച് കുതിരവണ്ടികൾക്കുള്ളിൽ അഭയം തേടുന്നു. നാടകശാലയുടെ വാതിൽക്കാവൽക്കാരൻ കതിരവണ്ടികളുടെ നമ്പർ ഉച്ച

ത്തിൽ വിളച്ചു പറയുന്നു. വണ്ടിക്കാർ വണ്ടികളുമായെത്തി ആളുകളെ കയറ്റിപ്പായുന്നു.

"624"അയാൾ വിളിച്ചു പറഞ്ഞു.

CRS എന്നു ലോഹമുദ്രണം ചെയ്തു മനോഹരമായി അലങ്കരിച്ച ഒരു വണ്ടി വന്നു നിന്നു. മുന്തിയ ജനുസ്സിൽപ്പെട്ട രണ്ടു കറുത്തകുതിരകൾ.

ആൾ കൂട്ടത്തിൽ നിന്നും രണ്ടു പെൺകുട്ടികൾ വണ്ടിക്കടുത്തേക്ക് വന്നു. അതിൽ പ്രായം കൂടിയവൾ വണ്ടിക്കുള്ളിലേക്ക് കടന്ന് സീറ്റിലിരുന്നു. ഇളയവൾ പുറത്തു തന്നെ നിന്നു. വണ്ടിക്കാരൻ അവൾക്കുവേണ്ടി വാതിൽ തുറന്നു പിടിച്ചുകൊണ്ടു നിന്നു. "ഫെലീഷ്യാ വേഗം കയറൂ , എന്താണവിടെ നോക്കിനില്ക്കുന്നത്. ഓ! തണുപ്പുകൊണ്ടു ഞാനിപ്പോൾ ചാകും." വണ്ടിക്കുള്ളിലിരിക്കുന്ന പെൺകുട്ടി വിളിച്ചു പറഞ്ഞു. പുറത്തു നിന്ന പെൺകുട്ടി തന്റെ കുപ്പായത്തിൽ നിന്നും ഒരു കുല പൂക്കൾ ഇളക്കിയെടുത്ത് പാതയോരത്ത് കുതിരകൾക്ക് സമീപം തണുത്തുവിറച്ചു നിന്ന ചെറിയ ആൺകുട്ടിക്ക് കൊടുത്തു.അവൻ അത്ഭുതത്തോടും ആദരവോടും നന്ദി പറഞ്ഞ് ആ പൂക്കൾ തന്റെ പരുക്കൻ മുഖത്തോടു ചേർത്തു. അവൾ വേഗം വണ്ടിക്കുള്ളിൽ കയറി. വണ്ടി നീങ്ങി-രാജപാതയിലൂടെ അതിവേഗം.

"നീ എപ്പോഴും വിചിത്രമായ എന്തെങ്കിലുമൊക്കെ ചെയ്യാറുണ്ട്, അല്ലേ ഫെലീഷ്യാ?"

"അങ്ങനെയോ റോസ്?" ഫെലീഷ്യാ അത്ഭുതംകൂറി.

"എന്താണു ഞാനിപ്പോൾ വിചിത്രമായി ചെയ്തത്?"

"ആ പൂക്കൾ ആ ചെറുക്കനു കൊടുത്തതുതന്നെ. അല്ലാതെന്താ? അവനാണെങ്കിൽ പൂക്കളെക്കാൾ ആവശ്യം കുറച്ചു കഞ്ഞിയാണെന്നു മുഖം കണ്ടാലറിയാം. ഓ! അതും നിനക്കു തോന്നാഞ്ഞതു നന്നായി. അല്ലെങ്കിൽ അവനെ അത്താഴത്തിനു ക്ഷണിക്കുക കൂടി ചെയ്യുമായിരുന്നു. അത്തരം വിചിത്രമായ കാര്യങ്ങളാണല്ലോ നിന്റെ കയ്യിൽ!"

"അത്തരം ഒരു കുട്ടിയെ വീട്ടിൽ കൊണ്ടുപോയി അത്താഴം കൊടുക്കുന്നത് അത്ര വിചിത്രമായ ഒരു കാര്യമാണോ?" ഫെലീഷ്യ നേർത്ത സ്വരത്തിൽ ആത്മഗതം ചെയ്തു.

"വിചിത്രമെന്ന വാക്കല്ല അതിനുപയോഗിക്കേണ്ടത് മദാം ബ്ലാങ്ക് പറയുമ്പോലെ 'മര്യാദകേട്" എന്ന വാക്കാണ്. ഞാൻ പറഞ്ഞതിന്റെ പേരിൽ ദൈവത്തെയോർത്ത് അത്തരം ആരെയും അത്താഴത്തിനു ക്ഷണിച്ചേക്കരുത്. ഓ, എന്റെ പൊന്നേ, ഞാൻ മടുത്തു." അവൾ കോട്ടുവായിട്ടു. ഫെലീഷ്യാ പുറത്തേക്കു നോക്കിയിരുന്നു.

"ഇന്നത്തെ സംഗീതപരിപാടി വളരെ മോശമായിരുന്നു. വയലിൻ വായന തികച്ചും വിരസമായിരുന്നു. നിനക്കെങ്ങനെയാണ് ഇതൊക്കെ ശ്രദ്ധിച്ചിരിക്കാൻ കഴിയുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല." റോസ് അക്ഷമയോടെ പറഞ്ഞു.

"എനിക്കു വളരെ ഇഷ്ടമായി." ഫെലീഷ്യാ മന്ദമായി പറഞ്ഞു.


"നിനക്ക് എല്ലാം ഇഷ്ടമാണ്. ഇങ്ങനെ വിമർശനബുദ്ധിയോടെയല്ലാതെ കാര്യങ്ങളെ കാണുന്ന ഒരാളെ ഞാൻ കണ്ടിട്ടേയില്ല. എനിക്ക് എല്ലാറ്റിനോടും മടുപ്പു തോന്നുന്നു. ഇന്നു രാത്രിയിലെ 'ലണ്ടന്റെ നിഴലുക'ളെങ്കിലും നന്നായിരുന്നാൽ മതിയായിരുന്നു."

"ഷിക്കാഗോയുടെ നിഴലുകൾ" ഫെലീഷ്യാ മന്ത്രിച്ചു.

"രണ്ടുമാസം മുമ്പെ ന്യൂയോർക്കിൽ വലിയ ചലനമുണ്ടാക്കിയ 'ലണ്ടന്റെ നിഴലുകൾ' എന്ന നാടകത്തിന്റെ കാര്യമാണു ഞാൻ പറയുന്നത്. മനോഹരമായ രംഗപടങ്ങളോടുകൂടിയ നാടകം. അതിന്നു രാത്രി ഷിക്കാഗോയിൽ അര







ങ്ങേറുന്നുണ്ട്. നമുക്കു സീറ്റുകൾ ബുക്കു ചെയ്തിട്ടുണ്ട്." റോസ് പറഞ്ഞു.

"പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ചു നാം ദുഃഖിക്കുന്നില്ലല്ലോ. ലണ്ടനിലെയോ ഷിക്കാഗോയിലെയോ നിഴലുകൾക്ക് യഥാർത്ഥജീവിതവുമായി എന്തുബന്ധം? അവരുടെ യഥാർത്ഥ അവസ്ഥ എന്തുകൊണ്ടു നമ്മെ ആവേശം കൊള്ളിക്കുന്നില്ല?" ഫെലീഷ്യ ചോദിച്ചു.

"യാഥാർത്ഥ്യം പരുക്കനും വൃത്തികെട്ടതും മടുപ്പുളവാക്കുന്നതുമാണ്. ചേർന്നുപോകുമ്പോൾ ഭാരമായിത്തോന്നും." റോസ് അശ്രദ്ധമായി പറഞ്ഞു. "ഫെലീഷ്യ, നിനക്ക് ഈ ലോകത്തെ നന്നാക്കാനൊന്നും കഴിയില്ല. ദാരിദ്ര്യവും അരിഷ്ടതയുമൊന്നും നമ്മുടെ കുറ്റംകൊണ്ടല്ലല്ലോ ഉണ്ടാവുന്നത്. എല്ലാക്കാലത്തും ദരിദ്രരും ധനികരുമുണ്ടായിട്ടുണ്ട്. ഇനിയും അതങ്ങനെ തന്നെ ആയിരിക്കയും ചെയ്യും. നാം ധനികരായിരിക്കുന്നതിൽ നമുക്കു നന്ദിയുള്ളവരായിരിക്കാം."

"ശരി, യേശുക്രിസ്തു അങ്ങനെയൊരു പ്രമാണമനുസരിച്ചായിരുന്നെങ്കിൽ" ഫെലീഷ്യാ വിട്ടുകൊടുക്കാൻ മനസ്സില്ലാതെ തന്റെ വാദഗതി തുടർന്നു. "കഴിഞ്ഞയാഴ്ച ഡോ. ബ്രൂസ് പ്രസംഗിച്ചതോർമ്മിക്കുന്നുണ്ടോ?" ധനികനായിരുന്നിട്ടും നമ്മെ സമ്പന്നരാക്കാൻ വേണ്ടി ദരിദ്രനായിത്തീർന്ന യേശുക്രിസ്തുവിന്റെ കൃപയെക്കുറിച്ച്".

"ഓ, ഞാൻ ഓർക്കുന്നുണ്ട്" റോസിനു ശുണ്ഠി വന്നു." എങ്കിലും ദരിദ്രരെ സഹായിക്കാത്ത ധനികർ കുറ്റക്കാരാണെന്നൊന്നും ഡോ.ബ്രൂസ് പറഞ്ഞില്ലല്ലോ. അദ്ദേഹം വളരെ മെച്ചപ്പെട്ട സൗകര്യത്തിൽ ജീവിക്കുന്ന ഒരാളാണെന്നെനിക്കുറപ്പുണ്ട്. കുറച്ചാളുകൾ പട്ടിണിയിൽ കഴിയുന്നു എന്നതുകൊണ്ട് അദ്ദേഹം തന്റെ സൗകര്യങ്ങൾ ത്യജിക്കാനൊന്നും തയ്യാറല്ലല്ലോ. ഇനി അദ്ദേഹം അങ്ങനെ ത്യജിച്ചാൽത്തന്നെ അതുകൊണ്ടുള്ള പ്രയോജനം എന്താണ്? ഫെലീഷ്യാ, ഞാൻ പറഞ്ഞല്ലോ ലോകത്തിൽ എന്നും ധനികരും ദരിദ്രരും ഉണ്ടായിരിക്കും. ആ റേച്ചൽ വിൻസ്‌ലോ നിനക്കീ വിചിത്രമായ കാര്യങ്ങൾ എഴുതി അറിയിച്ച

തിനു ശേഷം നീ കുടുംബത്തെ മുഴുവനും വെറുതേ കീഴ്മേൽ മറിച്ചുകൊണ്ടിരിക്കയാണ്. ആളുകൾക്ക് എന്നും ഈ പാട്ടും കേട്ടങ്ങിരിക്കാനൊന്നും പറ്റില്ല. അവളും ഉടൻ തന്നെ ഈ പരിപാടിയൊക്കെ നിർത്തും. അവൾ ഈ ഷിക്കാഗോയിലേക്കു വന്ന് ഇവിടുത്തെ ഗാനമേളകളിൽ പാടാത്തത് എത്ര കഷ്ടമാണ്! അവൾക്കു നല്ല വാഗ്ദാനങ്ങൽ ലഭിച്ചതായി ഞാൻ അറിഞ്ഞു. അവളെ ഉത്സാഹിപ്പിക്കാനായി അവൾക്ക് കത്തെഴുതാനിരിക്കയാണു ഞാൻ. അവളുടെ പാട്ട് കേൾക്കാൻ എനിക്കു കൊതിയായി."

ഫെലീഷ്യാ പുറത്തേക്കു നോക്കി നിശ്ശബ്ദയായി ഇരുന്നിരുന്നു. വണ്ടി വേഗം അവരുടെ വീടിനു മുമ്പിലെത്തി. നിന്നു. സഹോദരിമാർ രണ്ടു പേരും ഇറങ്ങി വീടിനുള്ളിലേക്കു പോയി. എണ്ണച്ഛായാ ചിത്രങ്ങളും ശിലാസ്തംഭങ്ങളും കൊത്തുപണികളും കലാരൂപങ്ങളും കൊണ്ടലംകൃതമായ കരിങ്കല്ലിൽ പണിത കൊട്ടാരസദൃശമായ ഒരു മണിമന്ദിരമായിരുന്നു അത്.

അതിന്റെ ഉടമയായ ചാൾസ് സ്റ്റെർലിംഗ് ഒരു നെരിപ്പോടിനു മുമ്പിൽ ഒരു ചുരുട്ടും വലിച്ചുകൊണ്ട് ഇരുന്നിരുന്നു. ധാന്യവിപണിയിലെ ഊഹക്കച്ചവടത്തിലൂടെയും റെയിൽറോഡുകളിലെ സംരംഭങ്ങളിലൂടെയും ധാരാളം പണം സമ്പാദിച്ച വ്യക്തിയായിരുന്നു അദ്ദേഹം. റെയ്മണ്ടിലെ ശ്രീമതി വിൻസ് ലോയുടെ സഹോദരിയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർ വർഷങ്ങളായി ശരീരത്തിന്റെ സ്വാധീനശക്തി നഷ്ടപ്പെട്ടു കിടപ്പിലായിരുന്നു. അദ്ദേഹത്തിനും ഭാര്യയ്ക്കും പെൺമക്കളാണ് റോസും ഫെലീഷ്യയും. റോസ് ഇരുപത്തിയൊന്നു വയസ് പ്രായമുള്ള സുന്ദരിയും എന്തും തുറന്നടിക്കുന്ന പ്രകൃതക്കാരിയുമാണ്. കോളജുവിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുണ്ട്. എന്തിനെയും വിമർശിക്കുന്ന ഒരു ദോഷൈകദൃക്കാണ്. അവളെ സന്തോഷിപ്പിക്കുക അസാദ്ധ്യമാണെന്ന് അവളുടെ പിതാവുതന്നെ പറഞ്ഞിട്ടുണ്ട്.

പത്തൊൻപതു വയസ്സുള്ള ഫെലീഷ്യയാകട്ടെ, അവളുടെ അർദ്ധസഹോദരി റേച്ചൽ വിൻസ്ലോയെപ്പോലെ സൗന്ദര്യവും ഹൃദയവിശാലതയും ക്രിസ്തീയമനോഭാവവുമുള്ളവളാണ്. ഏതു ഭാവങ്ങൾക്കും വഴങ്ങുന്ന മുഖവും നീഗൂഢമായി ആർക്കും പിടികിട്ടാത്ത മനോവ്യാപാരങ്ങളും ഉള്ളവൾ. പിതാവിന് അവൾ ഒരു കടങ്കഥയും മാതാവിന് ഒരു അലോസരവുമായിരുന്നു. തന്റെ മനസ്സാക്ഷിയ്ക്കൊത്ത വണ്ണം പ്രവർത്തിക്കാൻ സ്വാതന്ത്ര്യം ലഭിക്കുമെങ്കിൽ ഏതുസാഹചര്യത്തോടും ഇണങ്ങിക്കഴിയുന്നവളാണ് ഫെലീഷ്യാ.

"ഫെലീഷ്യാ, ഇതാ നിനക്കൊരു കത്ത്." മി.സ്റ്റെർലിംഗ് ഒരു കത്ത് അവളുടെ നേർക്കു നീട്ടി.

"ഓ, റേച്ചലിന്റേതാണ്." അവൾ അതു പൊട്ടിച്ചുകൊണ്ടു പറഞ്ഞു.

"എന്തൊക്കെയാണു റെയ്മണ്ടിലെ പുതിയ വിശേഷങ്ങൾ?" മി.സ്റ്റെർലിംഗ് ചുരുട്ട് വായിൽ നിന്നെടുത്ത് പാതിയടഞ്ഞ മിഴികളോടെ ചോദിച്ചു.

"റേച്ചൽ പറയുന്നത് ഡോ.ബ്രൂസ് രണ്ടു ഞായറാഴ്ചകളിൽ റെയ്മണ്ടിൽ താമസിച്ച് മി.മാക്സ്വെല്ലിന്റെ പ്രതിജ്ഞയെയും പ്രഥമസഭയുടെ പ്രവർത്തനങ്ങളെയും വലിയ താത്പര്യത്തോടെ മനസ്സിലാക്കി എന്നാണ്."

"റേച്ചൽ തന്നെക്കുറിച്ച് എന്താണു പറയുന്നത്?" അരഡസനോളം തൂവൽ തലയിണകൾക്കിടയിൽ നിന്നും റോസ് വിളിച്ചു ചോദിച്ചു.

"അവൾ ഇപ്പോഴും ചത്വരത്തിൽ പാടുന്നുണ്ട്. കൂടാരശുശ്രൂഷയ്ക്കു വിരാമമിട്ട് പഴയ ഒരു ഹാളിലാണ് ഇപ്പോൾ യോഗങ്ങൾ. വെർജീനിയയുടെ പുതിയ കെട്ടിടങ്ങൾ പണിതീരുന്നതുവരെ അവിടെത്തന്നെ ആയിരിക്കും."

"ഞാൻ അവളെ ഇങ്ങോട്ടു ക്ഷണിക്കാനിരിക്കയാണ്. അവളുടെ പാട്ടിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഒന്നുമറിയാത്ത ആ തെരുവു സന്തതികളുടെ ഇടയിൽ ഉരുകിത്തീരേണ്ട കാര്യമൊന്നുമില്ല അവൾക്ക്."

മി.സ്റ്റെർലിംഗ് പുതിയ ഒരു ചുരുട്ട് കത്തിച്ചു. റോസ് തന്റെയുള്ളിലെ അത്ഭുതം മറച്ചുവച്ചില്ല.

"വിചിത്രമായ സ്വഭാവമാണ് റേച്ചലിന്റേത്. നാടകശാലയിൽ പാടുവാൻ അവൾ തയ്യാറായിരുന്നെങ്കിൽ ഷിക്കാഗോയെ ഇളക്കിമറിക്കാൻ അവളുടെ ശബ്ദത്തിനു കഴിയുമായിരുന്നു." എന്നാൽ അവിടെ തങ്ങളെന്താണു കേൾക്കുന്നതെന്നുപോലും ഗ്രഹിക്കാൻ കഴിയാത്ത ആളുകളുടെയിടയിൽ അതു പാഴായിപ്പോകുന്നു."

"റേച്ചലിനു തന്റെ പ്രതിജ്ഞയോടൊപ്പം കൊണ്ടു പോകാൻ കഴിയാത്ത ഒരു കാര്യത്തിനു വേണ്ടി ഇങ്ങോട്ടുവരില്ല" ഫെലിഷ്യ ആലോചനയോടെ പറഞ്ഞു.

"എന്തു പ്രതിജ്ഞ?" മി. സെറ്റർലിംഗ് ആയിരുന്നു ആ ചോദ്യം ഉതിർത്തത്. എന്നിട്ടു പെട്ടെന്നു തന്നെ പറഞ്ഞു:"ഓ, എനിക്കറിയാം. വളരെ വിചിത്രമായ ഒരു പ്രതിജ്ഞ. അലക്സാണ്ടർ പവേഴ്സ് എന്റെ മിത്രമായിരുന്നു. ഞങ്ങളൊന്നിച്ചാണ് ടെലഗ്രാഫി പഠിച്ചത്. രാജ്യാന്തരവ്യവസായ കമ്മീഷനുമുമ്പിൽ പവേഴ്സ് നൽകിയ തെളിവുകളും രാജിക്കത്തും വലിയ കോളിളക്കം ഉണ്ടാക്കിയിരുന്നു. ഇപ്പോൾ വീണ്ടും ടെലഗ്രാഫിയിലേക്കു തിരിഞ്ഞിരിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി റെയ്മണ്ടിൽ ഇത്തരം കിറുക്കുകൾ അരങ്ങേറിക്കൊണ്ടിരിക്കുന്നു. ഡോ.ബ്രൂസ് എങ്ങനെയാണീ കാര്യങ്ങളെ കാണുന്നതെന്ന് എനിക്കറിഞ്ഞാൽ കൊള്ളാമായിരുന്നു."

"ഓ, അദ്ദേഹം തിരികെ എത്തിയിട്ടുണ്ട്. നാളെ പ്രസംഗം കേൾക്കാം." ഫെലീഷ്യാ പറഞ്ഞു. "ചിലപ്പോൾ ഇക്കാര്യങ്ങളൊക്കെ പറയുമായിരിക്കും."

ഏതാനും നിമിഷങ്ങളുടെ നിശ്ശബ്ദതയ്ക്കുശേഷം ഫെലീഷ്യാ പൊടുന്നനവേ ആരോടോ എന്ന പോലെ പറഞ്ഞു:

"അതേപ്രതിജ്ഞ അദ്ദേഹവും ഇവിടെ ഈ നസ്രേത്ത് അവന്യൂ ചർച്ചിൽ അവതരിപ്പിച്ചാൽ എന്താവും?"

"ആര്? എന്തിനെക്കുറിച്ചാണു നീയീപ്പറയുന്നത്?" മി. സ്റ്റെർലിംഗ് അത്ര രസിക്കാത്ത മട്ടിൽ ചോദിച്ചു.

"ഡോ. ബ്രൂസിനെക്കുറിച്ചാണ്. മി. മാക്സ്വെൽ തന്റെ സഭയിൽ വച്ച അതേ ആലോചന ഡോ.ബ്രൂസ് ഇവിടെയും വയ്ക്കുകയാണെന്നിരിക്കട്ടെ: അടുത്ത ഒരു വർഷക്കാലം തങ്ങൾ ചെയ്യുന്ന എന്തു കാര്യവും "യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു" എന്നു തങ്ങളോടുതന്നെ ചോദിച്ചശേഷം ചെയ്യുവാൻ സ്വയം സമർപ്പിച്ചവർ മുമ്പോട്ടുവരിക." അതുകേട്ട് റോസ് കിടക്കവിട്ടെണീറ്റതും ചായയ്ക്കുള്ള മണിമുഴങ്ങിയതും ഒപ്പമായിരുന്നു.

"അതു തികച്ചും അപ്രായോഗികമാണ് എന്റെ അഭിപ്രായത്തിൽ." മി. സ്റ്റെർലിംഗ് പെട്ടെന്നു പറഞ്ഞു.

"റെയ്മണ്ടിലെ സഭ ഇതു മറ്റു സഭകളിലേക്കും വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണെന്നാണ് ഞാൻ റേച്ചലിന്റെ കത്തിൽ നിന്നും മനസ്സിലാക്കുന്നത്. അതു വിജയിച്ചാൽ വ്യക്തികളുടെയും സഭകളുടെയും ജീവിതത്തിൽ വലിയ വ്യതിയാനമുണ്ടാകും." ഫെലീഷ്യാ പറഞ്ഞു.

"ആകട്ടെ, നമുക്ക് ആദ്യം ചായ കുടിക്കാം." റോസ് ഭക്ഷണമുറിയിലേക്കു നടന്നു. പിന്നാലെ പിതാവും

ഫെലീഷ്യയും. തികഞ്ഞ നിശ്ശബ്ദതയിലായിരുന്നു ചായസമയം കടന്നുപോയത്. ശ്രീമതി സ്റ്റെർലിംഗിനുള്ള ചായയും പലഹാരവും കിടപ്പുമുറിയിൽത്തന്നെയായിരുന്നു നൽകിയിരുന്നത്. മി.സ്റ്റെർലിംഗ് പെട്ടെന്നു ചായ കുടിച്ചെന്നുവരുത്തി എണീറ്റു പോയി. ശനിയാഴ്ച സായാഹ്നമായിരുന്നെങ്കിലും എന്തോ അത്യാവശ്യകാര്യങ്ങൾക്കു പട്ടണത്തിലേക്കു പോകുന്നു എന്നറിയിച്ച് അദ്ദേഹം പുറത്തേക്കു പോയി.

"പിതാവ് വളരെ അസ്വസ്ഥനായിരുന്നതു പോലെ. നീ അതു ശ്രദ്ധിച്ചോ?" ഫെലീഷ്യാ ചോദിച്ചു.

"എനിക്കറിഞ്ഞുകൂടാ. ഞാനതൊന്നും കണ്ടില്ല. നീ രാത്രി നാടകത്തിനു പോകുന്നോ? ഏഴരയ്ക്കു ശ്രീമതി ഡെലാനോ വരും. നീ പോകണം. ഇല്ലെങ്കിൽ അവർക്ക് പ്രയാസമുണ്ടാകും".

"എനിക്കതൊന്നും പ്രശ്നമല്ല. ഞാൻ പോകുന്നില്ല. നാടകം കാണാതെ തന്നെ എനിക്കു ധാരാളം നിഴലാട്ടങ്ങളെ കാണാൻ കഴിയുന്നുണ്ട്."

"ഒരു പത്തൊൻപതുകാരിക്കു ചേരാത്ത തികച്ചും പരിതാപകരമായ മറുപടിതന്നെ. നിന്റെ പെരുമാറ്റം വിചിത്രം തന്നെയാണു ഫെലീഷ്യാ. ആകട്ടെ, നീ അമ്മയെ കാണാൻ പോവുകയാണെങ്കിൽ ഞാൻ രാത്രിയിൽ വരുംവരെ അമ്മ ഉറങ്ങിയിട്ടില്ലെങ്കിൽ ഞാൻ വന്ന് അമ്മയെ കണ്ടോളാമെന്നു പറഞ്ഞേക്കൂ."

ഫെലിഷ്യാ അമ്മയുടെ മുറിയിലേക്കു പോയി. ശ്രീമതി സ്റ്റെർലിംഗ് തന്റെ ഭർത്താവിനെക്കുറിച്ച് ചിന്താധീനയായിരുന്നു. അവർ വാതോരാതെ സംസാരിക്കയും ഫെലീഷ്യായുടെ അഭിപ്രായങ്ങളിൽ നീരസം പ്രകടിപ്പിക്കയും ചെയ്തു. റേച്ചലിന്റെ കത്തിലെ ഒരു വരിയെങ്കിലും ഫെലീഷ്യാ വായിക്കുന്നതു കേൾക്കാൻ അവർ വിസമ്മതിച്ചു. രാത്രി ഫെലീഷ്യാ തന്നോടൊപ്പം കിടക്കാമെന്നുള്ള നിർദ്ദേശത്തെ അവർ നിശിതമായ വാക്കുകൾ കൊണ്ടു നിരസിക്കുകയും ചെയ്തു. (തുടരും)

## എഡിറ്റോറിയൽ തുടർച്ച *പേജ് 4 ൽ നിന്ന്*

ആദ്യമായി ഇറങ്ങി വരുന്നു! തീർച്ചയായും ദൈവം നിസ്സഹായരുടെ പക്ഷത്താണ്.

അവകാശങ്ങൾക്കുവേണ്ടി ജഡരക്തങ്ങളോടു പോരാടരുതെന്നും വിട്ടുകൊടുക്കണമെന്നും നഷ്ടപ്പെടുന്ന പക്ഷത്തു നില്ക്കണമെന്നും താഴ്മയിൽ ആയിരക്കണമെന്നും നുറുക്കത്തെ വിലമതിക്കണമെന്നും സഹനത്തിന്റെ പാതയിൽ യേശുവിനെ പിൻതുടരണമെന്നും ക്രൂശിനെ ആലിംഗനം ചെയ്യണമെന്നും എല്ലാം നാം പറയുന്നത് എന്തിനാണ്? ദൈവത്തിന്റെ പക്ഷത്ത് നാം എപ്പോഴും ആയിരിക്കാൻ വേണ്ടിയാണത്.

ഇന്നത്തെ ലോകത്തിന്റെ കാഴ്ചപ്പാടിനു നേരേ എതിരല്ലേ ഇത്? അതുകൊണ്ടുതന്നെ ഈ പാത ലോകത്തിന് (അതിന് ക്രിസ്തീയതയുടെ പേരുണ്ടെങ്കിൽപോലും) തികഞ്ഞ ഭോഷത്തമായി തോന്നും.

"ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു" (1 കൊരി.1:27).

"ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു." (1 കൊരി. 1:18).



*ക്രിസ്തീയലോകത്തെ വാർത്തകൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ...*

# ലാദനെ പിടിക്കാൻ ശ്രമമില്ല:മുഷറഫ്

ലണ്ടൻ: ഉസാമബിൻ ലാദൻ, സവാഹിരി എന്നിവരെ പിടിക്കാൻ ഇപ്പോൾ പാക്ക്സേന പ്രത്യേക ശ്രമമൊന്നും നടത്തുന്നില്ലെന്ന് പാരീസിലെ ഫ്രെഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ റിലേഷൻസിൽ നടത്തിയ പ്രസംഗത്തിൽ മുഷറഫ് വ്യക്തമാക്കി. താലിബാൻ ഭീകരരെ നേരിടുന്നതിനാണ് പാക്ക് സൈനികർ ഇപ്പോൾ മുൻഗണന നൽകുന്നത്. കൂട്ടത്തിൽ ബിൻലാദനെയോ, സവാഹിരിയെയോ കിട്ടിയാൽ പിടികൂടുമെന്നു മാത്രം-മുഷറഫ് പറഞ്ഞു. ഭീകരവിരുദ്ധയുദ്ധത്തിന് പാക്കിസ്ഥാൻ ഒരു ലക്ഷത്തോളം സൈനികരെയാണു നിയോഗിച്ചിട്ടുള്ളതെന്നും അദ്ദേഹം വെളിപ്പെടുത്തി.

## ഗാസ:യിസ്രായേലും മിസ്രയീമും ഇടയുന്നു

ടെൽ അവീവ്: യിസ്രായേലും മിസ്രായീമും വീണ്ടും കൊമ്പുകോർക്കുന്നു. ഗാസാപ്രദേശത്തെ പലസ്തീൻകാരെ തങ്ങളുടെ രാജ്യത്തേക്കു കുടിയേറാൻ ഈജിപ്റ്റ് (ബൈബിളിലെ പഴയ മിസ്രയീം) അനുവദിക്കുന്നതാണ് യിസ്രായേൽ-ഈജിപ്റ്റ് ബന്ധത്തെ ഇപ്പോൾ ഉലച്ചിരിക്കുന്നത്.

യിസ്രായേലിന്റെ കൈവശം ഉണ്ടായിരുന്ന ഗാസാപ്രദേശം പലസ്തീൻകാർക്കു വിട്ടുകൊടുത്ത് 2005 ൽ യിസ്രായേൽ അവിടെനിന്നു പിന്മാറിയിരുന്നു. എങ്കിലും അവിടേക്കുള്ള വൈദ്യുതിയും വെള്ളവും ഔഷധങ്ങളുമെല്ലാം യിസ്രായേലായിരുന്നു നൽകിക്കൊണ്ടിരുന്നത്. ഇതിനിടെ ഗാസാ - ഈജിപ്റ്റ് അതിർത്തിയിലെ റാഫാ ക്രോസിംഗിലൂടെ ഒരു ലക്ഷം പലസ്തീൻകാരെ തങ്ങളുടെ നാട്ടിലേക്കു വരാൻ ഈജിപ്റ്റ് അനുവദിച്ചതാണ് ഇപ്പോൾ യിസ്രായേലിനെ ചൊടിപ്പിച്ചിരിക്കുന്നത്. "ഗാസായുടെ മറുവശം ഈജിപ്റ്റിലേക്കു തുറക്കുന്നതുകൊണ്ട് ഇനി ഗാസായുടെ കാര്യത്തിൽ ഞങ്ങൾക്ക് ഉത്തരവാദിത്വമില്ല. അവിടേക്കു വേണ്ട വെള്ളവും മരുന്നും വൈദ്യുതിയും 'മറ്റുസ്ഥലത്തു' നിന്ന് ഇനി എത്തിച്ചോട്ടേ ". യിസ്രായേൽ പ്രതിരോധസഹമന്ത്രി മദൻ വിൽനേ പ്രസ്താവിച്ചു. എന്നാൽ ഗാസ-ഈജിപ്റ്റ് അതിർത്തിയിലെ നടപടികൾ സംബന്ധിച്ച് അഭിപ്രായം പറയാൻ യിസ്രായേലിന് ഒരവകാശവും ഇല്ലെന്ന് ഗാസയെ ഇപ്പോൾ നിയന്ത്രിക്കുന്ന പലസ്തീനിയൻ ഹമാസ് ഗ്രൂപ്പിന്റെ വക്താവ് അഭിപ്രായപ്പെട്ടു.

## പ്രാർത്ഥനയിലെ പരമാർത്ഥത *പേജ് 36 ൽ നിന്ന്*

മനുഷ്യർ എന്തുചെയ്യും അയൽക്കാർ എന്തുചിന്തിക്കും എന്നെല്ലാമാണു ഞാൻ പേടിക്കുന്നതെങ്കിൽ ശക്തി നിനക്കുള്ളതല്ലോ എന്നു പറയുവാൻ എനിക്കു കഴിയുകയില്ല.

സ്വന്തം മഹത്വമാണ് എന്റെ അന്വേഷണമെങ്കിൽ മഹത്വം നിനക്കുള്ളതല്ലോ എന്നെങ്ങനെ പറയുവാൻ കഴിയും?

സമയബന്ധിതമായ കാര്യങ്ങളിൽ ഒതുങ്ങി നില്ക്കുന്ന ചക്രവാളമാണ് എനിക്കുള്ളതെങ്കിൽ എന്നേക്കും എന്നു പറയുവാൻ എനിക്കു സാധ്യമല്ല.

ദൈവമേ, എന്നെ പരിശോധിച്ച് എന്റെ ഹൃദയത്തെ അറിയണമേ. എന്നെ പരീക്ഷിച്ച് എന്റെ വിചാരങ്ങൾ മനസ്സിലാക്കണമേ. വിനാശത്തിന്റെ മാർഗ്ഗത്തിലാണോ ഞാൻ ചരിക്കുന്നതെന്നു നോക്കണമേ. ശാശ്വതമാർഗ്ഗത്തിലൂടെ എന്നെ നയിക്കണമേ (സങ്കീ.139:23,24)